# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2016 വാല്യം 43 ലക്കം 7 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 16 വില 5.00 രൂപ




**2016 നവംബർ 7 - 2017 നവംബർ 17**

# മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി സമുചിതം ആചരിക്കുക

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷിന്റെ അഭ്യർത്ഥന

സമാനതകളില്ലാത്ത്ര പ്രാധാന്യമുള്ള ഒരു ചരിത്രസന്ദർഭം സമാഗതമായിരിക്കുകയാണ്. വിജയം വരിച്ച ആദ്യത്തെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദിയാണത്. 1917 നവംബർ 7-ന് റഷ്യയിൽ നടന്ന നവംബർ വിപ്ലവം മനുഷ്യചരിത്രത്തിൽ തിളക്കമുറ്റ ഒരു പുത്തൻ അദ്ധ്യായം എഴുതിച്ചേർക്കുകയുണ്ടായി. യുഗനിർണ്ണായകമായ ആ വിപ്ലവം റഷ്യയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിച്ചു. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു സമൂഹം, സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ ആദർശങ്ങൾ യഥാർത്ഥത്തിൽ സാക്ഷാത്കൃതമാകുന്ന ഒരു സമൂഹം, ഈ ഭൂമുഖത്ത് സ്ഥാപിക്കാൻ കഴിയുമെന്ന് ലോകം മുഴുവനുമുള്ള അദ്ധ്വാനിക്കുന്ന ജനതയ്ക്ക് കാണാനും അനുഭവിക്കാനും സാധ്യമാക്കി. അങ്ങനെ മാനവ സംസ്കൃതിയിൽ ഒരു പുതിയ യുഗത്തിന് പിറവി കുറിച്ചു.

മാർക്സ് പഠിപ്പിച്ചു: മുതലാളിത്തവ്യവസ്ഥിതിക്ക് അതിന്റെ തന്നെ അപരിഹാര്യമായ വൈരുദ്ധ്യം മൂലം അന്ത്യമുണ്ടാകും. തുടർന്ന് സമൂഹം തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള കൂടുതൽ ഉയർന്ന ഒരു ഘട്ടത്തിലേയ്ക്ക് പ്രവേശിക്കും. സോഷ്യലിസം സ്ഥാപിതമാകും. നവംബർവിപ്ലവം ആ ചരിത്രപ്രധാനമായ പാഠം ശരിയാണെന്ന് തെളിയിച്ചു. മാർക്സ് പ്രവചിച്ചു: തൊഴിലാളിവർഗ്ഗത്തിന് ലോകത്തെ മാറ്റാൻ സാധിക്കും. പക്ഷെ, അതിന് ആദ്യം അവർ സ്വയം മാറേണ്ടതുണ്ട്. വർഗ്ഗബോധമുള്ള തൊഴിലാളിവർഗ്ഗം വിപ്ലവപ്പാർട്ടിയുടെ നേതൃത്വത്തിൽ അണിനിരന്നുകഴിയുമ്പോൾ അതൊരു അജയ്യമായ ശക്തിയായി മാറും. ചരിത്രം അത് തെളിയിച്ചു. നവംബർവിപ്ലവം, മാർക്സിന്റെയും എംഗൽസിന്റെയും അർഹനായ പിൻഗാമിയും നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശില്പിയുമായ ലെനിന്റെ പാഠങ്ങളെ സ്ഥിരീകരിച്ചു. മാർക്സിസം വരട്ടുതത്ത്വവാദമല്ലെന്നും, മറിച്ച് മൂർത്ത സാഹചര്യത്തിലെ മൂർത്തമായ പ്രയോഗമാണതെന്നും അദ്ദേഹം ശരിയായി മനസ്സിലാക്കി.

അങ്ങനെ മാർക്സിസത്തെ സൃഷ്ടിപരമായി പ്രയോഗവൽക്കരിച്ചതിലൂടെയാണ് അദ്ദേഹം റഷ്യയിൽ വിപ്ലവം സാക്ഷാത്കരിച്ചത്. വിപ്ലവത്തെത്തുടർന്ന് റഷ്യ ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, രോഗാതുരത, വിദ്യാവിഹീനത, ഭിക്ഷാടനം, വ്യഭിചാരം തുടങ്ങി മുമ്പ് ആ രാജ്യത്തെ അലട്ടിയിരുന്ന എല്ലാ വ്യാധികളും നിർമ്മാർജ്ജനം ചെയ്തു. അതുകണ്ട് റൊമെയ്ൻ റോളണ്ട്, ബർണാർഡ് ഷാ, ആൽബർട്ട് ഐൻസ്റ്റൈൻ, രവീന്ദ്രനാഥ് ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, ക്വാസി നസ്രുൾ ഇസ്ലാം, മുൻഷി പ്രേംചന്ദ്, സുബ്രഹ്മണ്യഭാരതിയാർ, സത്യേന്ദ്രനാഥ് ബോസ്, മേഘനാഥ് സാഹ, നേതാജി സുഭാഷ് ചന്ദ്രബോസ്, ഭഗത്സിംഗ് എന്നിങ്ങനെ ആ കാലഘട്ടത്തിലെ അതികായന്മാരായ വ്യക്തിത്വങ്ങളെല്ലാം വിപ്ലവത്തെ വാഴ്ത്തി. ചിലർ സോവിയറ്റ് യൂണിയനെ ഭൂമിയിലെ സ്വർഗ്ഗം എന്ന് പോലും വിശേഷിപ്പിച്ചു. ലെനിന്റെ നിര്യാണത്തിന് ശേഷം, അദ്ദേഹത്തിന്റെ അർഹനായ ശിഷ്യൻ മഹാനായ സ്റ്റാലിൻ ജനങ്ങൾക്ക് പ്രചോദനവും നേതൃത്വവും നൽകി സോവിയറ്റ് യൂണിയനെ ഒരു കരുത്തുറ്റ രാഷ്ട്രമായി കെട്ടിപ്പടുത്തു. അദ്ദേഹം യുഎസ്എസ്ആറിനെ സാർവ്വദേശീയ തൊഴിലാളിവർഗ്ഗ വിപ്ലവപ്പോരാട്ടങ്ങളുടെ യും കോളനികളുടെ സാമ്രാജ്യത്വവിരുദ്ധ ദേശീയ വിമോചനസമരങ്ങളുടെയും ലോക

(ശേഷം 3-ാം പേജിൽ)

## പട്ടിണി വർദ്ധിപ്പിക്കുന്ന ഭക്ഷ്യഭദ്രതാനിയമം

# കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് അട്ടിമറിക്കുന്നു

സാധാരണ ജനങ്ങൾക്കും ദരിദ്രജനവിഭാഗങ്ങൾക്കും ഒരളവുവരെ ആശ്വാസമായിരുന്ന റേഷൻ സമ്പ്രദായം വൻതകർച്ചയെ നേരിടുകയാണിന്ന്. കേന്ദ്രസർക്കാർ 2013 ൽ പാസ്സാക്കിയ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചത് മുതലാണ് പ്രതിസന്ധി രൂക്ഷമായത്. റേഷൻകാർഡ് പുതുക്കുന്നതിന്റെ മറയിൽ മഹാഭൂരിപക്ഷത്തെയും ഒഴിവാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നതിനാൽ, പുറത്താക്കപ്പെട്ട ദരിദ്രജനലക്ഷങ്ങൾ റേഷൻ കാർഡിലെ തെറ്റുകളും മുൻഗണനാ പട്ടികയിലെ പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ച് സംസ്ഥാനത്തെ റേഷനിംഗ് ഓഫീസുകളിൽ ക്യൂ നിൽക്കുന്ന വേദനാകരമായ ചിത്രമാണ് സംസ്ഥാനത്തെവിടെയും കാണാനുള്ളത്. ആദ്യത്തെ ആഴ്ചമാത്രം രണ്ടരലക്ഷം ആളുകളാണ് പരാതികൾ നൽകാൻ മുന്നോട്ട് വന്ന് ക്യൂവിൽ അണിനിരന്നത്. അവരിൽ കുറേയേറെപ്പേർ ബോധംകെട്ടുവീഴുകയുണ്ടായി.ആകെ പരാതികളുടെ എണ്ണം ഏഴ് ലക്ഷമായി ഉയർന്നിരിക്കുന്നു.

ദരിദ്രർ,റേഷൻ ആനുകൂല്യം ലഭിക്കാൻ അർഹരാണെന്ന് ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തണം. അതിനായി, വരുമാനസർട്ടിഫിക്കറ്റ്, ജാതിസർട്ടിഫിക്കറ്റ് താമസിക്കുന്നവീടിന്റെ രേഖകൾ അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ തുടങ്ങിയ നിരവധി രേഖകൾ ഹാജരാക്കണം. അതുകൊണ്ടും ബോധ്യംവരാതെ വന്നാൽ ഫോൺ, വൈദ്യുതി, ബാങ്ക് അക്കൗണ്ട് എന്നിങ്ങനെ സകലമാന വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തിയാൽ മാത്രമേ റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്ന മുൻഗണനാപട്ടികയിൽ സ്ഥാനം ലഭിക്കൂ. ഒരേക്കർ വരെ ഭൂമി, ആയിരം ചതുരശ്രയടി വീട്, നാല്ചക്രവാഹനമുള്ളവർ, എന്തെങ്കിലും വരുമാനമുള്ള ജോലി എന്നിവയൊക്കെ റേഷൻ ആനുകൂല്യം നിഷേധിക്കപ്പെടാൻ കാരണമാകും. എന്തായാലും കേരളത്തിൽ ഇതിനകം 2.85 കോടി ജനങ്ങൾക്കാണ് റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതെങ്കിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതോടുകൂടി 1.54 കോടി ആളുകൾക്ക് മാത്രമേ ലഭിക്കൂ. ആകെയുള്ള 3.37 കോടി ജനങ്ങളിൽ 1.83 കോടി ജനങ്ങളാണ് ഒറ്റയടിക്ക് റേഷൻ അവകാശങ്ങളിൽ നിന്ന് പുറത്താകാൻ പോകുന്നത്.

രോഗികൾ, വികലാംഗർ, ദാരിദ്ര്യരേഖക്ക് താഴെകഴിയുന്നവർ, തൊട്ടടുത്ത് കുടിവെള്ളം ലഭ്യമല്ലാത്തവർ,അന്ത്യോദയ കാർഡുടമകൾ എന്നിവർക്കാണ് പുതുക്കുന്ന റേഷൻ കാർഡുകളിൽ മുൻഗണന ലഭിക്കുക. എന്നാൽ മുൻഗണനാ പട്ടിക തയ്യാറാക്കിയപ്പോൾ യഥാർത്ഥത്തിൽ പുറത്തായത് മേൽപ്പറഞ്ഞ ജനവിഭാഗങ്ങളാണ്. രേഖകൾ ഹാജരാക്കാനും ക്യൂവിൽ നിൽക്കാനും കഴിയാത്ത ലക്ഷക്കണക്കിന് ആളുകൾ വേറെയുമുണ്ട്. അവരുടെയെല്ലാം അന്നം മുട്ടിക്കുന്ന ഒരു റേഷൻ നയമാണ് കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. സംസ്ഥാന ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പി. തിലോത്തമനാകട്ടെ, നവംബർ മാസം മുതൽ തന്നെ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമെന്നും കഴിഞ്ഞ യുഡിഎഫ് സർക്കാർ ഈ നിയമം നടപ്പാക്കുന്നത് മൂന്ന് വർഷത്തേക്ക് വൈകിപ്പിച്ചുവെന്നുമാണ് ആരോപിക്കുന്നത്. ഫലത്തിൽ മൂന്ന് കൂട്ടരും ഒത്തൊരുമിച്ചാണ് കേരളത്തിൽ കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകാലമായി നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അവസാനിപ്പിക്കാൻ മത്സരിക്കുന്നത്.

### സമ്പൂർണ്ണ അരക്ഷിതാവസ്ഥ സൃഷ്ടിച്ച ഭക്ഷ്യസുരക്ഷാ നിയമം

വളരെ കൊട്ടിഘോഷിച്ചുകൊണ്ടാണ് കഴിഞ്ഞ യുപിഎ സർക്കാർ ദേശീയ ഭക്ഷ്യസുരക്ഷാനിയമം എന്ന പേരിൽ ഒരു നിയമം പാർലമെന്റിൽ പാസ്സാക്കുന്നത്. ആ നിയമത്തിന്റെ ഏറ്റവും വലിയ സവിശേഷത രാജ്യത്തെ എല്ലാ പൗരന്മാർക്കും ഭക്ഷ്യസുരക്ഷ നൽകില്ലായെന്നതാണ്. ജനങ്ങളെ എപിഎൽ-ബിപിഎൽ എന്നിങ്ങനെ തരംതിരിച്ച് ഭൂരിപക്ഷം ആളുകളെയും എപിഎൽ എന്ന ഗണത്തിൽപ്പെടുത്തി ആ വിഭാഗത്തിന് പൂർണ്ണമായി റേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നതാണ് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന്. ഒപ്പം ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന വലിയൊരു വിഭാഗത്തെ കാലാകാലങ്ങളിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി ദാരിദ്ര്യരേഖക്ക് മുകളിൽ ആണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതുവഴി അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നു. മൂന്ന് രൂപക്ക് അഞ്ചുകിലോ വീതം അരിയും രണ്ട് രൂപക്ക് ഗോതമ്പുമാണ് പ്രതിമാസം നൽകുന്ന റേഷൻ. പഞ്ചസാരയും മണ്ണെണ്ണയുമെല്ലാം വർഷങ്ങൾക്ക് മുമ്പേ ഭൂരിപക്ഷംപേർക്കും നിർത്തലാക്കിക്കഴിഞ്ഞിരുന്നു. വിപണിയിലെ ഏറ്റവും മോശം നിലവാരത്തിലുള്ള അരിയും ഗോതമ്പുമാണ് മുൻഗണനാ വിഭാഗക്കാർക്ക് വിതരണം ചെയ്യുന്നത്.അതുപോലും പരമാവധി പേർക്ക് നിഷേധിക്കാനാണ് ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവന്നത്. റേഷൻ കടകളിൽ നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിന്റെ (PDS) സ്ഥാനത്ത് TPDS അഥവാ ലക്ഷ്യവേധിയായ പൊതുവിതരണം

(ശേഷം 2-ാം പേജിൽ)


| പേജ് | ഉള്ളടക്കം |
|---|---|
| 3 | എഐഡിവൈഒ അഖിലേന്ത്യാ സമ്മേളനം |
| 4 | സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം |
| 8 | എഐഡിഎസ്ഒ സംസ്ഥാന വിദ്യാർത്ഥി സമ്മേളനം |
| 9 | വിദ്യാഭ്യാസ അവകാശദിനാചരണം |
| 10 | പിണറായി സർക്കാരിന്റെ ഭരണം |
| 11 | ശമനമില്ലാത്ത ദളിത് പീഡനം: കാരണവും പരിഹാരവും |
| 15 | അന്തർ സംസ്ഥാന നദീജല തർക്കം |
| 16 | എംഎസ്സി അഖിലേന്ത്യാ സമ്മേളനം<br>എഐകെകെഎംഎസ് അഖിലേന്ത്യാ സമ്മേളനം |

# നിയമാനുസൃത റേഷനിംഗ് സമ്പ്രദായത്തെ ശക്തിപ്പെടുത്താനാണ് സംസ്ഥാനസർക്കാർ ശ്രമിക്കേണ്ടത്

(1-ാം പേജിൽ നിന്ന്)

ഏർപ്പെടുത്തിയത് ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി വെട്ടിക്കുറക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. റേഷൻ എല്ലാവർക്കുമുള്ളതല്ല; അത് 'ടാർഗറ്റഡ്' വിഭാഗങ്ങൾക്ക് മാത്രമുള്ളതാണ് എന്നാണ് നിയമം പ്രഖ്യാപിക്കുന്നത്. ഏതെങ്കിലും അളവിൽ വരുമാനമുള്ളവർ പൊതുവിപണിയെ ആശ്രയിക്കണമെന്നാണ് ഭദ്രതാനിയമം അതുവഴി ആവശ്യപ്പെടുന്നത്. ഒരു ഗതിയും പരഗതിയുമില്ലാത്തവർക്കുമാത്രമായി, ഭക്ഷ്യധാന്യങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നത് പരിമിതപ്പെടുത്തുക, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് അവസാനിപ്പിക്കുക എന്നിവയാണ് നിയമം ലക്ഷ്യമിടുന്നത്.

അങ്ങനെ, പരമാവധി പേരെ പുറത്താക്കാൻ ലക്ഷ്യമിട്ട് ദേശീയ ആസൂത്രണ കമ്മിഷൻ നടത്തിയ സർവ്വേകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ 52 ശതമാനം ഗ്രാമീണർക്കും 39 ശതമാനം നഗരവാസികൾക്കും മാത്രം റേഷൻ ആനുകൂല്യങ്ങൾ നൽകിയാൽ മതി എന്ന തീരുമാനമായത്. അതിനായി, 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമേ കേന്ദ്രം സംസ്ഥാനത്തിന് നൽകൂ. മറ്റ് ജനവിഭാഗങ്ങൾക്ക് റേഷൻ ലഭിക്കില്ലായെന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു.

ദേശീയതലത്തിലെ കണക്കുകൾ പരിശോധിച്ചാൽ 80 കോടിയിലേറെ ആളുകൾ ആസൂത്രണകമ്മിഷന്റെ കണക്ക് പ്രകാരം എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരാണ്. അവർ റേഷൻ ആനുകൂല്യങ്ങൾക്ക് അർഹരല്ലായെന്ന് സാരം. അവരുടെ ഭക്ഷ്യസുരക്ഷ ആരാണ് ഉറപ്പാക്കുക? ആ എൺപത് കോടിയിൽ അതിസമ്പന്നരോ സമ്പന്നരോ ആയ എത്ര ശതമാനം ആളുകൾ വരും? പത്ത് കോടി ജനങ്ങൾക്ക് പൊതുവിപണിയെ ആശ്രയിക്കാൻ സാമ്പത്തിക സ്ഥിതിയുണ്ടെന്ന് സങ്കല്പിച്ചാൽ പോലും ബാക്കി 70 കോടി ജനങ്ങളെ എപിഎൽ മുദ്രചാർത്തി ഓപ്പൺ മാർക്കറ്റിലേക്ക് തള്ളുന്നതിന് എന്ത് ന്യായീകരണമാണുള്ളത്? രാജ്യത്തെ എല്ലാ പൗരന്മാർക്കും ഭക്ഷണമെങ്കിലും ഉറപ്പാക്കാൻ ബാധ്യതപ്പെട്ട ഭരണകൂടം എത്ര ക്രൂരമായ വിവേചനമാണ് കാട്ടുന്നത്.

**ദരിദ്രരെ ഉന്മൂലനം ചെയ്യുന്ന നിയമം**

അർഹരായ റേഷൻകാർഡുടമകളുടെ എണ്ണം കുറയ്ക്കുവാൻ ഓരോ അഞ്ചുവർഷം കൂടുമ്പോഴും കാർഡ് പുതുക്കണമെന്ന് നിയമം അനുശാസിക്കുന്നു. ആ പുറന്തള്ളൽ പ്രക്രിയ ഇനിയങ്ങോട്ട് അനുസ്യൂതം നടക്കും. കേന്ദ്രസർക്കാരിന് മാത്രമേ ബിപിഎൽ അന്തിമലിസ്റ്റ് തയ്യാറാക്കാൻ അധികാരമുണ്ടായിരിക്കൂവെന്നാണ് നിയമം വ്യക്തമാക്കുന്നത്.

അങ്ങനെ ഓരോ അഞ്ചുവർഷം കൂടുമ്പോഴും കാർഡ് പുതുക്കുന്നുവെന്ന പേരിൽ ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവരെ രേഖക്ക് മുകളിലേക്ക് ഉയർത്തി റേഷൻ ആനുകൂല്യങ്ങളിൽ നിന്ന് പുറത്താക്കും.

അതോടൊപ്പം ആനുകൂല്യാവർത്തനങ്ങൾ ഒഴിവാക്കാൻ വ്യത്യസ്ത സാമൂഹിക ക്ഷേമ സ്കീമുകളിലായി നിൽകി വന്നിരുന്ന ഭക്ഷ്യധാന്യ സബ്സിഡികൾ നിർത്തലാക്കാനും നിയമം നിർദ്ദേശിക്കുന്നു. അന്നപൂർണ്ണ, വില്ലേജ് ധാന്യ ബാങ്ക് സ്കീം, സാമൂഹിക ക്ഷേമ സ്ഥാപനങ്ങൾ, ശിശുക്ഷേമ സമിതികൾ, അനാഥാലയങ്ങൾ, ഹോസ്റ്റലുകൾ എന്നിവയ്ക്കൊക്കെ നൽകി വന്നിരുന്ന സൗജന്യ ഭക്ഷ്യധാന്യങ്ങളുടെ വിതരണവും നിയമം മൂലം നിർത്തിവെച്ചിരിക്കുന്നു. *അന്ത്യോദയ അന്നയോജന* പോലെ ദരിദ്രരിൽ ദരിദ്രരായ ആളുകൾക്ക് തലയൊന്നിന് 35 കിലോ വീതം ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിലും കുറവ് വരുത്തിക്കഴിഞ്ഞു. (ശക്തമായ പ്രതിഷേധത്തെത്തുടർന്ന് ഇത് പുനഃസ്ഥാപിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.)

അങ്ങനെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള മുതലക്കണ്ണീരോടെ ആരംഭിച്ച നിയമം അവശേഷിക്കുന്ന സുരക്ഷക്ക് കൂടി ഭീഷണി ഉയർത്തുകയാണ്. സാമൂഹിക ക്ഷേമത്തിന്റെ വിദൂരമായ അംശങ്ങളെപ്പോലും വെച്ചുപൊറുപ്പിക്കാതെ തുടച്ചുനീക്കുകയെന്നതാണ് ലക്ഷ്യം. ചുരുക്കത്തിൽ ഭക്ഷ്യഭദ്രതാനിയമം ദാരിദ്ര്യമല്ല നിർമ്മാർജ്ജനം ചെയ്യാൻ പോകുന്നത്, ദരിദ്രരെയാണ്.

**റേഷൻ നിഷേധം കേരളത്തിൽ പട്ടിണി മരണങ്ങൾ സൃഷ്ടിക്കും**

താരതമ്യേന മെച്ചപ്പെട്ട പൊതുവിതരണ സംവിധാനം നിലനിൽക്കുന്ന കേരളത്തിൽ ഇത് ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുവാൻ പോകുന്നത്. ഒരു വിഭാഗത്തെ മുൻഗണനാവിഭാഗമെന്ന് വിശേഷിപ്പിച്ച് അവരുടെ റേഷൻ കാർഡുകളിൽ NFSA മുദ്ര പതിച്ച് അവർക്ക് മാത്രമുള്ള റേഷനരിയും ഗോതമ്പും മാത്രം വിതരണം ചെയ്യും എന്ന കേന്ദ്രസർക്കാരിന്റെ നയം കേരളത്തിൽ നടപ്പാക്കാവുന്നതല്ല. അങ്ങേയറ്റം ജനവിരുദ്ധമാണ് ഭക്ഷ്യഭദ്രതാനിയമം എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും പ്രക്ഷോഭം നടത്താനുമാണ് ഇടതുമുന്നണി ശ്രമിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നിയമാനുസൃത റേഷനിംഗ് സമ്പ്രദായത്തെ ശക്തിപ്പെടുത്താനുമാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കേണ്ടത്. അതിനുപകരം കേരള ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ഇപ്പോൾ പറയുന്നു 'ഈ വർഷം റേഷൻ ആനുകൂല്യങ്ങളുടെ പട്ടികയിൽ നിന്ന് പുറത്താക്കപ്പെട്ടവരെ അടുത്ത വർഷത്തെ പട്ടികയിൽ ഉൾപ്പെടുത്താൻ ശ്രമിക്കാ'മെന്ന്.

യഥാർത്ഥത്തിൽ, പട്ടികയിൽ നിന്ന് നല്ലൊരുവിഭാഗത്തെ പുറത്താക്കാനായിട്ടാണ് താലൂക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കി വന്ന പട്ടിക നിർമ്മാണം സംസ്ഥാനാടിസ്ഥാനത്തിലേക്ക് മാറ്റിയത്. ഇന്നേവരെയുണ്ടായിട്ടില്ലാത്ത അത്രയും നിബന്ധനകളോടെയാണ് അപേക്ഷാഫോറം വിതരണം ചെയ്തിട്ടുള്ളത്. വീട്ടിലെ മുതിർന്ന സ്ത്രീയുടെ പേരിലേക്ക് കാർഡ് മാറിയതോടെ ഫോറം പൂരിപ്പിച്ചുകൊടുക്കാൻ രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ പ്രത്യേക ഹെൽപ്പ് ഡെസ്ക്കുകൾ വരെ സംഘടിപ്പിക്കേണ്ടിവന്നു. അതുകൂടാതെ ആവശ്യമായ തെളിവുകൾ സംഘടിപ്പിക്കാനും ഫോട്ടോ എടുക്കാനും മറ്റുമായി വൃദ്ധകൾ വരെ നെട്ടോട്ടമോടുകയാണ്. എന്നിട്ടും മനഃപൂർവ്വം തെറ്റുകൾ വരുത്തിയ കാർഡുകൾ സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. സർക്കാർ മാനദണ്ഡം അനുസരിച്ച് സൂക്ഷ്മദർശിനി വെച്ച് നോക്കിയിട്ടും യഥാർത്ഥ റേഷൻ അവകാശികൾ പട്ടികയിൽ ഉൾപ്പെടുന്നില്ല.അവർ പരാതി പറഞ്ഞു കുഴഞ്ഞു വീണുകൊണ്ടിരിക്കുന്നു.എത്ര വലിയ ദുര്യോഗമാണ് റേഷന്റെ പേരിൽ പാവപ്പെട്ട ജനങ്ങൾ അനുഭവിക്കേണ്ടിവരുന്നത്.

റേഷൻ സമ്പ്രദായം കേരളത്തിൽ ആരംഭിച്ചതിന് ശേഷം ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു പ്രതിസന്ധിയെ നേരിടുന്നത്. 1965 ലാണ് ഇന്ത്യയിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേരളത്തിൽ നിലവിൽ വന്നത്. 1966 ജൂലൈ 1 ന് കേരള റേഷനിംഗ് ഉത്തരവ് പുറത്തുവന്നതോടെ നിയമാനുസൃത റേഷൻ സമ്പ്രദായം കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ വിശപ്പിന് അറുതിവരുത്താനുള്ള ആദ്യചുവടുവെയ്പ്പായി മാറി. പൊതുവിതരണ സമ്പ്രദായത്തിന് തന്നെ അതൊരു മാതൃകയായിരുന്നു. അന്ന് എപിഎൽ, ബിപിഎൽ വിഭജനമില്ലായിരുന്നു. പിന്നീട് കേന്ദ്രസർക്കാർ എപിഎൽ -ബിപിഎൽ വിഭജനം കൊണ്ടുവന്നു. ഇത് ആക്രമണത്തിന്റെ തുടക്കമായിരുന്നു. പിന്നീട് പലപ്പോഴായി വിഹിതം വെട്ടിക്കുറച്ചു. കേരളജനതയുടെ ഭക്ഷ്യസുരക്ഷിതത്വത്തിന് കരുത്തേകി അഞ്ചുപതിറ്റാണ്ടുകാലം നിലനിന്ന നിയമാനുസൃത റേഷൻ സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കാനുള്ള ഏറ്റവും ആസൂത്രിതവും നിയമപരവുമായ ആക്രമണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

**കേന്ദ്രനിയമം കേരളത്തിൽ നടപ്പാക്കരുത്**

കേന്ദ്ര ഭക്ഷ്യഭദ്രതാനിയമം കേരളത്തിൽ നടപ്പാക്കാൻ ആരംഭിക്കുന്നതോടെ വർഷാവർഷം ഇരുപത് ശതമാനം പേരെ മുൻഗണനാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടിവരും. എപിഎൽ, ബിപിഎൽ പട്ടികയ്ക്ക് പകരമാണ് മുൻഗണനാ ലിസ്റ്റും മുൻഗണനേതര ലിസ്റ്റും തയ്യാറാക്കാൻ കേന്ദ്രം നിർദ്ദേശിച്ചത്. അതുപ്രകാരം സംസ്ഥാനത്തെ 52.63 ശതമാനം ഗ്രാമവാസികളും 39.5 ശതമാനം നഗരവാസികളുമാണ് മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇത് കേരളത്തിലെ ആകെ ജനസംഖ്യയുടെ 46.3 ശതമാനമാണ്. ബാക്കി 53.7 ശതമാനം ആളുകൾ ഔദ്യോഗിക കണക്കുകൾ പ്രകാരം തന്നെ പുറത്താണ്.

2010-11 ലെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നടന്ന സെൻസസ്പ്രകാരമാണ് ഈ പട്ടിക തയ്യാറാക്കപ്പെട്ടിരിക്കുന്നത്. അതിനെതിരെയാണ് ലക്ഷക്കണക്കിനാളുകൾ, സർക്കാർ ഭാഷയിൽ പറഞ്ഞാൽ, അർഹരായ ആളുകൾ പരാതികളുമായി മുന്നോട്ട് വന്നത്. അതുകൊണ്ട്, കേരളത്തിൽ റേഷൻ വാങ്ങി കഞ്ഞി കുടിക്കാൻ ശ്രമിക്കുന്ന മുഴുവൻ ആളുകൾക്കും റേഷൻ നൽകാൻ കഴിയുന്ന നിയമമാണ് നമുക്ക് വേണ്ടത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനത്തെ അതേപടി നിലനിർത്തി കേരളജനതക്ക് അരിയും ഗോതമ്പും പഞ്ചസാരയും പയർവർഗ്ഗങ്ങളും വെളിച്ചെണ്ണയും ന്യായവിലക്ക് വിതരണം ചെയ്യാനുള്ള ഒരു സംവിധാനമൊരുക്കാൻ സംസ്ഥാനസർക്കാരിന് ചുമതലയുണ്ട്. അത് നിർവ്വഹിക്കാൻ ഇടതുമുന്നണി സർക്കാർ തയ്യാറാവണം.

കേന്ദ്രനിയമത്തിലെ ജനവിരുദ്ധമായ നിർദ്ദേശങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കാൻ ഇടതുമുന്നണി മുന്നോട്ടുവരണം. കേന്ദ്രവിഹിതം കൊണ്ട് മാത്രം റേഷൻവിതരണം പൂർത്തീകരിക്കാനാവില്ലായെന്നതിനാൽ ബാക്കിയുള്ളവർക്കും അതേ നിരക്കിൽ റേഷനരി വിതരണം ചെയ്യാനുള്ള സബ്സിഡി സംസ്ഥാന സർക്കാർ നൽകണം. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ജനങ്ങളെ പുറത്താക്കാനുള്ള കുതന്ത്രങ്ങൾ പയറ്റുന്നത് സംസ്ഥാന സർക്കാർ അവസാനിപ്പിക്കണം. കൃഷിയെ ശക്തിപ്പെടുത്താനും ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കാനും ആവശ്യമായ വിധത്തിൽ കാർഷികനയം രൂപപ്പെടുത്താനും നടപടികൾ ഊർജ്ജിതമാക്കുകയും വേണം.

അതേപോലെ, മാതൃ-ശിശുക്ഷേമ പദ്ധതികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിനും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകുമെന്ന കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ച് കേന്ദ്രപൂളിൽ നിന്ന് വിഹിതം നേടിയെടുക്കുകയും വേണം.

ജനാനുകൂലമായ ഒരു സർക്കാർ പ്രഥമ പരിഗണന നൽകേണ്ട കാര്യങ്ങളാണിവ. കേരളത്തിൽ പട്ടിണി മരണങ്ങൾ സംഭവിക്കാതിരിക്കണമെങ്കിൽ ഭക്ഷ്യഭദ്രതാ നിയമമെന്ന ജനവിരുദ്ധ നിയമം അപ്പടി നടപ്പാക്കാൻ കേരള ഗവണ്മെന്റ് ശ്രമിക്കരുത്. ജനക്ഷേമകരമായ ഭക്ഷ്യനയം ആവിഷ്കരിക്കാനും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെ ശക്തിപ്പെടുത്താനും സർക്കാർ തയ്യാറായേ തീരൂ. ○

## ഭക്ഷ്യസുരക്ഷയുടെ മറവിൽ ജനങ്ങളുടെ അന്നം മുട്ടിക്കരുത്

**സം**സ്ഥാനത്ത് നടപ്പാക്കാൻ പോകുന്ന കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ മറയിൽ കേരളത്തിലെ മഹാഭൂരിപക്ഷം പേർക്കും സൗജന്യറേഷൻ നിഷേധിക്കുവാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ യോജിച്ച നീക്കം പാവപ്പെട്ടവരുടെ അന്നം മുട്ടിക്കുമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് പ്രസ്താവനയിൽ പറഞ്ഞു.

താരതമ്യേന മെച്ചപ്പെട്ട പൊതുവിതരണസമ്പ്രദായമുണ്ടായിരുന്ന സംസ്ഥാനമായിരുന്നു കേരളം. എന്നാൽ, റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യവിതരണം ഘട്ടം ഘട്ടമായി അട്ടിമറിക്കുന്ന നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് പൊതുവിതരണസമ്പ്രദായം പ്രതിസന്ധിയിലായത്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഭക്ഷ്യസുരക്ഷാ നിയമമാകട്ടെ, കേരളത്തിലെ 70 ശതമാനം ജനങ്ങൾക്കും സൗജന്യറേഷൻ നിഷേധിക്കുന്ന പദ്ധതിയാണ്.

ഭക്ഷ്യസുരക്ഷാ നിയമത്തെക്കാൾ മികച്ച പൊതുവിതരണസമ്പ്രദായമായിരുന്നു നമുക്കുണ്ടായിരുന്നത്. ആയതിനാൽ, ജനവിരുദ്ധമായ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുകയല്ല, കേരളത്തിലെ പൊതുവിതരണസമ്പ്രദായത്തെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്- സി.കെ.ലൂക്കോസ് പറഞ്ഞു.

കാർഡ് ഉടമകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കൽ പ്രഹസനം നടത്തുന്നത് ഭൂരിപക്ഷംപേരെയും റേഷൻ ആനുകൂല്യങ്ങളിൽ നിന്ന് പുറത്താക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്. ലക്ഷക്കണക്കിന് ദരിദ്രജനവിഭാഗങ്ങളെ മുൻഗണനാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയ പട്ടികയ്ക്കെതിരായി പരാതി നൽകാൻ ക്യൂവിൽ നിന്ന് ബോധരഹിതരാകേണ്ടി വരുന്ന സ്ഥിതിയിലാണ് ഭക്ഷ്യനിയമം കേരളത്തിലെ സാധാരണ ജനങ്ങളെ കൊണ്ടെത്തിച്ചതെന്നും അദ്ദേഹം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. ○




**എ**സ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 1 ന് ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടത്തിയ മാർച്ച് സംസ്ഥാന കമ്മിറ്റിയംഗം സഹാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന സമിതിയംഗം വർഗ്ഗീസ് എം. ജേക്കബ് അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗം ടി.മുരളി, എഐയുടിയുസി ജില്ലാ സെക്രട്ടറി പി.ആർ.സതീശൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എൻ.ആർ.അജയകുമാർ, എഐഡിഎസ്ഒ ജില്ലാ വൈസ് പ്രസിഡന്റ് ഗോവിന്ദ് ശശി എന്നിവർ പ്രസംഗിച്ചു. ○

# എഐഡിവൈഒ അഖിലേന്ത്യാ സമ്മേളനം

**ആ**ൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ)യുടെ രണ്ടാമത് അഖിലേന്ത്യാ സമ്മേളനം ഒക്ടോബർ 22 മുതൽ 24 വരെ പാറ്റ്നയിൽ നടന്നു. 22 ന് ആയിരക്കണക്കിന് യുവാക്കൾ പങ്കെടുത്ത പ്രകടനം സംഘടിപ്പിച്ചു. തുടർന്ന് ഭാരതീയ നാട്യകലാ മന്ദിരത്തിൽ നടന്ന പൊതുസമ്മേളനം പാറ്റ്ന ഹൈക്കോടതി മുൻ ജഡ്ജി മൃദുല മിശ്ര ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് മോഹിയുദ്ദീൻ മന്നൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സത്യവാൻ മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ ജനറൽ സെക്രട്ടറി സഖാവ് പ്രതിഭാ നായിക്ക്, വൈസ്പ്രസിഡന്റുമാരായ ദീപക് കുമാർ, രാമാഞ്ജനപ്പ തുടങ്ങിയവർ പ്രസംഗിച്ചു.




എഐഡിവൈഒ രണ്ടാം അഖിലേന്ത്യാ സമ്മേളനത്തിന്റെ സമാപനയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് മുഖ്യപ്രഭാഷണം നടത്തുന്നു. പൊളിറ്റ്ബ്യൂറോ അംഗം സഖാവ് രഞ്ജിത് ധർ സമീപം

പ്രതിനിധി സമ്മേളനം 23ന് ആരംഭിച്ചു. മുഖ്യ രാഷ്ട്രീയ പ്രമേയവും, ഭരണഘടനാ പ്രമേയവും നിരവധി സാമൂഹ്യ വിഷയങ്ങളെ മുൻ നിർത്തിയുള്ള പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു. സമാപന സമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രഭാഷണം നടത്തി. "സമൂഹത്തിൽ മൂന്ന് തരത്തിൽപ്പെടുന്ന യുവാക്കളുണ്ട്. മനുഷ്യ സംസ്കൃതി ആർജ്ജിച്ച നേട്ടങ്ങളെക്കുറിച്ച് യാതൊരു അറിവും നേടാനാകാതെ മൃഗീയവാസനകളോടെ ജീവിക്കുന്നവരാണ് ഒരുകൂട്ടം. മറ്റൊരു കൂട്ടർ മനുഷ്യസമൂഹം ഇതഃപര്യന്തം ആർജ്ജിച്ചെടുത്ത നേട്ടങ്ങളെ സ്വാർത്ഥപൂരണത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നവർ, മൂന്നാമത്തെ വിഭാഗം നിസ്വാർത്ഥമായി ജീവിച്ചു മറ്റ് മനുഷ്യർക്ക് നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ. സമൂഹത്തിൽ വിപ്ലവ പരിവർത്തനം നടത്തുവാൻ ആഗ്രഹിക്കുന്നവർ. ഈ വിഭാഗം യുവാക്കളെ സംഘടിപ്പിക്കുവാനുള്ള കടമയാണ് എഐഡിവൈഒ-യിൽ അർപ്പിതമായിരിക്കുന്നത്"-അദ്ദേഹം അഭിപ്രായപ്പെട്ടു. "മതദർശനങ്ങളിലൂടെ എല്ലാ ജീവിത പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിക്കും എന്ന പ്രചാരണം ഇന്ന് ആസൂത്രിതമായി നടക്കുന്നുണ്ട്. തൊഴിലില്ലായ്മയും സാംസ്ക്കാരിക അധഃപതനവും ഉൾപ്പെടെ മുതലാളിത്തം സൃഷ്ടിച്ചിട്ടുള്ള സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ മതദർശനങ്ങൾക്ക് സാധിക്കില്ല. അതിന് മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത് തന്നെ വേണം". സഖാവ് പ്രൊവാഷ് ഘോഷ് കൂട്ടിച്ചേർത്തു.




അഖിലേന്ത്യാ സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രകടനത്തിന് എഐഡിവൈഒ അഖിലേന്ത്യാ നേതാക്കൾ നേതൃത്വം നൽകുന്നു

23 സംസ്ഥാനങ്ങളിൽനിന്നായി ആയിരത്തി മുന്നൂറ് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സഖാക്കൾ രാമാഞ്ജനപ്പ പ്രസിഡന്റും പ്രതിഭാ നായിക് ജനറൽ സെക്രട്ടറിയുമായി 73 അംഗ അഖിലേന്ത്യാ കൗൺസിലിനെ സമ്മേളനം തെരഞ്ഞെടുത്തു. ○



പാറ്റ്നയിലെ നാട്യ കലാ മന്ദിരിൽ നടന്ന പ്രതിനിധി സമ്മേളനത്തിന്റെ സദസ്സ്

(1-ാം പേജിൽ നിന്ന്)

## ....നവംബർ വിപ്ലവ ശതാബ്ദി

സമാധാന പ്രസ്ഥാനത്തിന്റെയും നെടുങ്കോട്ടയാക്കി മാറ്റി. ഫാസിസ്റ്റ് ജർമ്മനിയും ഇറ്റലിയും സാമ്രാജ്യത്വജപ്പാനും ചേർന്ന് അഴിച്ചുവിട്ട രണ്ടാം ലോകയുദ്ധം മനുഷ്യരാശിയെയാകെ അപകടപ്പെടുത്തിയപ്പോൾ മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് ചെമ്പടഅക്രമികളെ പരാജയപ്പെടുത്തി; സ്റ്റാലിൻ മനുഷ്യരാശിയുടെ രക്ഷകൻ എന്ന് വാഴ്ത്തപ്പെട്ടു. അതിന്റെ ഫലമായി രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് ശക്തമായ ഒരു സോഷ്യലിസ്റ്റ് സമാധാന ചേരി ഉദയംചെയ്തു. ലോകത്തെവിടെയും യുദ്ധത്തിന് ശക്തമായ ഒരു കടിഞ്ഞാണായി അത് വർത്തിച്ചു. മാർക്സിസം-ലെനിനിസമെന്ന ശ്രേഷ്ഠമായ പ്രത്യയശാസ്ത്രത്തെ ശരിയായി പ്രയോഗത്തിൽവരുത്തിക്കൊണ്ട് നവംബർവിപ്ലവം സംഘടിപ്പിക്കുകയും, തുടർന്ന് ശക്തമായ സോഷ്യലിസ്റ്റ് സമൂഹങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്തതുകൊണ്ടാണ് അതെല്ലാം സാദ്ധ്യമായത്.

ഫാസിസ്റ്റ് സൈനികശക്തിയുടെ മേൽ സോവിയറ്റ് ചെമ്പട നേടിയ ഗംഭീരവിജയവും, ഏറ്റവും വികസിത രാജ്യമായ അമേരിക്കയെപ്പോലും ബഹുദൂരം പിന്നിലാക്കിക്കൊണ്ട് സോവിയറ്റ് സമൂഹം ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും കൈവരിച്ച പുരോഗതിയും ലോകത്തെ അത്ഭുതസ്തബ്ധമാക്കി. വിജയാഹ്ലാദത്തിന്റേതായ ആ അവസരത്തിലും, വിജയത്തിൽ മതിമറക്കരുതെന്നും, വിമർശന-സ്വയംവിമർശനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് പാർട്ടിയിലെ ബ്യൂറോക്രസിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരത്തിലേർപ്പെടണമെന്നും പാർട്ടിയംഗങ്ങളോട് ആവശ്യപ്പെടാൻ സ്റ്റാലിൻ മറന്നില്ല. പാർട്ടിയംഗങ്ങളുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും പ്രത്യയശാസ്ത്രനിലവാരം നിരന്തരം ഉയർത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ആ മേഖല അവഗണിക്കപ്പെട്ടാൽ ബൂർഷ്വാ പ്രത്യയശാസ്ത്രം കരുത്താർജ്ജിക്കുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വിദേശ സാമ്രാജ്യത്വരാജ്യങ്ങളുടെ സഹായത്തോടെ പ്രതിവിപ്ലവം സംഘടിപ്പിക്കാനുള്ള ഗൂഢാലോചന സോവിയറ്റ് യൂണിയനുള്ളിൽ നടക്കാനുള്ള സാദ്ധ്യതയ്ക്കെതിരെയും അദ്ദേഹം മുന്നറിയിപ്പുനൽകി. പക്ഷെ, തന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടുന്നതിന് മുമ്പ്, 1953-ൽ അദ്ദേഹം അന്തരിച്ചു.

മഹാനായ സ്റ്റാലിന്റെ നിര്യാണത്തെത്തുടർന്ന് പാർട്ടിയുടെയും ഭരണകൂടത്തിന്റെയും അധികാരം കൈയടക്കിയ ക്രൂഷ്ചേവിന്റെ വർഗ്ഗവഞ്ചകനേതൃത്വം ആ മഹത്തായ സമൂഹത്തെ ഉള്ളിൽ നിന്ന് ദുർബ്ബലപ്പെടുത്തുകയും, അത് ആത്യന്തികമായി 1990-കളിൽ നടന്ന പ്രതിവിപ്ലവത്തിലേയ്ക്കും യുഎസ്എസ്ആറിന്റെ തകർച്ചയിലേയ്ക്കും നയിക്കുകയും ചെയ്തുവെന്നത് ദുഃഖകരമാണ്. അതേ കാരണം കൊണ്ട് തന്നെ ഇതര മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും സോഷ്യലിസം തകർക്കപ്പെട്ടു. തൽഫലമായി, സാമ്രാജ്യത്വ ശക്തികളുടെ നേതൃത്വത്തിലുള്ള യുദ്ധചേരി കൂടുതൽ അക്രമോത്സുകമായിരിക്കുന്നു. അവർ ഇന്ന് ഫലത്തിൽ ലോകത്തെ എല്ലാ രാജ്യങ്ങളുടെയും സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനുമെതിരെ ഭീഷണിയുയർത്തുകയാണ്. മാർക്സിസം ശരിയായി പ്രയോഗത്തിൽ വരുത്തുന്നിടത്തോളംകാലം, വർഗ്ഗബോധമുള്ള തൊഴിലാളിവർഗ്ഗം അധൃഷ്യമായൊരു ശക്തിയാണ്. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ശക്തി. എന്നാൽ മാർക്സിസത്തിൽ നിന്നുള്ള വ്യതിചലനം പ്രതിവിപ്ലവത്തിലേയ്ക്കും, ചൂഷണപരമായ മുതലാളിത്തവ്യവസ്ഥിതിയുടെ പുനഃസ്ഥാപനത്തിലേയ്ക്കും നയിക്കുമെന്നുറപ്പാണ്. മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ്, ശിബ്ദാസ്ഘോഷ് എന്നീ മഹാന്മാരായ ആചാര്യന്മാരെല്ലാവരും ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യമാണത്. അത് എന്തുമാത്രം ശരിയാണെന്ന് ഈ അനുഭവങ്ങൾ ഒരിക്കൽക്കൂടി തെളിയിക്കുന്നു. അതുപോലെതന്നെ, ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ മദ്ധ്യത്തിൽ സഖാവ് ശിബ്ദാസ്ഘോഷ് ഒരു വസ്തുത ചൂണ്ടിക്കാട്ടി. അതായത്, സോവിയറ്റ് സോഷ്യലിസത്തിന്റെ അടിത്തറയിൽ നിന്ന് പൊതുവെ ബൂർഷ്വാസി നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെങ്കിലും, പ്രത്യയശാസ്ത്രപരമായും സാംസ്കാരികമായും കരുത്തുറ്റ ഒരു ശക്തിയായി ഉപരിഘടനയിൽ ബൂർഷ്വാ സ്വാധീനം നിലനിൽക്കുന്നു. അത് സോഷ്യലിസത്തിന്റെ നിലനില്പിന് തന്നെ ഭീഷണിയുയർത്തുന്നുവെന്നതിലുള്ള ആശങ്കയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

മുതലാളിത്ത-സാമ്രാജ്യത്വശക്തികൾ കൊട്ടിഘോഷിച്ചിരുന്നതുപോലെ, 1990-കളിൽ സോഷ്യലിസം അട്ടിമറിക്കപ്പെട്ടതിന് ശേഷം ലോകം കൂടുതൽ മെച്ചപ്പെട്ട ഒന്നായി ത്തീർന്നിട്ടുണ്ടോ? യുദ്ധങ്ങൾ ഇല്ലാതായോ? സോവിയറ്റ് രാഷ്ട്രത്തിന്റെ തകർച്ചയെത്തുടർന്ന് റഷ്യയിലെ ജനങ്ങൾ കൊടിയ ചൂഷണവും മർദ്ദനവും അനുഭവിക്കുകയാണ്. മാത്രമല്ല, ലോകത്ത് മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഇരുൾ പരന്നിരിക്കുകയാണ്. ഇന്ന് അല്പവികസിത മുതലാളിത്ത രാജ്യങ്ങളിലെ മാത്രമല്ല, വികസിത മുതലാളിത്ത രാജ്യങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനങ്ങൾ സ്വമേധയാ പോരാട്ടവേദികളിൽ അണിനിരന്നുകൊണ്ടിരിക്കുന്നു. എവിടെയും ജനങ്ങൾ മാറ്റത്തിന് വേണ്ടി വ്യഗ്രതപ്പെടുന്നു. ഇല്ലാത്തത് മാറ്റത്തിനുള്ള ആത്മനിഷ്ഠസാഹചര്യമാണ്. അതായത്, ശരിയായ നേതൃത്വം. ജനങ്ങളുടെ സമരങ്ങൾക്ക് ശരിയായ നേതൃത്വം നൽകിക്കൊണ്ട് വിപ്ലവം വിജയിപ്പിക്കാൻ മതിയായ സംഘടനാപരമായ കരുത്തോടുകൂടിയതും, മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളാൽ സായുധവുമായ ശക്തമായ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി.

സാമൂഹ്യവികാസത്തിന്റെ അപ്രതിരോധ്യമായ നിയമമനുസരിച്ച് എല്ലാ മുതലാളിത്ത രാജ്യങ്ങളിലും അനിവാര്യമായും സോഷ്യലിസ്റ്റ് വിപ്ലവമുണ്ടാകുമെന്ന് മാർക്സിസം കാട്ടിത്തന്നു. തൊഴിലാളിവർഗ്ഗ വിപ്ലവത്തിനും സോഷ്യലിസത്തിനുമുണ്ടായിട്ടുള്ള തിരിച്ചടി താല്ക്കാലികം മാത്രമാണ്. ആത്യന്തികമായി വിപ്ലവം വിജയം വരിക്കുക തന്നെ ചെയ്യും. സാമൂഹ്യമാറ്റത്തിന്റെ നിയമമാണത്.

ഇൻഡ്യയിലുൾപ്പെടെ ലോകത്തെങ്ങുമുള്ള തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം മഹത്തായ നവംബർ വിപ്ലവത്തിന്റെ പാഠങ്ങൾക്ക് അതിയായ പ്രാധാന്യമുണ്ട്. അതു പരിഗണിച്ച്, നമ്മുടെ പ്രിയപ്പെട്ട പാർട്ടി, ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികകരിലൊരാളായ സഖാവ് ശിബ്ദാസ്ഘോഷ് സ്ഥാപിച്ച സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്), നവംബർ വിപ്ലവശതാബ്ദി രാജ്യവ്യാപകമായി ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 2016 നവംബർ 7 മുതൽ 2017 നവംബർ 17 വരെ ഒരു കൊല്ലം നീണ്ടുനിൽക്കുന്ന ആചരണപരിപാടികൾ 2016 നവംബർ 7-ന് ന്യൂഡൽഹിയിൽ മവ്‌ലങ്കാർ ഹാളിൽ നടക്കുന്ന സമ്മേളനത്തോടെ ഉദ്ഘാടനം ചെയ്യപ്പെടും. 2017 നവംബർ 17-ന് കൊൽക്കത്തയിൽ സമാപിക്കും.

ഈ ആചരണം ഒരു വൻവിജയമാക്കിത്തീർക്കാൻ നിങ്ങളേവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,
**പ്രൊവാഷ്ഘോഷ്**
ജനറൽസെക്രട്ടറി
എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

○

# മാനുഷിക മൂല്യങ്ങളുടെ വളർച്ചയാണ് യഥാർത്ഥ വികസനത്തിന്റെ മുഖമുദ്ര



സഖാവ് പ്രൊവാഷ് ഘോഷ്

**2016 ആഗസ്റ്റ് 5 ന് കൽക്കത്തയിൽ നടന്ന സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ സമ്മേളനത്തിൽ സഖാവ് പ്രൊവാഷ്ഘോഷ് ചെയ്ത പ്രസംഗം. (കഴിഞ്ഞ ലക്കത്തിൽനിന്ന് തുടർച്ച)**

### സാധാരണ ജനങ്ങൾക്ക് അന്നുമിന്നും രാഷ്ട്രീയത്തിൽ താല്പര്യമില്ല

നമ്മുടെ രാജ്യത്തെ സ്വാതന്ത്ര്യ സമരത്തിൽ വ്യത്യസ്തമായ രണ്ട് പ്രവണതകൾ ഉണ്ടായിരുന്നുവെന്ന്സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിലൊന്ന് ഗാന്ധിജി നേതൃത്വം നൽകിയ സന്ധി മനോഭാവക്കാരുടെ ധാരയായിരുന്നു. മറ്റേത് ഖുദിറാമിൽ തുടങ്ങി ഭഗത്സിംഗിലും സുഭാഷ്ചന്ദ്രബോസിലും പൂർണ്ണതയിലെത്തിയ സന്ധിക്ക് തയ്യാറല്ലാത്ത വിപ്ലവധാരയായിരുന്നു. മുതലാളിത്ത വിരുദ്ധ തൊഴിലാളിവർഗ്ഗ വിപ്ലവത്തെ ഭയന്ന ദേശീയ മുതലാളിവർഗ്ഗം സ്വാതന്ത്ര്യ സമരത്തിന്റെ ഒരേയൊരു നേതൃത്വമെന്ന നിലയിൽ ഗാന്ധിജിയെയും കോൺഗ്രസ്സിനെയും ഉയർത്തിക്കാട്ടുന്നതിനായി ധാരാളം പണം ചെലവഴിച്ചു. ഗാന്ധിയന്മാർക്ക് മാദ്ധ്യമങ്ങൾ വ്യാപകമായ പ്രചാരം നൽകി. ബ്രിട്ടീഷ് സാമ്രാജ്യത്വവും ദേശീയ മുതലാളിവർഗ്ഗവും നിയന്ത്രിച്ച മാദ്ധ്യമങ്ങൾ സുഭാഷ്ചന്ദ്രബോസിനും വിപ്ലവധാരയ്ക്കും ഇടം നൽകിയതേയില്ല. അതിനാൽ, ഗാന്ധിജിയുടെയും ബോസിന്റെയും നിലപാടുകൾ തമ്മിലുള്ള വ്യത്യാസം ജനങ്ങൾക്ക് മനസ്സിലായില്ല. വിപ്ലവകാരികളുടെ കാഴ്ചപ്പാടുകൾ ജനങ്ങളിലൊട്ടെത്തിയതുമില്ല. അവർ ഗാന്ധിയൻ കോൺഗ്രസ്സിനെ അന്ധമായി പിന്തുണച്ചു. കോൺഗ്രസ്സ് നേതൃത്വവും അതാണ് ആഗ്രഹിച്ചത്. അങ്ങനെ ജനങ്ങൾക്ക് യഥാർത്ഥത്തിൽ രാഷ്ട്രീയം മനസ്സിലാക്കാനായില്ല. എല്ലാ പാർട്ടികളും ഒരുപോലെയാണെന്ന് ഇന്നും അവർ പരാതിപ്പെടുന്നു. എല്ലാവരും വഞ്ചകരാണ്. തെരഞ്ഞെടുപ്പിനുമുമ്പ് അവർ വാഗ്ദാനങ്ങൾ ചൊരിയുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞാലാകട്ടെ 'ലങ്കയിൽ ചെന്നവരെല്ലാം രാവണൻമാർ' എന്ന സ്ഥിതിയാണ്. എന്നാൽ രാമായണ കഥയിൽ, ലങ്കയിൽ പോയ രാമൻ രാവണനായില്ല. ലക്ഷ്മണനും ഹനുമാനും സീതയും അങ്ങനെതന്നെ. രാമായണത്തിൽനിന്ന് ഒരു പാഠം മനസ്സിലാക്കാനുണ്ട്. അത്, സീതയ്ക്ക് രാവണനെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ ലങ്കായുദ്ധം ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നതാണ്. രാവണൻ ഒരു സന്യാസിയുടെ വേഷം ധരിച്ചാണ് സീതയെ കബളിപ്പിച്ചത്. അതുപോലെയാണ് സ്വാതന്ത്ര്യ സമരകാലത്ത് ജനങ്ങൾക്ക് കോൺഗ്രസ്സ് നേതൃത്വത്തെയും തിരിച്ചറിയാൻ കഴിയാതെപോയത്. ഖുദിറാമിനെയും ഭഗത്സിംഗിനെയുംമറ്റും ഗാന്ധിജിയോ കോൺഗ്രസ്സോ മാനിക്കാത്തതെന്താണെന്ന് അവർക്ക് മനസ്സിലായില്ല. സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനത്തുനിന്ന് രാജിവച്ചതും അദ്ദേഹത്തെ കോൺഗ്രസ്സിൽനിന്ന് സസ്പെന്റ് ചെയ്തതും എന്തിനാണെന്നും അവർക്ക് മനസ്സിലായില്ല.

അന്ന് സാധാരണ ജനങ്ങൾക്ക് രാഷ്ട്രീയത്തിൽ വലിയ താല്പര്യമില്ലായിരുന്നു. ഇന്നും സ്ഥിതി ഏതാണ്ടതുപോലെതന്നെ. രാഷ്ട്രീയ പാർട്ടികളുടെ നയപരിപാടികളൊന്നും അവർ ശ്രദ്ധിക്കുന്നില്ല. തങ്ങൾ വെറും സാധാരണക്കാർ. നേതാക്കളാണ് കാര്യങ്ങൾ തീരുമാനിക്കേണ്ടതെന്ന് അവർ കരുതുന്നു. ആരാണിന്നത്തെ നേതാക്കൾ? മാദ്ധ്യമങ്ങൾ പ്രചരിപ്പിക്കുന്നവരാണ് നേതാക്കൾ. സ്വാതന്ത്ര്യ സമരകാലത്ത് ഖുദിറാമിനെയോ ഭഗത്സിംഗിനെയോ സുഭാഷ് ചന്ദ്രബോസിനെയോ കുറിച്ച് എഴുതാൻ തയ്യാറാകാതിരുന്ന പത്രങ്ങൾ ഗാന്ധിയന്മാർക്ക് നല്ല പ്രചാരണം കൊടുത്തിരുന്നു. അതുപോലെതന്നെ ശിബ്ദാസ് ഘോഷ് ചിന്തയ്ക്കും നമ്മുടെ പാർട്ടിയുടെ അഭിപ്രായങ്ങൾക്കും ഒരു പ്രചാരണവും മാദ്ധ്യമങ്ങൾ നൽകുന്നില്ല. അന്ന് വിപ്ലവധാരയെ ഭയപ്പെട്ടിരുന്ന മാദ്ധ്യമങ്ങൾ ഇന്ന് ശരിയായ വിപ്ലവ പ്രസ്ഥാനമെന്ന നിലയിൽ നമ്മുടെ പാർട്ടിയെയും ഭയക്കുന്നു. എന്നാൽ ജനങ്ങളിത് മനസ്സിലാക്കുന്നില്ല. ഏതാണ് ശരി ഏതാണ് തെറ്റ് എന്നൊന്നും അവർ പരിശോധിക്കുന്നില്ല. മാദ്ധ്യമങ്ങൾ ഉയർത്തിക്കാണിക്കുന്നവരെ അവർ നേതാക്കളായികരുതുന്നു. 'വികസനം','പരിവർത്തനം','അച്ഛേദിൻ','ഗരീബി ഹഠാവോ' തുടങ്ങിയ വഞ്ചനാപരമായ മുദ്രാവാക്യങ്ങളുയർത്തി വോട്ടുപിടിക്കുന്ന അധികാര മോഹികളായ നേതാക്കൾക്ക് മാദ്ധ്യമങ്ങൾ നല്ല പ്രചാരവും നൽകുന്നു. സ്വാഭാവികമായും ജനങ്ങൾ വഞ്ചിക്കപ്പെടുന്നു. 'ജനങ്ങളുടെ ദാസൻ' എന്ന കപട വേഷം ധരിച്ചെത്തുന്ന നേതാക്കൾ അങ്ങനെ ജനങ്ങളെ ആവർത്തിച്ച് കബളിപ്പിച്ചുകൊണ്ടിരിക്കുന്നു.

> **എല്ലാ പാർട്ടികളും ഒരുപോലെയാണെന്ന് ഇന്നും അവർ പരാതിപ്പെടുന്നു. എല്ലാവരും വഞ്ചകരാണ്. തെരഞ്ഞെടുപ്പിനുമുമ്പ് അവർ വാഗ്ദാനങ്ങൾ ചൊരിയുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞാലാകട്ടെ 'ലങ്കയിൽ ചെന്നവരെല്ലാം രാവണൻമാർ' എന്ന സ്ഥിതിയാണ്. എന്നാൽ രാമായണ കഥയിൽ, ലങ്കയിൽ പോയ രാമൻ രാവണനായില്ല. ലക്ഷ്മണനും ഹനുമാനും സീതയും അങ്ങനെതന്നെ. രാമായണത്തിൽനിന്ന് ഒരു പാഠം മനസ്സിലാക്കാനുണ്ട്. അത്, സീതയ്ക്ക് രാവണനെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ ലങ്കായുദ്ധം ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നതാണ്. രാവണൻ ഒരു സന്യാസിയുടെ വേഷം ധരിച്ചാണ് സീതയെ കബളിപ്പിച്ചത്. അതുപോലെയാണ് സ്വാതന്ത്ര്യ സമരകാലത്ത് ജനങ്ങൾക്ക് കോൺഗ്രസ്സ് നേതൃത്വത്തെയും തിരിച്ചറിയാൻ കഴിയാതെപോയത്.**

### കാലഘട്ടം ആവശ്യപ്പെടുന്ന പുതിയ മൂല്യങ്ങൾ സഖാവ് ശിബ്ദാസ് ഘോഷ് പ്രദാനം ചെയ്തു

ഇന്ന് കൊച്ചുകുട്ടികൾ പോലും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുകയും രതി വൈകൃതങ്ങൾക്കും ലൈംഗിക അരാജകത്വത്തിനുമൊക്കെ ഇരയാകുകയും ചെയ്യുന്നത് അദ്ധ്യാപകരെയും രക്ഷിതാക്കളെയും ചിന്തിക്കുന്ന ഏതൊരാളെയും ആശങ്കാകുലരാക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? ഈ നാടിന്റെ മഹത്തായ സന്താനങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ മായ്ച്ചുകളഞ്ഞ്, യുവാക്കളുടെ ധാർമ്മിക നട്ടെല്ലൊടിച്ച്, അവരെ അധഃപതനത്തിലേയ്ക്ക് തള്ളിയിടാൻ ഭരണ മുതലാളിവർഗ്ഗവും അവരെ സേവിക്കുന്ന രാഷ്ട്രീയപ്പാർട്ടികളും ഗൂഢനീക്കങ്ങൾ നടത്തുന്നതാണ് ഇങ്ങനെയൊക്കെ സംഭവിക്കാനുള്ള ഒരു കാരണം. ഇനി രണ്ടാമത്തെ കാരണം നോക്കാം. അടിമത്ത വ്യവസ്ഥയിൽ മത ചിന്തകൾ പ്രചരിപ്പിച്ചവർക്ക് ഉടമകളിൽനിന്ന് കടുത്ത ആക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. ചോര ചൊരിഞ്ഞും ജീവൻ നൽകിയുമൊക്കെയാണ് ഈ പ്രചാരകർ മതപരമായ ആശയങ്ങൾ പ്രചരിപ്പിച്ചത്. മതാടിസ്ഥാനത്തിലുള്ള ഒരു ഭരണക്രമം സ്ഥാപിച്ചെടുക്കുക, അതിനായി ജനങ്ങളെ ഉണർത്തിയെടുക്കുക, സമൂഹത്തിന് പൊതുവായ ക്ഷേമം പ്രദാനം ചെയ്യുക എന്നൊക്കെയാണ് അവർ ലക്ഷ്യംവച്ചത്. മതമൂല്യങ്ങൾ അന്ന് സമൂഹത്തിന് മാനുഷിക ഗുണങ്ങൾ നൽകി. എന്നാൽ പില്ക്കാലത്ത് രാജാക്കന്മാരും ഫ്യൂഡൽ പ്രഭുക്കളുമൊക്കെ മതത്തെ ആയുധമാക്കിക്കൊണ്ടും ദൈവത്തിന്റെ പ്രതിനിധികളായി സ്വയം അവതരിപ്പിച്ചുകൊണ്ടും ജനങ്ങളെ അടിച്ചമർത്താൻ തുടങ്ങി. അതോടെ മതത്തിന് അതിന്റെ പുരോഗമന സ്വഭാവം നഷ്ടപ്പെടുകയും മാനുഷിക മൂല്യങ്ങൾ ആർജ്ജിക്കുന്നതിൽ അത് ഒരു വിലങ്ങുതടിയാകുകയും ചെയ്തു. മതത്തിന്റെ പേരിൽ പിന്നീട് അരങ്ങേറിയതൊക്കെ അനീതിയും അനഭിമതങ്ങളായ ദൃശ്യങ്ങളും മാത്രമായിരുന്നു. ആ ചരിത്രസന്ധിയിലാണ് രാജവാഴ്ചയുടെ സ്ഥാനത്ത് ജനാധിപത്യ റിപ്പബ്ലിക് സ്ഥാപിക്കാൻ വേണ്ടിയുള്ള പോരാട്ടം ആരംഭിക്കുന്നത്. പഴയ മതമൂല്യങ്ങളുടെ സ്ഥാനത്ത് പുതിയ, പുരോഗമനപരമായ ബൂർഷ്വാ ജനാധിപത്യ, മാനവവാദ മൂല്യങ്ങൾ ഉയർന്നുവന്നു. മനുഷ്യസത്തയെ ഇത് പ്രചോദിപ്പിച്ചു. നമ്മുടെ സ്വാതന്ത്ര്യ സമരത്തിലും, സന്ധിമനോഭാവക്കാരും സന്ധിരഹിത മനോഭാവക്കാരുമായ ധാരകളുടെ സ്വാധീനത്തിലും ബൂർഷ്വാ ദേശീയവാദവും മാനവവാദവുമൊക്കെ മനുഷ്യന് പുതുമൂല്യങ്ങൾ പ്രദാനം ചെയ്തു. ബൂർഷ്വാസി അന്ന് സ്വന്തം വർഗ്ഗ താല്പര്യങ്ങൾ മുൻനിർത്തി സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചു. എന്നാൽ ഇന്ന് ഭരണ വർഗ്ഗമെന്ന നിലയിൽ 'ദേശീയ താല്പര്യ'മെന്ന പേരിൽ അവർ ജനങ്ങളെ കൊള്ളയടിക്കുകയും അടിച്ചമർത്തുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് മതത്തിന്റെയും ദേശീയവാദത്തിന്റെയും സ്വാധീനം വർദ്ധിക്കുന്നതിനനുസരിച്ച് ധാർമ്മികാധഃപതനവും ഏറിവരുന്നത്. മതമൂല്യങ്ങൾക്കും ബൂർഷ്വാ ദേശീയവാദത്തിനും ചരിത്രപരമായ കാരണങ്ങളാൽത്തന്നെ അതിന്റെ പുരോഗമനസ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നത് ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ നിലകൊള്ളുന്നില്ലെന്നുമാത്രമല്ല അതിന് സഹായകമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. ഒരു കാലഘട്ടത്തിലെ മൂല്യവ്യവസ്ഥ കാലഹരണപ്പെടുകയും ഉയർന്നുവരുന്ന പുതിയ കാലത്തിന്റെ ആവശ്യകതയ്ക്ക് ഇണങ്ങാതെ വരികയും ചെയ്യുമ്പോൾ അത് സമൂഹത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുകയും അനീതിക്കും അടിച്ചമർത്തലിനും കൂട്ടുനിൽക്കുകയും ചെയ്യുന്നു. അപ്പോൾ പുതിയ കാലഘട്ടത്തിനിണങ്ങുന്ന പുതിയ മൂല്യങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടത് ആവശ്യകതയായി മാറുന്നു. ഇന്ന് സമൂഹത്തിൽ കാണുന്ന മൂല്യപ്രതിസന്ധിക്ക് കാരണം ഇതാണ്. ഇനി പുതിയതും ഉയർന്നതുമായ മൂല്യങ്ങളാണ് വേണ്ടത്. മുതലാളിത്ത വിരുദ്ധ തൊഴിലാളി വർഗ്ഗ വിപ്ലവ മൂല്യങ്ങൾക്കേ ഇനി സമൂഹത്തെ മുന്നോട്ട് നയിക്കാനാകൂ. ആ തൊഴിലാളിവർഗ്ഗ വിപ്ലവ മൂല്യങ്ങൾ നമുക്ക് പ്രദാനംചെയ്തത് മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷാണ് എന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മതിയായ സംഘടനാശേഷി കൈവരിക്കാൻ കഴിയാത്തതിനാൽ എല്ലാവരിലേയ്ക്കും ആ മൂല്യങ്ങൾ കൊണ്ടെത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ, ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ, ഉന്നത വ്യക്തിത്വങ്ങളുടെയും രക്തസാക്ഷികളുടെയുമൊക്കെ ജീവിതസമരത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ ഞങ്ങൾ ശ്രമിക്കുന്നു. നമ്മുടെ പ്രവർത്തകർക്ക് ഏറ്റക്കുറച്ചിലുകളോടെയാണെങ്കിലും ഉയർന്ന സ്വഭാവഗുണങ്ങൾ പുലർത്താൻ കഴിയുന്നത് അതിനാലാണ്. ഓരോ സഖാവും സഖാവ് ശിബ്ദാസ് ഘോഷിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച്, താൻ മനസ്സിലാക്കിയതുപോലെ ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്കാരം ആർജ്ജിക്കാനും മറ്റുള്ളവരെ അതിലേക്കാകർഷിക്കാനുമുള്ള സമരത്തിലാണ്.

### ഇത്തരമൊരു സ്വാതന്ത്ര്യത്തിനു വേണ്ടിയാണോ സ്വാതന്ത്ര്യസമര സേനാനികളും രക്തസാക്ഷികളും പൊരുതിയത്?

നമ്മുടേത് ഒരു വർഗ്ഗ-വിഭജിത സമൂഹമാണെന്ന് മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചു. മൂലധനവും കൂലിയും അഥവാ സമ്പന്നനും ദരിദ്രനും എന്ന നിലയിലാണ് ഈ വിഭജനം. സ്വാതന്ത്ര്യാനന്തരം എല്ലാവരുടേതുമായ ഒരു രാഷ്ട്രമോ ഏകമായ ദേശീയ താല്പര്യമോ ഇല്ല. ഒന്നുകിൽ ഭരണ മുതലാളിവർഗ്ഗത്തിന്റെ താല്പര്യം, അല്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യമേ ഉള്ളൂ. അതായത് അടിച്ചമർത്തുന്നവന്റെയും അടിച്ചമർത്തപ്പെടുന്നവന്റെയും താല്പര്യം മാത്രം. ഈ വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ കാഴ്ചപ്പാടിൽ വേണം നമ്മൾ എല്ലാറ്റിനെയും നോക്കിക്കാണാൻ. പാർട്ടികളെയും ഇങ്ങനെതന്നെ വേണം വീക്ഷിക്കാൻ. ഏതൊരു പാർട്ടിയും മുതലാളിവർഗ്ഗത്തിന്റെഅല്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി ആയിരിക്കും. ഇക്കാര്യത്തിലും വർഗ്ഗവീക്ഷണം തന്നെ പിന്തുടരണം. മുതലാളിമാർ അനുനിമിഷം ജനങ്ങളെ കൊള്ളയടിച്ച് പണമുണ്ടാക്കുകയും അവരെ തെരുവുതെണ്ടികളാക്കി മാറ്റുകയും ചെയ്യുന്നു. ദേശാതിർത്തികൾ തകരണമെന്നും ആശയങ്ങളുടെ മുനയൊടിയണമെന്നും ബുദ്ധിയും വിവേകവുമൊക്കെ തുടച്ചുനീക്കണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. ഒന്നിനെയും ആരും എതിർക്കുകയോ ചോദ്യം ചെയ്യുകയോ അരുത്. സ്വന്തം അവകാശങ്ങളെക്കുറിച്ച് ആർക്കും ധാരണയുണ്ടാകരുത്. ജനങ്ങളെ സ്വാർത്ഥരും ദുരാഗ്രഹികളും മനുഷ്യത്വമില്ലാത്തവരുമാക്കാനാണ് അവർ ശ്രമിക്കുന്നത്. മുതലാളിവർഗ്ഗത്തെ സേവിക്കുന്ന പാർട്ടികൾ, അത് ബിജെപിയോ കോൺഗ്രസ്സോ ആരുമാകട്ടെ, ജനങ്ങളെ അപമാനവീകരിക്കുക എന്ന ഈ ദൗത്യമാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് നമ്മൾ നിരന്തരം അവരെ എതിർക്കുന്നത്. ബംഗാളിൽ തൃണമൂൽ കോൺഗ്രസ്സും ഇത്തരത്തിൽ മുതലാളിവർഗ്ഗ സേവയാണ് നടത്തുന്നത്. തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കുന്നതിനായി അവർ 'കന്യാശ്രീ' പദ്ധതി നടപ്പിലാക്കുന്നു. എന്നാൽ ദിനംപ്രതി എത്ര പെൺകുട്ടികളാണ് ചികിത്സ കിട്ടാതെ മരി

(ശേഷം 5-ാം പേജിൽ)

# തൃണമൂൽ ഭരണം സിപിഐ(എം) ഭരണത്തിന്റെ തനിപ്പകർപ്പ്

(4-ാം പേജിൽ നിന്ന്)

ക്കുന്നതെന്ന്, എത്ര സ്ത്രീകളാണ് മാനഭംഗത്തിന് ഇരയായിക്കൊണ്ടിരിക്കുന്നതെന്ന്, എത്ര പെൺകുട്ടികളെയാണ് ബംഗാളിൽനിന്ന് പെൺവാണിഭ സംഘങ്ങൾ കടത്തിക്കൊണ്ടുപോകുന്നതെന്ന് തൃണമൂൽ കോൺഗ്രസ്സിനെ നയിക്കുന്ന മമതാ ബാനർജിക്കറിയാമോ? ക്ലബ്ബുകൾക്കും മറ്റും ചില്ലറ ആനുകൂല്യങ്ങൾ നൽകുമ്പോൾ, കന്യാശ്രീ, യുവശ്രീ പദ്ധതികൾ കെട്ടിയെഴുന്നള്ളിക്കുമ്പോൾ, മേളകളും ആഘോഷങ്ങളുമൊക്കെ സംഘടിപ്പിച്ച് പണം ധൂർത്തടിക്കുമ്പോൾ, കോടിക്കണക്കിന് രൂപയുടെ കട ബാദ്ധ്യതയാണ് സംസ്ഥാന സർക്കാർ വരുത്തിവച്ചിരിക്കുന്നത്. കള്ളപ്പണം നൂറുദിവസത്തിനുള്ളിൽ കണ്ടുകെട്ടുമെന്നും ഓരോരുത്തർക്കും 15ലക്ഷം രൂപ വീതം നൽകുമെന്നും തെരഞ്ഞെടുപ്പിന് മുമ്പ് നരേന്ദ്രമോദി പറഞ്ഞിരുന്നു. എന്നിട്ട് ആ വാഗ്ദാനം പാലിച്ചോ? ആരാണ് കള്ളപ്പണം കൈകാര്യം ചെയ്യുന്നത്. സാധാരണക്കാരോ തൊഴിലാളികളോ ആണോ? നികുതി വെട്ടിക്കുന്നതിനായി വമ്പന്മാരും കുത്തകകളുമൊക്കെയാണ് കള്ളപ്പണം ഉണ്ടാക്കുന്നത്. ബൂർഷ്വാ പാർട്ടികളെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കാൻ ഈ കള്ളപ്പണമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ടാണ് ഈ പാർട്ടികളുടെ നേതാക്കൾ അധികാരത്തിലെത്തുമ്പോൾ കള്ളപ്പണക്കാരെ സ്പർശിക്കാൻപോലും ഭയക്കുന്നത്.

ഈ മുതലാളിത്തം ജനങ്ങളുടെ ശത്രുവാണ്. നമ്മുടെ രാജ്യത്ത് എന്ത് പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്? രാജ്യത്താകെയുള്ള 121 കോടി ജനങ്ങളിൽ 65 കോടിയും തൊഴിൽരഹിതരാണെന്ന് ഇന്ത്യൻ പ്രസിഡന്റ് തന്നെ സമ്മതിച്ചിട്ടുണ്ട്. 77 ശതമാനം ആളുകൾ 20 രൂപ പോലും പ്രതിദിനം ചെലവഴിക്കാനില്ലാത്ത, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരാണെന്നും ഔദ്യോഗിക കണക്കുകൾ പറയുന്നു. ഇതാണ് രാജ്യം നേടിയ വികസനം. എന്നാൽ അംബാനി, ടാറ്റ, ബിർള, ഗോയങ്ക, അദാനിമാർക്കൊക്കെ ശതകോടികൾ കുമിഞ്ഞുകൂട്ടുകയാണ്. അവരുടെയൊക്കെ ആസ്തികൾ നിരന്തരം പെരുകിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് കടത്തിലാണ്. 69 ലക്ഷം കോടി രൂപയാണ് ഇപ്പോൾ കടം. ബജറ്റ് കമ്മി 5,55,000 കോടി രൂപയാണ്. എന്നിട്ടും മുതലാളിമാർക്ക് 4 ലക്ഷം കോടി രൂപയുടെ നികുതി ഇളവുകൾ നൽകി. ഇതേ കുത്തകകൾതന്നെ ദേശസാൽകൃത ബാങ്കുകളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ 8 ലക്ഷം കോടി രൂപയുടെ വീഴ്ച വരുത്തിയിരിക്കുന്നു. സർക്കാർ ഖജനാവിൽനിന്ന് പണമെടുത്ത് ബാങ്കുകൾക്ക് നൽകി ഗവണ്മെന്റ് ഈ ബാദ്ധ്യതകളും ഏറ്റെടുക്കുന്നു. അപ്പോൾ ആരുടെ ഗവണ്മെന്റാണിത്? ആർക്കാണിത് 'അച്ഛേദിൻ' അഥവാ നല്ല ദിനങ്ങൾ സമ്മാനിച്ചിരിക്കുന്നത്? ഏതാനും ദിവസങ്ങൾ കഴിഞ്ഞാൽ സ്വാതന്ത്ര്യദിനം ആഘോഷപൂർവ്വം കൊണ്ടാടും. പഞ്ചനക്ഷത്ര ഹോട്ടലുകളിൽ രാജകീയ സദ്യ കഴിച്ച് വൻകിട ബിസിനസ്സുകാരും മന്ത്രിമാരും നേതാക്കളുമൊക്കെ സ്വാതന്ത്ര്യദിനം ആഘോഷിക്കും. എന്നാൽ മറുവശത്ത്, ഈ സദ്യയുടെ എച്ചിൽക്കൂനയിൽ ആയിരക്കണക്കിന് കുഞ്ഞുങ്ങൾ വിശപ്പടക്കാൻവേണ്ടി പരതുന്ന ഹൃദയഭേദകമായ കാഴ്ചയും നമുക്ക് കാണാൻ സാധിക്കും. ഇവ്വിധമൊരു സ്വാതന്ത്ര്യത്തിനുവേണ്ടിയാണോ സ്വാതന്ത്ര്യ സമരസേനാനികളും രക്തസാക്ഷിത്വം വരിച്ചവരുമൊക്കെ പൊരുതിയത്? കടക്കെണിയിൽപ്പെട്ട് ലക്ഷക്കണക്കിന് സാധാരണക്കാർ ജീവനൊടുക്കുമ്പോൾ, 'ആത്മഹത്യ ഇന്നൊരു ഫാഷനായിട്ടുണ്ട്' എന്നുപറഞ്ഞ് ബിജെപി മന്ത്രി അവരെ പരിഹസിക്കുന്നു. ദരിദ്രന്റെ ദുരിതങ്ങളെ ഇവ്വിധം പരിഹസിക്കണമെങ്കിൽ ഈ നേതാക്കന്മാരൊക്കെ എത്രത്തോളം ക്രൂരന്മാരായിരിക്കണം?

### തെരഞ്ഞെടുപ്പുകളുടെ സ്വഭാവം

തെരഞ്ഞെടുപ്പ് ഇന്ന് കോടികളുടെ കളിയാണ്. ഈ വോട്ടുകച്ചവടക്കാർ എല്ലാ മാനുഷികഗുണങ്ങളും തകർത്ത് ആർത്തിയും സ്വാർത്ഥമോഹങ്ങളും വളർത്തി, ജനങ്ങളുടെ അഭിമാനബോധം തന്നെ കെടുത്തിക്കളഞ്ഞിരിക്കുന്നു. പണം തരുന്ന പാർട്ടിക്ക് വോട്ടു ചെയ്യാം എന്നൊരു മനോഭാവത്തിലേയ്ക്ക് ജനങ്ങളെ ഇവർ അധഃപതിപ്പിച്ചിരിക്കുന്നു. യുവാക്കളുടെയിടയിലും, പണത്തിനും മദ്യത്തിനും വേണ്ടിയുള്ള ഒരു ഏർപ്പാടായി ഇലക്ഷൻ മാറിയിട്ടുണ്ട്. കൂടുതൽ പണം തരുന്നവരുടെ കൊടി പിടിക്കാൻ അവർ തയ്യാറാകുന്നു. ബൂർഷ്വാ രാഷ്ട്രീയത്തിന്റെ ഇന്നത്തെ സ്ഥിതി ഇതാണ്. സ്വന്തം മനസ്സാക്ഷിയാണ് ഇതിലൂടെ വിൽക്കുന്നതെന്ന് അവർ ചിന്തിക്കുന്നില്ല. എന്തിനാണ് നേതാക്കൾ പണം തരുന്നത്, എവിടെ നിന്നാണവർക്ക് പണം കിട്ടുന്നത്? അവർ നല്ല കാര്യങ്ങളാണ് ചെയ്തതെങ്കിൽ ജനങ്ങൾ സ്വമേധയാ അവർക്ക് വോട്ടു ചെയ്യുമായിരുന്നല്ലോ? അതല്ല സ്ഥിതിയെന്നും വോട്ട് കിട്ടില്ലെന്നും ഉറപ്പുള്ളതുകൊണ്ടാണ് അവർ വോട്ട് വിലയ്ക്ക് വാങ്ങിക്കാൻ തയ്യാറാകുന്നത്. ആരാണ് ഈ പണമെല്ലാം ഇവർക്ക് നൽകുന്നത്? കുത്തകകളും ബിസിനസ്സുകാരും കള്ളപ്പണക്കാരും റിയൽ എസ്റ്റേറ്റ് ഇടപാടുകാരും ഒക്കെത്തന്നെ. അവർ ആഗ്രഹിക്കുന്ന പാർട്ടി അധികാരത്തിലെത്തിയാൽ അവർക്ക് യഥേഷ്ടം ജനങ്ങളെ കൊള്ളയടിക്കാം എന്നതുതന്നെ കാരണം. അതായത്, വോട്ടിനുവേണ്ടി തുച്ഛമായ ആനുകൂല്യങ്ങൾ പറ്റുന്നവർ തുടർന്ന് ദീർഘകാലത്തേയ്ക്ക് കൊള്ളയടിക്കപ്പെടുന്നു. സ്വാതന്ത്ര്യ സമരകാലത്ത് രാഷ്ട്രീയം ത്യാഗമായിരുന്നു. സ്വകാര്യമായ ഒരു നേട്ടവും ലക്ഷ്യം വയ്ക്കാതെ, കുടുംബത്തിൽ ഒതുങ്ങിക്കൂടാതെ, സാമൂഹ്യ കടമകൾ നിറവേറ്റാനായി ജയിലിൽ പോകാനും കഴുമരത്തിലേറാനുമൊക്കെ അന്നവർ തയ്യാറായി. "എനിക്ക് രക്തം തരൂ, ഞാൻ സ്വാതന്ത്ര്യം തരാം" , എന്നാണ് സുഭാഷ് ചന്ദ്രബോസ് പറഞ്ഞത്. അന്ന് രാഷ്ട്രീയത്തിന്റെ സ്വഭാവമിതായിരുന്നു. ഇന്നാകട്ടെ, എവ്വിധവും എംഎൽഎയും എംപിയും മന്ത്രിയുമൊക്കെ ആകുക, മുതലാളി വർഗ്ഗത്തിന് വിടുപണി ചെയ്യുക എന്ന ഒറ്റ ലക്ഷ്യമേ ദുരാഗ്രഹികളായ നേതാക്കൾക്കുള്ളൂ. അതിനായി മുതലാളിമാരിൽ നിന്ന് പണം തരപ്പെടുത്തി അവർ വോട്ടർമാരെ വിലയ്ക്കെടുക്കുന്നു. പുതിയ തലമുറയുടെ ചിന്താശേഷിയും മൂല്യങ്ങളും തകർത്ത ഇക്കൂട്ടർക്കറിയാം പണമെറിഞ്ഞാൽ യുവാക്കളെ വിലയ്ക്കെടുക്കാൻ കഴിയുമെന്ന്. യുവാക്കൾ അങ്ങനെ വിലയ്ക്കു വാങ്ങാവുന്ന ചരക്കുകളായി അധഃപതിച്ചിരിക്കുന്നു. രാഷ്ട്രീയം അങ്ങനെ ഭാഗ്യാന്വേഷണമായി ത്തീർന്നിരിക്കുന്നു. ഒരു വശത്ത് മുതലാളിമാർ ജനങ്ങളെ പിഴിഞ്ഞൂറ്റി കോടികൾ സമ്പാദിക്കുന്നു. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഉൾപ്പെടെയുള്ള എല്ലാ അധാർമ്മിക മാർഗ്ഗങ്ങളും ഇതിനായി അവലംബിക്കുന്നു. മറുവശത്ത് രാഷ്ട്രീയക്കാർ എംഎൽഎ മാരും എംപിമാരും മന്ത്രിമാരുമൊക്കെയായി വൻതോതിൽ ധനം സമ്പാദിക്കുന്നു. നമ്മുടെ എംപിമാരിൽ 80 ശതമാനവും കോടീശ്വരന്മാരാണ്. അവരാണ് പട്ടിണിപ്പാവങ്ങളായ അനേകായിരങ്ങളുടെ പ്രതിനിധികൾ. യാതൊരു നിക്ഷേപവും നടത്താതെ കോടികൾ കൊയ്തെടുക്കുന്ന ബിസിനസ്സാണ് ഇവർക്ക് രാഷ്ട്രീയപ്രവർത്തനം. ഒരു മാസം 1.4 ലക്ഷം രൂപയാണ് ഒരു എംപിയുടെ വരുമാനം. അതുകൊണ്ട് അവർക്ക് കുടുംബം പുലർത്താൻ കഴിയുന്നില്ല എന്നാണിപ്പോൾ വിലപിക്കുന്നത്. അതുകൊണ്ട് ഈ തുക ഇരട്ടിയാക്കാനുള്ള നിർദ്ദേശമാണ് ഇപ്പോൾ മുന്നോട്ടുവച്ചിട്ടുള്ളത്. 'ദേശസ്നേഹികൾ' , 'ജനസേവകർ' എന്നൊക്കെ സ്വയം വിശേഷിപ്പിക്കുന്നതിന് ഇക്കൂട്ടർക്ക് യാതൊരു ഉളുപ്പുമില്ലതാനും.

> **മതമൂല്യങ്ങൾക്കും ബൂർഷ്വാ ദേശീയവാദത്തിനും ചരിത്രപരമായ കാരണങ്ങളാൽത്തന്നെ അതിന്റെ പുരോഗമനസ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നത് ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ നിലകൊള്ളുന്നില്ലെന്നുമാത്രമല്ല അതിന് സഹായകമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. ഒരു കാലഘട്ടത്തിലെ മൂല്യവ്യവസ്ഥ കാലഹരണപ്പെടുകയും ഉയർന്നുവരുന്ന പുതിയ കാലത്തിന്റെ ആവശ്യകതയ്ക്ക് ഇണങ്ങാതെ വരികയും ചെയ്യുമ്പോൾ അത് സമൂഹത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുകയും അനീതിക്കും അടിച്ചമർത്തലിനും കൂട്ടുനിൽക്കുകയും ചെയ്യുന്നു. അപ്പോൾ പുതിയ കാലഘട്ടത്തിനിണങ്ങുന്ന പുതിയ മൂല്യങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടത് ആവശ്യകതയായി മാറുന്നു.**

### സിപിഐ(എം)ന്റെ പങ്ക്

1950കളിലും 60കളിലും ഇടതുപക്ഷ രാഷ്ട്രീയത്തിൽ ത്യാഗമനോഭാവം സ്വാധീനം ചെലുത്തിയിരുന്നു. അന്ന് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയേ ഉണ്ടായിരുന്നുള്ളൂ. അവർ യഥാർത്ഥ കമ്മ്യൂണിസ്റ്റുകളായിരുന്നില്ലെങ്കിലും ഇടതുപക്ഷ സമരപാതയാണ് അവർ പിന്തുടർന്നിരുന്നത്. പോലീസിന്റെ അതിക്രമങ്ങളെ നേരിടാനും ജയിലിൽ പോകാനുമൊക്കെ അന്നവർ തയ്യാറായി. എന്നാൽ ദീർഘമായ 34 വർഷം ബംഗാൾ ഭരിച്ചപ്പോൾ അവർ ഇടതുപക്ഷ രാഷ്ട്രീയത്തിന് അളവറ്റ ഹാനി വരുത്തിവച്ചു. ഒരു വശത്ത് ഇടതുപക്ഷ പാരമ്പര്യത്തിന് ക്ഷതമേൽപ്പിക്കുകയും മറുവശത്ത് മുതലാളിവർഗ്ഗ താല്പര്യം മുൻനിർത്തി ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുകയും ചെയ്തു. ചണമിൽ തൊഴിലാളികളുടെയും തുറമുഖ തൊഴിലാളികളുടെയും കർഷകരുടെയും നേർക്ക് അവർ നിറയൊഴിച്ചു. സിംഗൂരിലെ കർഷകരുടെ നേർക്ക് അരങ്ങേറിയത് തികഞ്ഞ കാടത്തമായിരുന്നു. നന്ദിഗ്രാമിൽ സമരം ചെയ്ത കർഷകരെ അവർ കൂട്ടക്കൊല ചെയ്തു, സ്ത്രീകളെ കൂട്ടമാനഭംഗത്തിനിരയാക്കാൻ പോലും തയ്യാറായി. ഇക്കാര്യങ്ങളൊക്കെ നിങ്ങൾക്കറിയാം. ഇവ്വിധ ചെയ്തികളിലൂടെ മുതലാളിവർഗ്ഗത്തെ തൃപ്തിപ്പെടുത്തിക്കൊണ്ടാണവർ 34 വർഷം തുടർച്ചയായി ബംഗാൾ ഭരിച്ചത്.

മാനുഷിക ഗുണങ്ങളും നൈതിക-സദാചാര നിലവാരവും തകർക്കാനാണ് മുതലാളിത്തം ആഗ്രഹിക്കുന്നത്. സിപിഐ(എം) ചെയ്തതും അതുതന്നെ. വ്യക്തിപരമായ നേട്ടങ്ങൾ ഉറപ്പാക്കി അണികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന രീതിയും അവർ അവലംബിക്കുന്നു. ലൈസൻസ്, പെർമിറ്റ്, ജോലി, കോൺട്രാക്ട്, സ്ഥാനക്കയറ്റം, പ്രൊഫസർ പദവി, യോഗ്യതയില്ലാത്തവർക്കും വൈസ് ചാൻസലർസ്ഥാനം, ഇഷ്ടമുള്ള സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റം തുടങ്ങിയവയൊക്കെ ഈ ഗണത്തിൽപെടും. പണവും ജോലിയുമൊക്കെ വാഗ്ദാനം ചെയ്തും അവർ എണ്ണം വർദ്ധിപ്പിക്കുന്നു. ഉപകാരങ്ങൾ ചെയ്യുന്നതിന്റെയും അനർഹമായ നേട്ടങ്ങൾ ഉറപ്പാക്കുന്നതിന്റെയും ശൈലി ബംഗാളിൽ നടപ്പാക്കിയത് സിപിഐ(എം) തന്നെയാണ്. ടിഎംസി ഇപ്പോൾ ആ പാത പിന്തുടരുന്നുവെന്നുമാത്രം.

### ടിഎംസിയുടേത് സിപിഐ(എം) ഭരണത്തിന്റെ തനിപ്പകർപ്പ്

'പരിവർത്തനം' എന്ന മുദ്രാവാക്യവുമായി തൃണമൂൽ കോൺഗ്രസ്സ് നടത്തുന്ന ഭരണം ഇക്കാലമത്രയും സിപിഐ(എം) ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾ തന്നെയാണ്. സിപിഐ(എം) എല്ലാക്കാര്യങ്ങളും കൃത്യമായി ആസൂത്രണം ചെയ്ത് വിദഗ്ദ്ധമായി നടപ്പിലാക്കിയിരുന്നു. തൃണമൂൽ കോൺഗ്രസ്സിന് അത്ര വൈദഗ്ദ്ധ്യമില്ലാത്തതുകൊണ്ട് പലപ്പോഴും ബുദ്ധിശൂന്യമായി കാര്യങ്ങൾ ചെയ്യുകയും കയ്യോടെ പിടിക്കപ്പെടുകയും ചെയ്യുന്നു എന്ന വ്യത്യാസമേ ഉള്ളൂ. ഏതാനും ചിലർ ചെയ്യുന്ന കുഴപ്പങ്ങൾ മൂലമാണ് തനിക്ക് അപഖ്യാതിയുണ്ടാകുന്നതെന്ന് മമതാ ബാനർജി അടുത്തിടെ വിലപിക്കുകയുണ്ടായി. ഏതാനും ചിലർ മാത്രമാണത്രേ കുഴപ്പങ്ങളെല്ലാം ഉണ്ടാക്കുന്നത്. അവർക്കുതന്നെ ഇതിൽ വിശ്വാസമുണ്ടോ? ഏതാനും ചിലരൊഴികെ തൃണമൂൽ കോൺഗ്രസ്സിലെ മുഴുവൻ നേതാക്കളും പകൽ കൊള്ളക്കാരും ഗൂഢസംഘക്കാരുമായി മാറിയിരിക്കുന്നു എന്നതാണ് വസ്തുത. ഇതിന് ടിഎംസിയേക്കാൾ സിപിഐ(എം)നാണ് കൂടുതൽ ഉത്തരവാദിത്വം. ഗൂഢസംഘങ്ങളുമായിച്ചേർന്നുള്ള ഭരണവും കവർച്ചയുമൊക്കെ നടപ്പിലാക്കിയത് സിപിഐ(എം) ഭരണകാലത്താണ്. ടിഎംസി അവരുടെ പാത പിന്തുടരുന്നു എന്നുമാത്രം. ഈ കൊള്ള സംഘങ്ങളുടെയും പിടിച്ചുപറിക്കാരുടെയുമൊക്കെ പിന്തുണയില്ലാതെ ഇവർക്കൊന്നും തെരഞ്ഞെടുപ്പിൽ ജയിച്ചുവരാനാകില്ല എന്നതുതന്നെ കാരണം. റിയൽ എസ്റ്റേറ്റ് മാഫിയകളെ കൈകാര്യം ചെയ്യുമെന്ന് മമതാ ബാനർജി പ്രഖ്യാപിക്കുമ്പോൾ ഈ മാഫിയകൾ അത് പുച്ഛിച്ചുതള്ളുന്നു. ഇതൊക്കെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള നേതാക്കളുടെ തന്ത്രം മാത്രമാണെന്നവർ പറയുന്നു. നേതാക്കൾ അവരുടെ പണി ചെയ്യട്ടെ, ഞങ്ങൾ ഞങ്ങളുടെ പണിയും ചെയ്യും എന്നാണവരുടെ നിലപാട്. തെറ്റ് ചെയ്താൽ തന്നെപ്പോലും വെറുതെ വിടരുതെന്നാണ് മുഖ്യമന്ത്രി മമതാ ബാനർജി കഴിഞ്ഞ ദിവസം പോലീസിനെ ഉദ്ബോധിപ്പിച്ചത്. ഇതൊക്കെ കേൾക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ എന്തു ചെയ്യണം? എല്ലാം കേട്ട് മന്ദഹസിച്ച് സ്ഥലം വിടണം. മുഖ്യമന്ത്രി ഇങ്ങനെയൊക്കെ പ്രഖ്യാപിച്ച സ്ഥിതിക്ക് ഇനി ബംഗാളിൽ കൊള്ളയും കൊള്ളിവയ്പും തട്ടിപ്പും ബലാൽസംഗവുമൊന്നും ഉണ്ടാകില്ല എന്ന് നിങ്ങൾ കരുതിയേക്കാം! മുഖ്യമന്ത്രിയെപ്പോലും വെറുതെ വിടരുതെന്നല്ലേ പറയുന്നത്? പിന്നെങ്ങനെയാണ് ക്രിമിനലുകൾക്ക് എന്തെങ്കിലും ചെയ്യാൻ ധൈര്യമുണ്ടാകുക! പ്രധാനമന്ത്രി മുതൽ താഴോട്ടുള്ള എല്ലാ ഭരണാധികാരികളും ഇത്തരം വഞ്ചനയും കാപട്യവുമൊക്കെ കാണിക്കാറുണ്ട്. ക്രിമിനലുകളെ നമുക്ക് എളുപ്പത്തിൽ തിരിച്ചറിയാം. എന്നാൽ ഈ വഞ്ചകരെ പെട്ടെന്ന് തിരിച്ചറിയാനാവില്ല. ഒരു കാലത്ത് രാഷ്ട്രീയത്തിന്റെ കുറ്റവൽക്കരണം അഥവാ കുറ്റവാളികൾ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നു എന്നതായിരുന്നു ചർച്ചാവിഷയം. എന്നാൽ വോട്ടുരാഷ്ട്രീയം കളിക്കുന്ന, അധികാര മോഹികളായ രാഷ്ട്രീയ നേതാക്കളാണ് യുവാക്കളെ കുറ്റവാളികളാക്കുന്നത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷേ അവർ രാജ്യ സേവകരുടെ വേഷംകെട്ടി ജനങ്ങളെ കബളിപ്പിക്കുന്നു എന്നുമാത്രം.

### സിപിഐ(എം) ചിന്തിക്കണം

സിപിഐ(എം) നേതാക്കളോട് എനിക്ക് പറയാനുള്ളത്, ഞങ്ങൾ പറയുന്നത് നിങ്ങൾ ചെവിക്കൊള്ളുന്നില്ല എന്നകാര്യമാണ്. കഴിഞ്ഞ 34 വർഷം നിങ്ങൾ ഈ സംസ്ഥാനം ഭരിച്ചു. ഈ കാലയളവിൽ എപ്പോഴെങ്കിലും ഇടതുപക്ഷ പാത പിന്തുടരാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? മഹാനായ ലെനിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ, അതായത്, വർഗ്ഗ ബഹുജന സമരങ്ങൾ ശക്തിപ്പെടുത്തുക, ജനങ്ങളിൽ ഇടതുപക്ഷ ചിന്താഗതി വളർത്തുക, മനുഷ്യത്വത്തിന് ഊന്നൽ നൽകുക, സ്വജനപക്ഷപാതവും അഴിമതിയും മുഷ്കും വെടിയുക, ജനങ്ങളെ വിരട്ടുന്നതും ഭീകരതയഴിച്ചുവിടുന്നതും ഒഴിവാ

(ശേഷം 6-ാം പേജിൽ)

# സിപിഐ(എം) കോൺഗ്രസ്സിന് ജനാധിപത്യപരിവേഷം ചാർത്തുന്നു

## സഖാവ് പ്രൊവാഷ്ഘോഷിന്റെ പ്രസംഗം...

*(5-ാം പേജിൽ നിന്ന്)*

ക്കുക, പോലീസിനെ ഉപയോഗിച്ച് സാമൂഹ്യവിരുദ്ധരുമായി ചങ്ങാത്തം സ്ഥാപിച്ച് കാര്യങ്ങൾ ചെയ്യുന്നത് അവസാനിപ്പിക്കുക തുടങ്ങിയവയൊക്കെ നടപ്പിലാക്കിയിരുന്നെങ്കിൽ ഇന്ന് നിങ്ങളുടെ പാർട്ടിക്ക് ഇങ്ങനെയൊരു ഗതികേട് വരുമായിരുന്നോ? നിങ്ങൾക്ക് മൂന്ന് നാല് ലക്ഷം അംഗങ്ങളുണ്ട്. മുന്നണി സംഘടനകളുടെ അംഗത്വംകൂടി കണക്കിലെടുത്താൽ കോടിക്കണക്കിനാളുകളിൽ നിങ്ങൾക്ക് സ്വാധീനമുണ്ട്. എന്നാൽ അധികാരം നഷ്ടപ്പെട്ടതോടെ എല്ലാം ആവിയായിപ്പോയി. ഇവരൊക്കെ എവിടെപ്പോയി? എന്തുകൊണ്ടവർ പോയി? നിങ്ങൾ എപ്പോഴെങ്കിലും അതേക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? എല്ലാം അധികാരശക്തിയെ ആശ്രയിച്ചാണ് നിങ്ങൾ ചെയ്തത്. അധികാരം നിങ്ങൾക്ക് തേൻകുടമായിരുന്നു. മാർക്സിസം പോയിട്ട് ഇടതുപക്ഷീയതപോലും നിങ്ങൾ ഊട്ടിവളർത്തിയില്ല. എല്ലാവരെയും പ്രലോഭിപ്പിച്ച് നിങ്ങൾ കൊണ്ടുനടന്നു. ഒരിക്കൽ നിങ്ങളും സമരപാതയിലായിരുന്നു. 1960കളിൽ, എന്തിന് 1972ൽ പോലും സിപിഐ(എം) പ്രവർത്തകർക്കുണ്ടായിരുന്ന വീര്യവും ധൈര്യവുമൊക്കെ എങ്ങനെ അപ്രത്യക്ഷമായി?

### ഏകാധിപത്യ കോൺഗ്രസ്സിന് സിപിഐ(എം) ജനാധിപത്യ പരിവേഷം ചാർത്തുന്നു

ഇന്ന് നിങ്ങൾക്ക് നിവർന്ന് നിൽക്കാൻ കോൺഗ്രസ്സിന്റെ താങ്ങ് ആവശ്യമായിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ബൂർഷ്വാ പാർട്ടികളിലൊന്നാണ് ഈ കോൺഗ്രസ്സ്. ജനങ്ങളുടെ ചോരയൂറ്റിയെടുത്ത് അവർ ദീർഘകാലം മുതലാളിത്തത്തെ ശക്തിപ്പെടുത്തി. 1952നും 1966നുമിടയക്ക് ഇതേ കോൺഗ്രസ്സാണ് ബംഗാളിനെ ചോരയിൽ മുക്കിയത്. നിങ്ങൾ മറന്നിട്ടുണ്ടാകും. പക്ഷേ ഞങ്ങൾ മറന്നിട്ടില്ല. 1959ൽ നടന്ന ഭക്ഷ്യസമരത്തിലെ രക്തസാക്ഷികൾക്ക് ആഗസ്റ്റ് 31ന് നിങ്ങൾ പുഷ്പചക്രം സമർപ്പിക്കുന്നു. എന്നാൽ ആരുടെ വെടിയുണ്ടയേറ്റാണ് അവർ രക്തസാക്ഷികളായതെന്ന് നിങ്ങൾ മറന്നുപോയോ? ആ കോൺഗ്രസ്സിനെയാണ് നിങ്ങൾ 'ജനാധിപത്യ വാദി'കളായി ചിത്രീകരിക്കുന്നത്; മിസ, ടാഡ, എസ്മ, നാസ, അഫ്സ്പ തുടങ്ങിയ കരിനിയമങ്ങൾ ആവിഷ്കരിച്ച, രാജ്യത്ത് അടിയന്തരാവസ്ഥ അടിച്ചേല്പിച്ച അതേ കോൺഗ്രസ്സിനെ.

### കോൺഗ്രസ്സ് ഒരിക്കലും മതേതരമായിരുന്നില്ല

കോൺഗ്രസ്സ് എന്നെങ്കിലും മതേതരമായിരുന്നോ? വിദ്യാസാഗർ, ശരത്ചന്ദ്രൻ, ഭഗത്സിംഗ് എന്നിവരൊക്കെ തത്വചിന്താപരമായിത്തന്നെ മതേതരവാദികളായിരുന്നു. സുഭാഷ് ചന്ദ്രബോസും രാഷ്ട്രീയമായി മതേതരവാദിയായിരുന്നു. അദ്ദേഹം മതത്തെ രാഷ്ട്രീയത്തിൽനിന്ന് അകറ്റിനിർത്താൻ ആഹ്വാനം ചെയ്തു. മതത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ലെന്ന് അദ്ദേഹം പറഞ്ഞു. സാമൂഹ്യവും സാമ്പത്തികവും ശാസ്ത്രീയവുമായ തത്വങ്ങളാലാണ് രാഷ്ട്രീയം നയിക്കപ്പെടേണ്ടത്. കോൺഗ്രസ്സ് ഈ മാർഗ്ഗം അവലംബിച്ചിരുന്നോ? എല്ലാ മതങ്ങളുടെയും സഹവർത്തിത്വം എന്നതായിരുന്നു കോൺഗ്രസ്സിന്റെ കാഴ്ചപ്പാട്. അത് മതേതരത്വമല്ല. യഥാർത്ഥത്തിൽ സവർണ്ണ ഹിന്ദുക്കളാൽ നയിക്കപ്പെട്ട പാർട്ടിയായിരുന്നു കോൺഗ്രസ്സ്. അതുകൊണ്ടുതന്നെ മുസ്ലീങ്ങൾ മാത്രമല്ല ദലിതുകളും സ്വാതന്ത്ര്യസമരത്തിൽ കാര്യമായി പങ്കെടുത്തില്ല. രാജ്യം വിഭജിക്കപ്പെട്ടതും അതുകൊണ്ടാണ്. കോൺഗ്രസ്സ് ആസൂത്രണം ചെയ്ത വർഗ്ഗീയ കലാപങ്ങൾക്കും കുറവുണ്ടായിരുന്നില്ല. ബീഹാറിലെ ഭഗൽപൂർ, ഒറീസ്സയിലെ റൂർക്കല, ഗുജറാത്തിലെ അഹമ്മദാബാദ്, ആസാമിലെ നെല്ലി എന്നിവിടങ്ങളിലൊക്കെ വർഗ്ഗീയ കലാപങ്ങൾ ആസൂത്രണം ചെയ്തത് കോൺഗ്രസ്സ് നേതാക്കളാണ്. ഡൽഹിയിലെ സിക്ക് കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്തതും അവർതന്നെ. ആ കോൺഗ്രസ്സിനെയാണ് സിപിഐ(എം) വർഗ്ഗീയവിരുദ്ധരായും മതേതരക്കാരായുമൊക്കെ ചിത്രീകരിക്കുന്നത്. കാരണം, അവർക്ക് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സഹായംവേണം.

സിംഗൂർ, നന്ദിഗ്രാം സമരങ്ങളെ കേന്ദ്രീകരിച്ച് നമ്മൾ തൃണമൂൽ കോൺഗ്രസ്സുമായി ഐക്യമുണ്ടാക്കിയ കാര്യം നിങ്ങൾക്കറിയാമല്ലോ. 2009ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും 2011ലെ അസംബ്ലി തെരഞ്ഞെടുപ്പിലും, ഈ സമരങ്ങളെ പിന്തുണയ്ക്കുന്നവരും എതിർക്കുന്നവരും എന്നനിലയിലാണ് മത്സരം നടന്നത്. തൃണമൂൽ കോൺഗ്രസ്സുമായി ഒന്നിച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോഴും അവർക്ക് 'ജനാധിപത്യ'ത്തിന്റെയും 'മതേതരത്വ'ത്തിന്റെയുമൊന്നും ലേബൽ നമ്മൾ ചാർത്തിക്കൊടുത്തിട്ടില്ല.

### തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടി നമ്മൾ ഒരിക്കലും ആദർശം ബലികഴിച്ചിട്ടില്ല

ഇപ്രാവശ്യവും ചില ടിഎംസി നേതാക്കൾ നമ്മളുടെ മനസ്സറിയാൻ ശ്രമിച്ചിരുന്നു. അവരോടൊപ്പമായിരുന്നെങ്കിൽ നമുക്ക് ജയ്നഗറും കുൽത്താലിയും വിജയിക്കാൻ കഴിയുമായിരുന്നു. സിപിഐ(എം)നൊപ്പം പോയിരുന്നെങ്കിൽ ജയ്നഗർ സീറ്റ് തരാൻ അവരും ഒരുക്കമായിരുന്നു. എന്നാൽ സീറ്റിനുവേണ്ടി തത്വരഹിതമായ കൂട്ടുകെട്ടിലേർപ്പെടാൻ നമ്മൾ ഒരുക്കമായിരുന്നില്ല. പണത്തിന്റെയും ഗുണ്ടായിസത്തിന്റെയും മാദ്ധ്യമ സ്വാധീനത്തിന്റെയും ശക്തികളാണ് തെരഞ്ഞെടുപ്പിൽ നമ്മളെ പരാജയപ്പെടുത്തിയത്. അത് നമ്മളെ ക്ഷീണിപ്പിച്ചോ? വിപ്ലവ പ്രത്യയശാസ്ത്രത്തിന്റെ കരുത്തിൽ നമ്മൾ കൂടുതൽ ശക്തിയാർജ്ജിക്കുകയാണുണ്ടായത്. ഈ വമ്പിച്ച ജനാവലിയും അതിന്റെ തെളിവാണ്. കനത്ത മഴയിലും ആയിരക്കണക്കിനാളുകൾ ഈ യോഗം ശ്രവിക്കുന്നു, കൈക്കുഞ്ഞുങ്ങളുമായെത്തിയ അമ്മമാരുൾപ്പെടെ. കോടികൾ ചെലവഴിച്ചാൽപ്പോലും മറ്റേതെങ്കിലും പാർട്ടികൾക്ക് ഇവ്വിധമൊരു യോഗം സംഘടിപ്പിക്കാൻ കഴിയുമോ?

### സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയായ സിപിഐ(എം) അധികാരമോഹത്തിൽ മുങ്ങിയിരിക്കുന്നു

ഈ ബൂർഷ്വാ വ്യവസ്ഥയിൽ അധികാരത്തിലെത്താൻ അവസരമില്ലാതിരുന്നപ്പോൾ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയായ സിപിഐ(എം) സമരോത്സുകമായ ഇടതുപക്ഷ രാഷ്ട്രീയം അവലംബിച്ചു. എന്നാൽ, ഒരിക്കൽ അധികാരത്തിലെത്തിയതോടെ അവർ അധികാര മോഹികളായിത്തീർന്നു. സ്ഥാനമാനങ്ങൾക്കുപിന്നാലെ പാഞ്ഞ അവർക്ക് ഇടതുപക്ഷ സ്വഭാവം അതിവേഗം നഷ്ടപ്പെട്ടു. ബ്രിട്ടണിലെ ലേബർ പാർട്ടിയുടെയും യൂറോപ്പിലെ മറ്റ് സോഷ്യലിസ്റ്റ് പാർട്ടികളുടെയും സ്ഥിതിയിലാണ് ഇന്ന് സിപിഐ(എം).

ലെനിനിസ്റ്റ് പാഠങ്ങൾക്കനുസൃതമായി തെറ്റ് തുറന്ന് സമ്മതിക്കാനും ശരിയായ തിരുത്തലുകൾ വരുത്താനും ഇടതുപക്ഷ സമരപാതയിലേയ്ക്ക് തിരിച്ചുവരാനുമുള്ള ഞങ്ങളുടെ നിർദ്ദേശം ചെവിക്കൊണ്ടിരുന്നെങ്കിൽ, ജനങ്ങളുടെ ഇടയിൽ അവരുടെ സ്വാധീനം നഷ്ടപ്പെടുമായിരുന്നില്ല. തൃണമൂൽ കോൺഗ്രസ്സിന്റെ അഞ്ചുവർഷക്കാലത്തെ ഭരണത്തിൽ അസംതൃപ്തരായവർപോലും സിപിഐ(എം)ന്റെ തിരിച്ചുവരവ് ആഗ്രഹിച്ചില്ല. സിപിഐ(എം)ന്റെ 34വർഷത്തെ ഭീകരഭരണം അവർ മറക്കാറായിട്ടില്ല. ഇതാണ് ടിഎംസിക്ക് ഗുണമായത്. ഇങ്ങനെയൊക്കെയാണെങ്കിലും വരുന്ന അഞ്ചുവർഷത്തിനുള്ളിൽ ടിഎംസിയോടുള്ള ജനങ്ങളുടെ മതിപ്പ് നഷ്ടപ്പെടുകയും മുതലാളിവർഗ്ഗം സിപിഐ(എം)-കോൺഗ്രസ്സ് സഖ്യത്തെയോ സിപിഐ(എം)നെത്തന്നെയോ അധികാരത്തിലെത്തിക്കുകയും ചെയ്തെന്നുവരാം. എന്നാൽ അപ്പോഴേയ്ക്കും സിപിഐ(എം)ൽ അവശേഷിക്കുന്ന ഇടതുപക്ഷ സ്വഭാവംകൂടി ചോർന്നുപോയിട്ടുണ്ടാകും.

### സിപിഐ(എം)നോടുള്ള അഭ്യർത്ഥന

ജനങ്ങളുടെ മുമ്പാകെ തെറ്റുകൾ ഏറ്റുപറയണമെന്ന് സിപിഐ(എം)നോട് ഞങ്ങൾ വീണ്ടും അഭ്യർത്ഥിക്കുകയാണ്. നിങ്ങൾ 34 വർഷത്തെ ഭരണത്തിൽ ചെയ്തതൊന്നും ഇടതുപക്ഷീയതയ്ക്ക് നിരക്കുന്നതായിരുന്നില്ല എന്ന് തുറന്നുപറയുക. നിങ്ങൾ ഒരുപാട് തെറ്റ് ചെയ്തു. ജനങ്ങളോട് അതിന് മാപ്പ് ചോദിക്കുക. കമ്മ്യൂണിസ്റ്റുകൾ തെറ്റ്ചെയ്താൽ അവരത് പരസ്യമായി സമ്മതിക്കുമെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. തെറ്റ് സമ്മതിക്കുക മാത്രമല്ല എന്തുകൊണ്ട് തെറ്റ് സംഭവിച്ചു എന്ന് പരിശോധിക്കുകയും അക്കാര്യം ജനങ്ങളെ അറിയിക്കുകയും ചെയ്യും. എങ്ങനെയാണ് അത് തിരുത്തുന്നതെന്നും ജനങ്ങളോട് പറയും. ഈ പാഠം ഞാൻ സിപിഐ(എം) നേതാക്കളെ ഓർമ്മിപ്പിച്ചിരുന്നു. അവർ ഒരു മാർക്സിസ്റ്റ് പാർട്ടി ആയിരുന്നെങ്കിൽ ലെനിന്റെ ഈ പാഠം പിന്തുടരുമായിരുന്നു. ഇന്നും സിപിഐ(എം)ൽ ഇടതുപക്ഷ മനോഭാവമുള്ള ധാരാളം അണികളുണ്ട്. നേതാക്കൾ തെറ്റായ വഴിയിലാണ് പാർട്ടിയെ നയിക്കുന്നതെന്ന് നിങ്ങൾ തിരിച്ചറിയണമെന്നാണ് ഞങ്ങൾക്ക് അവരോട് പറയാനുള്ളത്. ഏതാനും സീറ്റുകൾക്കുവേണ്ടി കോൺഗ്രസ്സിനെപ്പോലൊരു ബൂർഷ്വാ പാർട്ടിയെയാണ് അവർ ശക്തിപ്പെടുത്തുന്നത്. അതുമൂലം നിങ്ങളുടെ പാർട്ടി ക്ഷയിക്കുന്നു. നിങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തണം. സമരോത്സുകമായ ഇടതുപക്ഷ സമരപാതയിലേയ്ക്ക് നിങ്ങൾ തിരിച്ചുവരണം. സിപിഐ(എം)ന്റെ പാർട്ടികോൺഗ്രസ്സ് വേദിയിൽവച്ചുതന്നെ പാർട്ടിയുടെ അഭിപ്രായമെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. നമുക്ക് ഒന്നിച്ചുനിൽക്കാം, പൊരുതാം.

### സംഘപരിവാർ ശക്തികൾ സ്വാതന്ത്ര്യ സമരത്തെ എതിർത്തിരുന്നു

ശക്തമായ ഈ മഴയത്തിരുന്ന് പ്രസംഗം കേൾക്കുന്നത് വലിയ ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം സഖാക്കളെ, സുഹൃത്തുക്കളെ. അതുകൊണ്ട് ഞാൻ പ്രസംഗം നീട്ടുന്നില്ല. ഇനിയും പലതും പറയാനുണ്ടായിരുന്നു. വർഗ്ഗീയതയും മതമൗലികവാദവും രാജ്യത്തിന് വലിയ ഭീഷണിയായിരിക്കുന്നു എന്ന ഒരു വിഷയം മാത്രമേ ഇനി ഞാൻ ചർച്ച ചെയ്യുന്നുള്ളൂ. ആർഎസ്എസ്-ബിജെപി സഖ്യം ഇതുരണ്ടും ഊട്ടിവളർത്തുകയാണ്. ഹിന്ദു വർഗ്ഗീയതയോടുള്ള പ്രതികരണമെന്നോണം മുസ്ലീം വർഗ്ഗീയതയും ശക്തിപ്പെടുകയാണ്. മതഭ്രാന്ത് വളർത്തി മുതലാളിത്തത്തെ സംരക്ഷിക്കുക എന്നതാണ് ഇതിലൂടെ അവർ ലക്ഷ്യം വയ്ക്കുന്നത്. അങ്ങനെ വന്നാൽ തൊഴിലില്ലായ്മയും പട്ടിണിയുമൊക്കെ കഴിഞ്ഞ ജന്മത്തിലെ പാപത്തിന്റെ ഫലമാണെന്ന് ജനങ്ങളെ എളുപ്പത്തിൽ വിശ്വസിപ്പിക്കാനാകും. ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം ദൈവസൃഷ്ടിയാണ്, ദൈവവിധിയാണെല്ലാം എന്നും വിശ്വസിപ്പിക്കാം. അങ്ങനെ അവരെ വിശ്വസിപ്പിക്കാൻ കഴിഞ്ഞാൽ അനീതിക്കെതിരെ അവർ ശബ്ദമുയർത്തില്ല. യുക്തിചിന്തയും ജനാധിപത്യബോധവും ശാസ്ത്രീയ വീക്ഷണവും നശിപ്പിക്കുകയും ചെയ്യാം. അതോടൊപ്പംതന്നെ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ, സവർണ്ണരും അവർണ്ണരും തമ്മിൽ ഒക്കെയുള്ള ശത്രുത വളർത്തിയെടുക്കുകയും നാനാ പ്രകാരത്തിലുള്ള സങ്കുചിതത്വവും പ്രാദേശിക വാദങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾക്കിടയിലുള്ള ഐക്യവും അവരുടെ യോജിച്ച മുന്നേറ്റങ്ങളും തകർക്കുകയും ചെയ്യാം. ഇതുകൂടാതെ ഹിന്ദു, മുസ്ലീം, സവർണ്ണ, ദലിത് വോട്ടുബാങ്കുകൾ സൃഷ്ടിച്ച് മുതലാളിത്ത സേവക്കാരായ പാർട്ടികൾക്ക് സങ്കുചിതമായ തെരഞ്ഞെടുപ്പ് നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യാം. എന്തൊക്കെ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും സ്വാതന്ത്ര്യ സമരത്തിലൂടെ ജനങ്ങൾക്കിടയിൽ വളർന്നുവന്ന ഐക്യം, അവർ തകർത്തുകൊണ്ടിരിക്കുകയാണ്.

ബിജെപി നേതാക്കൾ ദേശസ്നേഹത്തിന്റെ മുദ്രാവാക്യമുയർത്തുന്നു. ബിജെപിയുടെ സൃഷ്ടാക്കളായ ആർഎസ്എസിന്റെ, സ്വാതന്ത്ര്യ സമരത്തിലെ പങ്ക് എന്തായിരുന്നുവെന്ന് ചോദിച്ചുനോക്കൂ. ആയിരക്കണക്കിന് യുവാക്കൾ പോലീസ് അതിക്രമങ്ങൾക്കിരയാവുകയും ജയിൽവാസമനുഭവിക്കുകയുമൊക്കെ ചെയ്തപ്പോൾ ആർഎസ്എസ് സമരത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. എന്തുകൊണ്ടാണെന്നറിയാമോ? ആർഎസ്എസ് ആചാര്യനും സൈദ്ധാന്തികനുമായ എം.എസ്.ഗോൾവാൾക്കർ പറയുന്നതിങ്ങനെ: "പ്രാദേശികാടിസ്ഥാനത്തിലുള്ള ദേശീയബോധം, പൊതുശത്രു തുടങ്ങി നമ്മുടെ രാഷ്ട്ര സങ്കല്പത്തിന് അടിത്തറപാകിയ സിദ്ധാന്തങ്ങൾ, യഥാർത്ഥ ഹിന്ദുത്വ ദേശീയതയുടെ സക്രിയവും പ്രചോദനാത്മകവുമായ ഉള്ളടക്കം നമുക്ക് നിഷേധിക്കുകയും പല 'സ്വാതന്ത്ര്യ സമരങ്ങളും' ഫലത്തിൽ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളായി പരിണമിക്കുകയുമാണുണ്ടായത്. ബ്രിട്ടീഷ് വിരുദ്ധത ദേശസ്നേഹത്തിന്റെയും ദേശീയതയുടെയും പര്യായമായി മാറി. ഈ പ്രതിലോമ ചിന്താഗതി നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെയാകെമേലും അതിന്റെ നേതാക്കളുടെയും സാധാരണ ജനങ്ങളുടെയുംമേലും വിനാശകരമായ ഫലങ്ങളുളവാക്കി."

'ഹിന്ദു ദേശീയതയെക്കുറിച്ച് മൗനം ദീക്ഷിക്കുന്നവർ ഒന്നുകിൽ ദേശീയതാല്പര്യത്തിന്റെ ശത്രുക്കളാണ്, അല്ലെങ്കിൽ ദേശദ്രോഹികളാണ്, അതുമല്ലെങ്കിൽ വെറും വിഡ്ഢികളാണ്'. ഈ നിരീക്ഷണം കണക്കിലെടുക്കുകയാണെങ്കിൽ ദേശബന്ധു ചിത്തരഞ്ജൻ ദാസിനെയും ലാലാ ലജ്പത്റായിയെയും ബാല ഗംഗാധര തിലകനെയും ഭഗത്സിംഗിനെയും ഖുദിറാം ബോസിനെയുമൊക്കെ നമ്മൾ എന്ത് വിളിക്കണം? ഇക്കാര്യം ദയവായി ആലോചിക്കണം, കാരണം ഇവരാരും തന്നെ ഹിന്ദു ദേശീയതയ്ക്കുവേണ്ടി പൊരുതിയവരല്ല. 'ദേശസ്നേഹം വഴിഞ്ഞൊഴുകുന്ന' ബിജെപി-ആർഎസ്എസ് നേതാക്കൾ ഇപ്പോൾ ഇവരെക്കാളൊക്കെ വലിയ ഔന്ന

*(ശേഷം 7-ാം പേജിൽ)*

**രാജ്യത്താകെയുള്ള 121 കോടി ജനങ്ങളിൽ 65 കോടിയും തൊഴിൽ രഹിതരാണെന്ന് ഇന്ത്യൻ പ്രസിഡന്റ് തന്നെ സമ്മതിച്ചിട്ടുണ്ട്. 77 ശതമാനം ആളുകൾ 20 രൂപ പോലും പ്രതിദിനം ചെലവഴിക്കാനില്ലാത്ത, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരാണെന്നും ഔദ്യോഗിക കണക്കുകൾ പറയുന്നു. ഇതാണ് രാജ്യം നേടിയ വികസനം. എന്നാൽ അംബാനി, ടാറ്റ, ബിർള, ഗോയങ്ക, അദാനിമാരൊക്കെ ശതകോടികൾ കുമിഞ്ഞുകൂട്ടുകയാണ്. അവരുടെയൊക്കെ ആസ്തികൾ നിരന്തരം പെരുകിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് കടത്തിലാണ്. 69 ലക്ഷം കോടി രൂപയാണ് ഇപ്പോൾ കടം. ബജറ്റ് കമ്മി 5,55,000 കോടി രൂപയാണ്. എന്നിട്ടും മുതലാളിമാർക്ക് 4 ലക്ഷം കോടി രൂപയുടെ നികുതി ഇളവുകൾ നൽകി. ഇതേ കുത്തകകൾതന്നെ ദേശസാൽകൃത ബാങ്കുകളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ 8 ലക്ഷം കോടി രൂപയുടെ വീഴ്ച വരുത്തിയിരിക്കുന്നു. സർക്കാർ ഖജനാവിൽനിന്ന് പണമെടുത്ത് ബാങ്കുകൾക്ക് നൽകി ഗവണ്മെന്റ് ഈ ബാദ്ധ്യതകളും ഏറ്റെടുക്കുന്നു. അപ്പോൾ ആരുടെ ഗവണ്മെന്റാണിത്?**

# സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ യഥാർത്ഥവിമോചനം സാദ്ധ്യമാകൂ

*(6-ാം പേജിൽ നിന്ന്)*

ത്യമുള്ളവരായി മാറിയിരിക്കുന്നു. അന്നത്തെ കാര്യങ്ങളൊന്നും പലർക്കും അറിയില്ല എന്നത് ഇക്കൂട്ടർക്ക് ഗുണകരമായി. ആർഎസ്എസ്-ബിജെപിക്കാർ മാത്രമാണ് ഹിന്ദുത്വ ഭക്തന്മാരെങ്കിൽ ചൈതന്യനും രാമകൃഷ്ണ പരമഹംസരും വിവേകാനന്ദനുമൊന്നും ഹിന്ദുക്കളേയല്ല എന്ന് പറയേണ്ടിവരും. കാരണം, അവരാരും രാമന്റെ ജന്മസ്ഥലം അന്വേഷിക്കാനോ ബാബ്‌രി മസ്ജിദ് തകർക്കാൻ ആഹ്വാനം ചെയ്യാനോ തയ്യാറായിട്ടില്ല. രാമകൃഷ്ണ പരമഹംസർ മുസ്ലീം, ക്രിസ്ത്യൻ പള്ളികളിൽ പോയി ആരാധന നടത്തിയിരുന്നുതാനും. അള്ളായും കർത്താവും ഭഗവാനുമൊക്കെ ഒരാൾ തന്നെയാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. എല്ലാ മതങ്ങളെയും ഒരുപോലെ ബഹുമാനിക്കണമെന്നായിരുന്നു വിവേകാനന്ദന്റെ അഭിപ്രായം. അദ്ദേഹം ഇങ്ങനെ കൂടി പറഞ്ഞു: "എനിക്കൊരു മകനുണ്ടായിരുന്നെങ്കിൽ അവനെ ഒരു മതത്തിന്റെയും രക്ഷാകർതൃത്വത്തിൽ വളർത്താൻ ഞാൻ മുതിരില്ലായിരുന്നു. മനസ്സിന്റെ ഏകാഗ്രത പരിശീലിക്കുന്നതിനും ചെറിയൊരു പ്രാർത്ഥന ചൊല്ലുന്നതിനും മാത്രമേ അവസരമൊരുക്കുമായിരുന്നുള്ളൂ. വളർന്ന് വലുതാകുമ്പോൾ ക്രിസ്തുവോ ബുദ്ധനോ മുഹമ്മദോ ആരെ വേണമെങ്കിലും അവന് സ്വീകരിക്കാം. ഒരേ സമയംതന്നെ, തികച്ചും സ്വതന്ത്രമായി, ഒരു വഴക്കുമില്ലാതെ, എന്റെ മകന് ഒരു ബുദ്ധമതാനുയായിയും എന്റെ ഭാര്യയ്ക്ക് ഒരു ക്രിസ്ത്യാനിയും എനിക്ക് ഒരു മുസ്ലീമുമായിരിക്കാൻ കഴിയുമായിരുന്നു."

അദ്ദേഹത്തിന്റെ കൃതികളിൽനിന്ന് ഈ രീതിയിൽ എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആർഎസ്എസ്-ബിജെപിക്കാർ മതത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്നതൊന്നും മത പ്രബോധനങ്ങൾക്ക് നിരക്കുന്നതല്ലെന്ന്. ശ്യാമപ്രസാദ് മുഖർജിയെപ്പോലെ ശക്തനായ ഒരു നേതാവുണ്ടായിട്ടും ഹിന്ദു മഹാസഭയ്ക്ക് ബംഗാളിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയാതെ പോയത് നേതാജിക്കും ഇടതുപക്ഷ പ്രസ്ഥാനത്തിനും ഇവിടെ ശക്തമായ സ്വാധീനമുണ്ടായിരുന്നതുകൊണ്ടാണ്. എന്നാൽ ഇന്ന് സിപിഐ(എം) ഇടതുപക്ഷീയതയെ ദുർബലപ്പെടുത്തുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാൽ ബിജെപി-ആർഎസ്എസ് ശക്തികൾ ബംഗാളിലും സ്വാധീനമുണ്ടാക്കുകയാണ്. ഇത് ഗൗരവമായി കാണേണ്ട വിഷയമാണ്. പാർലമെന്ററി താല്പര്യം മുൻനിർത്തി ടിഎംസിയും സിപിഐ(എം)ഉം ബിജെപിയുടെ ശക്തി വർദ്ധിപ്പിക്കുന്ന നടപടികളാണ് എടുക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. "മുസ്ലീം വോട്ട് ബാങ്ക്" സൃഷ്ടിക്കുന്നതുവഴി ടിഎംസിയും, ബിജെപി രണ്ടാം സ്ഥാനത്ത് വരുമെന്ന് പ്രചരിപ്പിച്ച് കോൺഗ്രസ്സുമായി ചങ്ങാത്തം ഉണ്ടാക്കുന്നതുവഴി സിപിഐ(എം)ഉം ബിജെപിക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. ഇത് മുതലെടുത്ത് അവർ സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**ഭീകരവാദികൾ മതസംഹിതകൾക്കെതിരെ പ്രവർത്തിക്കുന്നു**

ഇസ്ലാമിന്റെ പേരിൽ നടത്തുന്ന ഭീകരപ്രവർത്തനമെല്ലാം തികച്ചും മുഹമ്മദ് നബിയുടെ പ്രബോധനങ്ങൾക്കെതിരായിട്ടുള്ളതാണ്. തന്റെ മുൻഗാമികളായ അബ്രഹാം, മോസസ്, ജീസസ് എന്നീ പ്രവാചകരുടെ മതങ്ങളെയെല്ലാം മുഹമ്മദ് നബി എതിർത്തെങ്കിലും അവരെയെല്ലാം അള്ളാവിന്റെ പ്രതിനിധികളായിത്തന്നെയാണ് അദ്ദേഹം വിശേഷിപ്പിച്ചത്. അതുകൊണ്ട് അവരെയും തന്നെപ്പോലെതന്നെ ബഹുമാനിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ആക്രമണം നേരിടേണ്ടി വന്നപ്പോൾ, മൂന്ന് യുദ്ധങ്ങളിൽ മുഹമ്മദ് പങ്കെടുത്തു. എന്നാൽ അദ്ദേഹം ആരെയും അങ്ങോട്ട് ആക്രമിച്ചില്ല, തടവിലാക്കിയവരെ കൊന്നില്ല, അതിന് ആരെയും അനുവദിച്ചുമില്ല. മദീനയിൽവച്ച് അദ്ദേഹം പ്രഖ്യാപിച്ചത് വിഗ്രഹാരാധകർക്കും ജൂതന്മാർക്കും മുസ്ലീങ്ങൾക്കും സ്വന്തം വിശ്വാസ പ്രകാരമുള്ള മതാചാരങ്ങൾ അനുഷ്ഠിക്കാമെന്നാണ്. ആരും അവരെ തടയില്ല. മുഹമ്മദിനുനേരെ നിരന്തരം ആക്രമണം നടത്തിയ അബു സൂഫിയാനെ യുദ്ധത്തടവുകാരനായി തന്റെ മുന്നിൽ ഹാജരാക്കിയപ്പോൾ അയാളെ വധിക്കണമെന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്. എന്നാൽ മുഹമ്മദ് നബി സൂഫിയാനെ അനുനയിപ്പിച്ച് സ്വന്തം മതത്തിൽ ചേർക്കുകയാണുണ്ടായത്. ഇതാണ് ഇസ്ലാംമതം. ഇസ്ലാമിന്റെ അർത്ഥംതന്നെ സമാധാനം എന്നാണ്. ഹിന്ദു മതാചാര്യന്മാരെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞുവല്ലോ. മുസ്ലീങ്ങൾക്കും ദലിതുകൾക്കും നേരെ ആക്രമണം അഴിച്ചുവിടുകയും അവരെ പീഡിപ്പിക്കുകയും ചെയ്യുന്നവർ ഹിന്ദുമതത്തിന്റെ അനുശാസനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്. അതുപോലെതന്നെ ഇസ്ലാമിന്റെ പേരിൽ മറ്റു മതവിശ്വാസികൾക്കുമേൽ ആക്രമണം നടത്തുന്നവർ ഇസ്ലാമിന് നിരക്കാത്ത പ്രവൃത്തിയാണ് ചെയ്യുന്നത്. ഇന്ന് ലോകമെങ്ങും അപകടകരമാംവിധം മതമൗലികവാദവും ഭീകരവാദവുമൊക്കെ തലപൊക്കുകയും മൂല്യച്യുതി വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതെന്തുകൊണ്ടാണ്? പാശ്ചാത്യ മുതലാളിത്ത നാഗരികത, മുതലാളിത്തം സാമ്രാജ്യത്വഘട്ടത്തിലെത്തിയതോടെ ക്ഷയിക്കാൻ തുടങ്ങി. മാനവികതയുടെമേൽ ഇത് ഇരുട്ട് പരത്തി. ആ ഘട്ടത്തിലാണ് ലെനിന്റെ നേതൃത്വത്തിൽ റഷ്യയിൽ മുതലാളിത്തത്തെ ഒരു വിപ്ലവത്തിലൂടെ തകർത്ത് സോഷ്യലിസം സ്ഥാപിച്ചത്. റൊമെയ്ൻ റോളണ്ട്, ബർണാർഡ് ഷാ, ഐൻസ്റ്റീൻ തുടങ്ങി പാശ്ചാത്യലോകത്തെ മാനവവാദത്തിന്റെ അവസാനഘട്ട പ്രവാചകരും രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, നേതാജി, ഭഗത് സിംഗ്, പ്രേംചന്ദ്, നസ്രുൾ, സുബ്രഹ്മണ്യ ഭാരതി തുടങ്ങി നമ്മുടെ മണ്ണിലെ അതികായന്മാരായ മാനവവാദികളും പുതിയൊരു നാഗരികതയുടെ ഉദയമെന്ന് വിശേഷിപ്പിച്ചുകൊണ്ട് സോവിയറ്റ് സോഷ്യലിസത്തെ ഹൃദയംഗമമായി സ്വീകരിച്ചു. സോവിയറ്റ് സോഷ്യലിസത്തിന്റെ അമരക്കാരനായ മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസ്റ്റുശക്തികളെ പരാജയപ്പെടുത്തിയതോടെ പൂർവ്വ യൂറോപ്പിലും ചൈനയിലും വിയറ്റ്നാമിലുമെല്ലാം സോഷ്യലിസം സ്ഥാപിതമായി. ഇതോടെ ശക്തമായ തൊഴിലാളിവർഗ്ഗ വിപ്ലവമുന്നേറ്റങ്ങൾ നിരവധി രാജ്യങ്ങളിലുണ്ടായി. കോളണികളിലും അർദ്ധകോളണികളിലും നടന്ന സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾക്ക് വമ്പിച്ച മുന്നേറ്റം സാദ്ധ്യമാകുകയും ചെയ്തു. ഇതിന്റെയെല്ലാമടിസ്ഥാനത്തിൽ ഉന്നതമായൊരു ധാർമ്മിക-സദാചാര ബോധം ലോക നാഗരികതയെ പ്രചോദിപ്പിക്കുകയും ചെയ്തു. പക്ഷേ, അങ്ങേയറ്റം ഖേദകരമെന്നു പറയട്ടെ, ആഗോള മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ പുറമേനിന്നും, മുതലാളിത്ത-തിരുത്തൽവാദ ശക്തികൾ അന്തരികമായും നടത്തിയ ഗൂഢാലോചനയുടെ ഫലമായി സോഷ്യലിസ്റ്റ് വ്യവസ്ഥ തകർക്കപ്പെട്ടു. സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കേറ്റ മാരകമായ ഈ തിരിച്ചടി ലോകത്തെയാകെ ഒരിക്കൽക്കൂടി അന്ധകാരത്തിലാഴ്ത്തുകയും മാനവികതയ്ക്കുനേരെ ഭീഷണിയുയർത്തുകയും ചെയ്തു. അതികായനായ മാനവവാദിയും സാഹിത്യകാരനും ചിന്തകനുമായ റൊമെയ്ൻ റോളണ്ട് ഇതേക്കുറിച്ച് ഒരിക്കൽ സൂചിപ്പിച്ചിരുന്നു. സോഷ്യലിസം തകർന്നാൽ ഇങ്ങനെയൊക്കെ സംഭവിക്കാമെന്നായിരുന്നു അദ്ദേഹം ആശങ്കപ്പെട്ടത്. അദ്ദേഹം പറഞ്ഞു: "സോവിയറ്റ് യൂണിയനെതിരായി ലോകത്ത് സാമ്രാജ്യത്വ ശക്തികളുടേതായ ഒരു മാരക സഖ്യം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു.... സോവിയറ്റ് വ്യവസ്ഥ തകരാനിടയായാൽ ലോകത്തെ തൊഴിലാളിവർഗ്ഗം മാത്രമല്ല, സാമൂഹ്യവും വ്യക്തിപരവുമായ മുഴുവൻ സ്വാതന്ത്ര്യവുമായിരിക്കും ബന്ധനസ്ഥമാകാൻ പോകുന്നത്; .... ലോകം പല ഘട്ടങ്ങൾ പിന്നിലേയ്ക്ക് എടുത്തെറിയപ്പെടും.... വരാനിരിക്കുന്ന ഏതാനും നൂറ്റാണ്ടുകളിലേയ്ക്ക് സർവ്വതും അന്ധകാരത്തിലാഴ്ത്തപ്പെടും. "

യഥാർത്ഥത്തിൽ, ഈ പ്രതിസന്ധി മുതലെടുത്തുകൊണ്ട് മുതലാളിത്ത-സാമ്രാജ്യത്വം മതമൗലികവാദവും ഭീകരവാദവുമൊക്കെ പ്രോത്സാഹിപ്പിക്കുകയാണ്. അതിലൂടെ വിവിധ രാജ്യങ്ങളിൽ വളർന്നുവരുന്ന ജനാധിപത്യ സമരങ്ങൾക്കും വിപ്ലവപ്പോരാട്ടങ്ങൾക്കും തടയിടാൻ കഴിയും. പ്രതിസന്ധിയിലകപ്പെടുമ്പോൾ ജനങ്ങൾ പ്രക്ഷുബ്ധരാകുമെന്ന് മുതലാളിവർഗ്ഗത്തിനറിയാം. എന്നാൽ ഒരു വിപ്ലവ പ്രത്യയശാസ്ത്രമോ ഉയർന്ന നൈതിക-സദാചാര അടിത്തറയോ ശരിയായ നേതൃത്വമോ ഇല്ലെങ്കിൽ ഈ സമരങ്ങൾകൊണ്ട് ഭയപ്പെടാനൊന്നുമില്ലെന്നും അവർക്കറിയാം. എതിർപ്പും പ്രതിഷേധവുമൊന്നും വിപ്ലവമുന്നേറ്റമായി രൂപാന്തരപ്പെടില്ല. യാഥാർത്ഥത്തിൽ ഇതുതന്നെയാണിന്ന് സംഭവിക്കുന്നതും. സോഷ്യലിസ്റ്റ് ചേരിയുടെ അഭാവം മുതലെടുത്ത് അവർ ഇറാഖിനെ നിലംപരിശാക്കി. അഫ്ഗാനിസ്ഥാനെയും ലിബിയയെയും തകർത്തു. സിറിയയിൽ യുദ്ധമഴിച്ചുവിട്ടു. ഷിയ-സുന്നി സംഘർഷത്തിന് ആക്കം വർദ്ധിപ്പിച്ചു. അൽ ഖ്വെയ്ദ മുതൽ ഐഎസ്ഐഎസ് വരെയുള്ളതെല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൃഷ്ടിയാണെന്ന കാര്യം ദയവായി മനസ്സിലാക്കുക. ഈ ഭീകരവാദികൾക്ക് ആയുധവും പണവും നൽകുന്നതും അവരെ നിലനിർത്തിയിരിക്കുന്നതും അമേരിക്കയടക്കമുള്ള സാമ്രാജ്യത്വ ശക്തികളാണ്.

ഈ സാഹചര്യത്തിൽ, എല്ലാ രാജ്യങ്ങളിലും മാർക്സിസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്രാജ്യത്വവിരുദ്ധ, മുതലാളിത്ത വിരുദ്ധ, സോഷ്യലിസ്റ്റ് വിപ്ലവ മുന്നേറ്റങ്ങൾ വികസിച്ചുവരേണ്ടതുണ്ട്. തൊഴിലില്ലായ്മ, പിരിച്ചുവിടൽ, വിലക്കയറ്റം, പട്ടിണിമരണം, മൂല്യച്യുതി, മതമൗലികവാദം, വർഗ്ഗീയത തുടങ്ങിയ വിപത്തുകളിൽനിന്നെല്ലാം മാനവനാഗരികതയെ രക്ഷിക്കാൻ ഇത് അനിവാര്യമായിരിക്കുന്നു. അടുത്ത വർഷം ഐതിഹാസികമായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ആചരിക്കപ്പെടുകയാണ്. വിവിധ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവം സംഘടിപ്പിക്കാനും അത് വിജയിപ്പിക്കാനുമുള്ള പ്രതിജ്ഞ പുതുക്കേണ്ട സന്ദർഭമാണിത്.

**സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ യഥാർത്ഥ വിമോചനം സാദ്ധ്യമാകൂ**

ലോകത്ത് കോടിക്കണക്കിനാളുകൾ വിമോചനത്തിനായി കേഴുകയാണ്. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ യഥാർത്ഥ വിമോചനം സാദ്ധ്യമാകൂ. അതിന്, സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ, ശരിയായ മാർക്സിസ്റ്റ് വിപ്ലവപ്പാർട്ടി, വിപ്ലവരാഷ്ട്രീയം, വിപ്ലവസംസ്കാരം, വിപ്ലവസ്വഭാവം എന്നിവ അനിവാര്യമാണ്. ആ ലക്ഷ്യത്തോടെയാണ് അദ്ദേഹം ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നനിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ക്ക് രൂപം കൊടുത്തത്. ഇന്ന്, ആഗസ്റ്റ് 5ന്, നമ്മുടെ പാർട്ടിയെ ഇനിയുമധികം ശക്തിപ്പെടുത്തുമെന്ന് നമ്മൾ ദൃഢപ്രതിജ്ഞ എടുക്കണം.

ഭഗത് സിംഗിനെപ്പോലുള്ള വ്യക്തിത്വങ്ങളെയാണ് നമുക്കിന്നാവശ്യം. തൂക്കിക്കൊല്ലുന്നതിന് തൊട്ടുമുൻപ്, ഭഗത് സിംഗ് ആഗ്രഹിക്കുന്നെങ്കിൽ അദ്ദേഹത്തെ ജയിൽ വിമോചിതനാക്കാം എന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പറഞ്ഞു. അവരോട് ഭഗത് സിംഗ് പറഞ്ഞു: "ഇന്ന് ഞാൻ വിപ്ലവത്തിന്റെ പ്രതീകമാണ്. ഞാൻ ഒളിച്ചോടിയാൽ അത് അപകീർത്തിയുണ്ടാക്കും. ഞാൻ സന്തോഷത്തോടെ കൊലക്കയർ സ്വീകരിക്കും. അപ്പോൾ ഭഗത് സിംഗിനെപ്പോലുള്ള സന്താനങ്ങൾക്ക് ജന്മം നൽകാൻ അമ്മമാർ ആഗ്രഹിക്കും. അങ്ങനെ അനേകം വിപ്ലവകാരികൾ ജന്മമെടുക്കും." ഖുദിറാമിന്റെ അമ്മയാകുക എന്ന ആഹ്വാനമാണ് നസ്രുൾ ബംഗാളിലെ അമ്മമാർക്ക് നൽകിയത്. നമുക്ക് അത്തരം അനേകം വിപ്ലവകാരികളെ ആവശ്യമുണ്ട്. ഭഗത് സിംഗിനെപ്പോലെ ഖുദിറാമിനെപ്പോലെ, പ്രീതിലതയെപ്പോലുള്ള വിപ്ലവകാരികൾ. അവർ മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ കൊടിക്കൂറയുമേന്തി മുതലാളിത്ത-സാമ്രാജ്യത്വത്തിനെതിരെ പൊരുതും.

ഒടുവിലായി എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, എല്ലാ മഹാന്മാരുടെയും രക്തസാക്ഷികളുടെയും ജീവിതവും സമരവും നിങ്ങൾ ഓരോ ഭവനത്തിലും ഓരോ പ്രദേശങ്ങളിലും ഊട്ടിവളർത്തണമെന്നാണ്. കുട്ടികളെ അവരെപ്പോലെ വളർത്തിയെടുക്കണം. കുട്ടികൾ സാംസ്കാരികാധഃപതനത്തിന് ഇരയായി നശിക്കുകയാണ്. ആഴ്ചയിലൊരിക്കലെങ്കിലും എല്ലാ കുട്ടികളെയും ഒരുമിച്ചുകൂട്ടി കളികളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിലും ചർച്ചകളിലുമൊക്കെ അവരെ പങ്കെടുപ്പിക്കണം. മഹാന്മാരുടെയും വിപ്ലവകാരികളുടെയുമൊക്കെ ജീവിതം പരിചയിച്ച് അവർ നല്ല മനുഷ്യരായി വളരട്ടെ. ഈ കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള മാനുഷിക ഗുണങ്ങൾ ആർജ്ജിച്ചെടുക്കാനുള്ള ഒരു സമരം കെട്ടഴിച്ചുവിടുക. അല്ലാത്തപക്ഷം ഭാവി കൂടുതൽ വിഷാദാത്മകമാകും. നമുക്കാവശ്യം മുതലാളിത്തവിരുദ്ധ വിപ്ലവരാഷ്ട്രീയവും സംസ്കാരവുമാണ്. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തയെ അടിസ്ഥാനപ്പെടുത്തി അത്തരമൊരു രാഷ്ട്രീയവും സംസ്കാരവും വളർത്തിയെടുക്കുന്നത് നമ്മുടെ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാത്രമാണ്. ഈ പാർട്ടിയെ എല്ലാ പ്രകാരേണയും ശക്തിപ്പെടുത്തുക. ശരിയായ വിപ്ലവ രാഷ്ട്രീയവും സംസ്കാരവും സ്വാംശീകരിച്ചുകൊണ്ട് സായുധരാകുക. വർഗ്ഗ -ബഹുജന സമരങ്ങൾ കെട്ടിപ്പടുക്കുക. ജനങ്ങളുടെ സമരക്കമ്മിറ്റികളും വാളന്റിയർ സംഘങ്ങളും കെട്ടിപ്പടുക്കുക. ഈ വാക്കുകളോടെ ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

*വിപ്ലവം നീണാൾ വാഴട്ടെ.*
*എസ്‌യൂസിഐ(കമ്മ്യൂണിസ്റ്റ്)*
*നീണാൾ വാഴട്ടെ.*
*മഹാനായ തൊഴിലാളിവർഗ്ഗ*
*നേതാവ് സഖാവ്*
*ശിബ്ദാസ് ഘോഷിന് ലാൽ സലാം.*

(അവസാനിച്ചു)

**ഉദ്ധരണികൾ**


1.On evaluation of Saratchandra, Shibdas Ghosh, Selected works, vol.III

2. Life story of Vidyasagar - Rabindranath Tagore

3. My reminiscences - Rabindranath Tagore

4. Collected works of Vidyasagar

5. Karunasagar Vidyasagar - Indra Mitra

6. Karunasagar Vidyasagar - Indra Mitra

7. Anand bazar Patrika

8. Crisis of civilization - Rabindranath Tagore

9. Aikyatan (concert) - Rabindranath Tagore

10. Letters of Amiya Chakraborthy - Rabindranath Tagore

11. Carry proletarian culture to the workers - Shibdas Ghosh, vol III

12. Bunch of thoughts - MS Golwalkar

13. Bunch of thoughts - MS Golwalkar

14. Message and writings - Vivekananda Vol.III

15. I will not rest - Romain Rolland.-

### വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും സംരക്ഷിക്കുവാനുള്ള പ്രക്ഷോഭണങ്ങൾക്ക് കരുത്തേകി

# എഐഡിഎസ്ഒ സംഘടിപ്പിച്ച 9-ാമത് സംസ്ഥാന വിദ്യാർത്ഥി സമ്മേളനം

സേവ് എജ്യുക്കേഷൻ, സേവ് കൾച്ചർ എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് ഓൾ ഇൻഡ്യ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) സംഘടിപ്പിച്ച ഒൻപതാം സംസ്ഥാന വിദ്യാർത്ഥി സമ്മേളനം ഒക്ടോബർ 7,8,9 തീയതികളിൽ കൊല്ലത്ത് നടന്നു.

എഐഡിഎസ്ഒ എന്ന വിപ്ലവവിദ്യാർത്ഥി പ്രസ്ഥാനം കേരളത്തിന്റെ മണ്ണിൽ പ്രവർത്തനമാരംഭിച്ചത് നാലു പതിറ്റാണ്ട് മുൻപ് കൊല്ലം നഗരത്തിലായിരുന്നു. മാധ്യമങ്ങളുടെയോ വൻകിട പ്രചാരണങ്ങളുടെയോ സഹായമില്ലാതെ, വിരലിലെണ്ണാവുന്ന വിദ്യാർത്ഥികൾ കൊല്ലം ടികെഎം എഞ്ചിനീയറിംഗ് കോളെജിൽ തുടക്കം കുറിച്ച ഈ പ്രസ്ഥാനം ഒൻപതാം വിദ്യാർത്ഥി സമ്മേളനം സംഘടിപ്പിക്കുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ ആധികാരിക ശബ്ദമാണ്. പൊതു വിദ്യാഭ്യാസം സംരക്ഷിക്കുക, ലാഭകരമല്ലെന്ന പേരിൽ ഒരു സ്കൂളും അടച്ചുപൂട്ടരുത്, സ്വയംഭരണകോളെജുകൾ വേണ്ട, സ്വാശ്രയവിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കുക, പാരലൽ വിദ്യാഭ്യാസം സംരക്ഷിക്കുക, മദ്യ-മയക്കുമരുന്നു മാഫിയകളെ അമർച്ച ചെയ്യുക, സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുക എന്നീ മുദ്രാവാക്യങ്ങളാണ് ഒൻപതാം വിദ്യാർത്ഥി സമ്മേളനം പ്രധാനമായും ഉയർത്തിയത്. വിദ്യാർത്ഥി സമ്മേളനത്തെ സ്വാഗതം ചെയ്യുവാൻ കൊല്ലത്തെ പൗരപ്രമുഖരും പൊതുജനങ്ങളും സസന്തോഷം മുന്നോട്ട് വന്നു. മലയാളത്തിന്റെ പ്രിയകവി കുരീപ്പുഴ ശ്രീകുമാർ, ഡോ.ബി.എ.രാജാകൃഷ്ണൻ എന്നിവർ രക്ഷാധികാരികളും എ.ജയിംസ് പ്രസിഡന്റും ജെ മാനവ് കൺവീനറുമായുള്ള 51 അംഗ സ്വാഗതസംഘം ഈ വിദ്യാർത്ഥി സമ്മേളനത്തെ വരവേൽക്കുവാൻ തയ്യാറായി.




കൊല്ലത്ത് നടന്ന എഐഡിഎസ്ഒ സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

ഒക്ടോബർ 7 ന് രാവിലെ 11 മണിക്ക് കൊല്ലം കെഎസ്ആർടിസി ബസ്സ്റ്റാന്റിന് സമീപത്തുനിന്നും സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പ്രകടനം ആരംഭിച്ചു. മുൻനിരയിൽ 9-ാം സമ്മേളനത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് സമരം, ഐക്യം, പുരോഗതി എന്ന് ആലേഖനം ചെയ്ത ചെമ്പതാകയേന്തിയ ഒമ്പത് വോളന്റിയർമാർ മാർച്ച് ചെയ്തു. സമ്മേളനമുയർത്തുന്ന മുദ്രാവാക്യങ്ങൾ ആലേഖനം ചെയ്ത പ്രധാന ബാനറിന് പിന്നിൽ അഖിലേന്ത്യാ പ്രസിഡന്റ് കമാൽ സെയിൻ, അഖിലേന്ത്യാ വൈസ് പ്രസിഡന്റുമാരായ വി.എൻ.രാജശേഖർ, വോൾട്ടയർ, എന്നിവരും സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി ബിനുബേബി, എന്നിവരോടൊപ്പം സംസ്ഥാന നേതാക്കളായ സഖാക്കൾ കെ.ബിമൽജി, എസ്. ശ്രീകുമാർ കെ.പി.സാൽവിൻ, ബി.മായാദേവി എ. റജീന പി.സി.വിവേക്, ആർ.മാളു, അനിലബോസ് എന്നിവരുടെ നേതൃനിരയ്ക്ക് പിന്നിലായി വിവിധ ജില്ലകളിൽ നിന്നുമെത്തിയ പ്രവർത്തകർ, ഏറ്റവുമൊടുവിൽ ആതിഥേയരായ കൊല്ലം ജില്ലയിലെ വിദ്യാർത്ഥി പ്രവർത്തകർ. സമ്മേളനത്തിന്റെ ഊർജ്ജം മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് മുദ്രാവാക്യങ്ങളുയർത്തി, വിപ്ലവകരമായ അച്ചടക്കബോധം പ്രകടിപ്പിച്ചുകൊണ്ടുള്ള ആ പ്രകടനം ബഹുജനങ്ങൾ സ്നേഹാദരങ്ങളോടെ വീക്ഷിച്ചു. ഉന്നതമായ ആദർശങ്ങളുടെ അടിസ്ഥാനത്തിൽ- മാർക്സിസം, ലെനിനിസം, സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ - വിദ്യാഭ്യാസസംരക്ഷണ വിദ്യാർത്ഥി പ്രസ്ഥാനം വളർന്നുവരുന്നതെങ്ങനെയെന്നതിന്റെ നേർസാക്ഷ്യമായിരുന്നു ഈ പ്രകടനം.

പ്രകടനം കൊല്ലം പബ്ലിക്ക് ലൈബ്രറി ഹാളിലെത്തിയപ്പോൾ നടന്ന പൊതുസമ്മേളനം എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കമാൽ സെയിൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും സംരക്ഷിക്കുകയെന്ന മുദ്രാവാക്യം പൊതുസമൂഹം ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 1986 മുതലുള്ള ദേശീയ വിദ്യാഭ്യാസ നയങ്ങൾ വിദ്യാഭ്യാസത്തിന്റെ കച്ചവടവത്ക്കരണമാണ് ലക്ഷ്യം വെച്ചത്. 2016 - ലെ പുതിയ ദേശീയ വിദ്യാഭ്യാസനയവും സമ്പൂർണ്ണമായ കച്ചവടവത്ക്കരണത്തിന്റെ മാനിഫെസ്റ്റോയാണ്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വർഗ്ഗീയവത്ക്കരിക്കുവാനും ഈ നയം ലക്ഷ്യമാക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് എഐഡിഎസ്ഒ ഉയർത്തുന്ന മുദ്രാവാക്യത്തിന് പ്രാധാന്യമേറുന്നത് - അദ്ദേഹം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അധ്യക്ഷത വഹിച്ചു. തമിഴ്നാട് സംസ്ഥാന പ്രസിഡന്റ് വോൾട്ടയർ, കേരള സംസ്ഥാന സെക്രട്ടറി ബിനുബേബി, സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.ഡി. സന്തോഷ് എന്നിവർ പ്രസംഗിച്ചു.




കൊല്ലം നഗരത്തിൽ സമ്മേളനത്തിന്റെ ഭാഗമായി നടന്ന വിദ്യാർത്ഥിപ്രകടനം

ഉച്ചയ്ക്ക് ശേഷം നടന്ന വിദ്യാർത്ഥി സമരനേതാക്കളുടെ സംഗമം ഡമോക്രാറ്റിക് റിസർച്ച് സ്കോളേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന കൺവീനറും കാലടി സംസ്കൃത സർവകലാശാലയിലെ ഗവേഷകനുമായ വി.കെ.അനീഷ്കുമാർ ഉദ്ഘാടനം ചെയ്തു. കാരക്കോണം മെഡിക്കൽ വിദ്യാർത്ഥികളുടെ സമരനേതാവ് ഡോ. അരുണ, കലാവിദ്യാർത്ഥി സമരസമിതി നേതാവ് ജെയിംസ്, ഫാത്തിമ ഫാർമസി കോളെജ് സമരനേതാവ് ജസ്റ്റിൻ, ഫാത്തിമ മാതാ നാഷണൽ കോളെജ് സ്വയംഭരണ വിരുദ്ധസമരത്തിന്റെ പ്രതിനിധി നിലീന അശോക്, പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ പ്രതിനിധി വി.ഡി. സന്തോഷ് എന്നിവർ പ്രസംഗിച്ചു. ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി കെ.പി. സാൽവിൻ അധ്യക്ഷത വഹിച്ചു. ഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗങ്ങളായ അലീന എസ് സ്വാഗതവും ആർ.ജയകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു.

വൈകുന്നേരം അഞ്ച് മണിക്ക് ചിന്നക്കട ജംഗ്ഷനു സമീപം നടന്ന സേവ് എജ്യുക്കേഷൻ, സേവ് കൾച്ചർ മീറ്റ്

(ശേഷം 9-ാം പേജിൽ)




സമാപന സമ്മേളനത്തിൽ എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കമാൽ സെയിൻ പ്രസംഗിക്കുന്നു

# വിദ്യാഭ്യാസ അവകാശദിനാചരണം




കൊല്ലം ജില്ലയിൽ അഞ്ചലിൽ നടന്ന യോഗത്തിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനുബേബി പ്രസംഗിക്കുന്നു



ആലപ്പുഴ ടൗണിൽ നടന്ന യോഗത്തിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് പ്രസംഗിക്കുന്നു

സംസ്ഥാന സമ്മേളനത്തിന്റെ ആഹ്വാനപ്രകാരം ഒക്ടോബർ 28 വിദ്യാഭ്യാസ അവകാശദിനമായി സംസ്ഥാനവ്യാപകമായി ആചരിച്ചു. കൊല്ലത്ത് അഞ്ചലിൽ നടന്ന പ്രകടനവും പൊതുയോഗവും സംസ്ഥാനപ്രസിഡന്റ് സഖാവ് ബിനുബേബി ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി ജയകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാപ്രസിഡന്റ് മാനവ് ജ്യോതി, വൈസ്പ്രസിഡന്റ് ആർ.രാഹുൽ, ജില്ലാ കമ്മിറ്റിയംഗം ഡിബിൻ എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴ ജില്ലാ കമ്മിറ്റി അമ്പലപ്പുഴയിൽ നടത്തിയ പൊതുയോഗം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. സങ്കുചിത കക്ഷിരാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കുമതീതമായി വിദ്യാഭ്യാസ സംരക്ഷണ പ്രക്ഷോഭത്തിലണി ചേരുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. സംസ്ഥാന വൈസ്പ്രസിഡന്റ് എസ്. അലീന മുഖ്യപ്രസംഗം നടത്തി. ആലപ്പുഴ ജില്ലാ പ്രസിഡന്റ് ആർ.അപർണ അധ്യക്ഷത വഹിച്ച യോഗത്തിൽ സഖാക്കൾ ഗോവിന്ദ് ശശി, വിപി.വിദ്യ,പി.ഉദേഷ് എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ 27ന് ഹരിപ്പാട് നടന്ന യോഗത്തിൽ എസ്.അലീന വിഷയാവതരണം നടത്തി. ജില്ലാ സെക്രട്ടറി എസ്.ശിൽപ അധ്യക്ഷത വഹിച്ചു.ജില്ലാ വൈസ് പ്രസിഡന്റ് ഗോവിന്ദ് ശശി, വി.പി.വിദ്യ, നൈതികാ രാജ് എന്നിവർ പ്രസംഗിച്ചു.

എറണാകുളം ജില്ലയിൽ അങ്കമാലിയിൽ സംഘടിപ്പിച്ച ദിനാചരണപരിപാടി എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് രശ്മി രവി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന വൈസ്പ്രസിഡന്റ് എസ്.അലീന മുഖ്യപ്രഭാഷണം നടത്തി. എസ്‌യുസിഐ(സി) ലോക്കൽ സെക്രട്ടറി സഖാവ് കെ.സി.ജയൻ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി നിഖിൽ സജി തോമസ്, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ശ്യാംമോഹൻ, അനന്തപത്മനാഭൻ എന്നിവർ പ്രസംഗിച്ചു. മുളന്തുരുത്തിയിൽ നടന്ന യോഗം എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് രശ്മി രവി ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി നിഖിൽ സജി തോമസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാട്രഷറർ അഞ്ജലി സുരേന്ദ്രൻ മുഖ്യപ്രസംഗം നടത്തി. ജില്ലാ കമ്മിറ്റിയഗങ്ങളായ സഖാക്കൾ നിളാ മോഹൻകുമാർ, ആഷ്നാ തമ്പി എന്നിവരും പ്രസംഗിച്ചു. ○




എറണാകുളം ജില്ലയിൽ മുളന്തുരുത്തിയിൽ നടന്ന യോഗത്തിൽ എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് സഖാവ് രശ്മി രവി പ്രസംഗിക്കുന്നു

## എഐഡിഎസ്ഒ സംസ്ഥാന വിദ്യാർത്ഥി സമ്മേളനം

(8-ാം പേജിൽ നിന്ന്)

പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാലയങ്ങൾ സംരക്ഷിച്ചുകൊണ്ട് മാത്രമേ, സാമൂഹ്യപ്രതിബദ്ധതയുള്ള സമൂഹത്തെ സൃഷ്ടിക്കാനാകൂ. ജാതിയും മതവും ഊട്ടിയുറപ്പിച്ചുകൊണ്ടും വസ്തുതാ വിരുദ്ധമായ വിവരങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ചരിത്രത്തെ പിന്നോട്ടടിക്കുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ ചരിത്രത്തെ മുന്നോട്ട് നയിക്കുവാൻ വിദ്യാർത്ഥികൾ പ്രാപ്തരാകണം. ചരിത്രത്തെയും സമൂഹത്തെയും അറിയുവാൻ വിദ്യാർത്ഥികൾക്ക് സാഹചര്യം ഒരുക്കണം. പണത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസം ഈ അറിവ് നൽകുകയില്ല. പൊതുവിദ്യാലയങ്ങൾക്കാണ് മനുഷ്യത്വമുള്ള വിദ്യാഭ്യാസം നൽകുവാൻ സാധിക്കുന്നത് - വിദ്യാഭ്യാസ - സാംസ്കാരിക സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. അടച്ചുപൂട്ടിപ്പോയ ഒരു സ്കൂളിലെ പൂർവവിദ്യാർത്ഥി എന്ന നിലയിലുള്ള വേദന പങ്കിട്ടുകൊണ്ട് 'സ്കൂൾബാർ' എന്ന കവിത അദ്ദേഹം അവതരിപ്പിച്ചു. ഡോ. ബി.എ.രാജാകൃഷ്ണൻ, അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, അഡ്വ.ബി.കെ.രാജഗോപാൽ, എ.ജയിംസ്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈലാ കെ.ജോൺ, എസ്.യുസിഐ (കമ്മ്യൂണിറ്റ്) കൊല്ലം ജില്ലാസെക്രട്ടറി ജി. എസ്.പത്മകുമാർ, ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് എൻ.കെ.ബിജു, പി.കെ.പ്രഭാഷ് എന്നിവരും പ്രസംഗിച്ചു. ജയചന്ദ്രൻ തകഴിക്കാരൻ അവതരിപ്പിച്ച 'ഇസിജി അഥവാ ഒരു മനുഷ്യന്റെ ഹൃദയതാളം' എന്ന ഏകാംഗ നാടകം ജനശ്രദ്ധ ആകർഷിച്ചു.

രണ്ടാംദിനം മയ്യനാട് വൈഎംസിഎ ഹാളിൽ ആരംഭിച്ച പ്രതിനിധി സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. "വിദ്യാഭ്യാസത്തിന്റെ മൂല്യച്യുതിയാണ് സാംസ്കാരിക അധഃപതനത്തിന് കാരണം. വിദഗ്ധന്മാരെ ഉദ്പ്പാദിപ്പിക്കുകയെന്നത് മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന കാഴ്ചപ്പാട് സാമൂഹ്യബോധത്തെ ഇല്ലാതാക്കി. മൃഗങ്ങളെ സർക്കസഭ്യസിപ്പിക്കുന്നതിന് തുല്യമായ വിദ്യാഭ്യാസമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. അഴിമതിയും ലൈംഗിക അരാജകത്വവും വളർത്തുന്നത് വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടിലുണ്ടായ മാറ്റമാണ്"- പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. എഐഡിഎസ്ഒ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് വി.എൻ.രാജശേഖർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ്, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് ബിനുബേബി, സെക്രട്ടറിയേറ്റംഗം സഖാവ് പി.സി.വിവേക് എന്നിവർ പ്രസംഗിച്ചു. സംസ്ഥാന പ്രസിഡന്റ് സഖാവ് ഇ.എൻ.ശാന്തിരാജ് അധ്യക്ഷത വഹിച്ചു.

സഖാക്കൾ ഇ.എൻ.ശാന്തിരാജ്, കെ,പി. സാൽവിൻ, കെ.ബിമൽജി, എ.റജീന എന്നിവരുൾപ്പെട്ട പ്രസീഡിയമാണ് സമ്മേളനനടപടികൾ നിയന്ത്രിച്ചത്. ജനാധിപത്യ വിദ്യാഭ്യാസത്തിന് വേണ്ടി പോരാടിയ മൺമറഞ്ഞുപോയ വ്യക്തിത്വങ്ങളെ അനുസ്മരിക്കുന്ന പ്രമേയം, മുഖ്യരാഷ്ട്രീയ പ്രമേയം, സംഘടനാ റിപ്പോർട്ട്, സാംസ്കാരിക അധഃപതനത്തിനെതിരായ പ്രമേയം, വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണയാത്രാ സൗജന്യം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം, പാരലൽ വിദ്യാഭ്യാസം സംരക്ഷിക്കുവാനാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം, വിദ്യാഭ്യാസത്തിന്റെ ഫാസിസ്റ്റ്വൽക്കരണത്തിനെതിരായ പ്രമേയം, ബാലവേല (നിരോധന-നിയന്ത്രണ)നിയമഭേദഗതി-2016നെതിരായ പ്രമേയം തുടങ്ങി പതിനാല് പ്രമേയങ്ങൾ സമ്മേളനം ചർച്ചചെയ്തു പാസാക്കി.

സഖാക്കൾ ബിനുബേബി പ്രസിഡന്റും പി.കെ.പ്രഭാഷ് സെക്രട്ടറിയും വി.ഡി.സന്തോഷ്, എ.ഷൈജു, അലീന എസ്, മേധ സുരേന്ദ്രനാഥ് എന്നിവർ വൈസ് പ്രസിഡന്റുമാരും രശ്മി രവി, കെ,റഹീം, മാനവ് ജ്യോതി, അകിൽ മുരളി എന്നിവർ സെക്രട്ടേറിയറ്റ് അംഗങ്ങളും എം.കെ.ഷഹസാദ് ഓഫീസ് സെക്രട്ടറിയും ആർ.അപർണ ട്രഷററുമായി ഇരുപത്തിനാലംഗ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയും അമ്പത്തിയൊമ്പതംഗ സംസ്ഥാന കൗൺസിലും സമ്മേളനം ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

സ്വാശ്രയവിദ്യാഭ്യാസക്കച്ചവടത്തിനും വായ്പാധിഷ്ഠിത വിദ്യാഭ്യാസത്തിനുമെതിരായ സമരം ശക്തിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സമ്മേളനം സമാപിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റംഗം ഡോ.വി.വേണുഗോപാൽ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും സംരക്ഷിക്കുമെന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് ഒരു ഉയർന്ന സാമൂഹ്യവിപ്ലവത്തിന് അനുരോധമായ സമരനിര വളർത്തിയെടുക്കുവാൻ അദ്ദേഹം പ്രതിനിധികളോട് ആവശ്യപ്പെട്ടു. അഖിലേന്ത്യാ പ്രസിഡന്റ് കമാൽ സെയിൻ, അഡ്വ.ഇ.എൻ.ശാന്തിരാജ് തുടങ്ങിയവർ പ്രസംഗിച്ചു. സംസ്ഥാന പ്രസിഡന്റ് ബിനുബേബി അധ്യക്ഷനായിരുന്നു. സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് സമരപ്രഖ്യാപനം നടത്തി. സ്വാശ്രയവിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുക, വായ്പാധിഷ്ഠിത വിദ്യാഭ്യാസം അവസാനിപ്പിക്കുക, പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക, ലാഭകരമല്ലെന്ന പേരിൽ സ്കൂളുകൾ അടച്ചുപൂട്ടരുത്, സ്വയംഭരണ കോളെജുകൾ വേണ്ട, വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങളും വിദ്യാർത്ഥിയൂണിയൻ തെരഞ്ഞെടുപ്പും സംരക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് ഒക്ടോബർ 28ന് വിദ്യാഭ്യാസ അവകാശദിനമായി ആചരിക്കുവാനും ശക്തമായ സമരസംഘടന വളർത്തിയെടുക്കുവാനുമുള്ള കർമ്മപദ്ധതി സംസ്ഥാന സെക്രട്ടറി അവതരിപ്പിച്ചു.

സമ്മേളനത്തോട് അനുബന്ധിച്ച് 'ഭഗത്സിംഗ് ദ ലെജൻഡ്' എന്ന സിനിമ പ്രദർശിപ്പിച്ചു. ○

## മുളന്തുരുത്തിയിൽ നവോത്ഥാനശക്തി സംഘടിപ്പിച്ച ചർച്ചാസമ്മേളനം

'നമുക്ക് ജാതിയില്ല പ്രഖ്യാപനത്തിന്റെ യഥാർത്ഥ വിവക്ഷയെന്ത്' എന്ന വിഷയത്തിൽ മുളന്തുരുത്തിയിൽ നവോത്ഥാനശക്തി ചർച്ചാസമ്മേളനം സംഘടിപ്പിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ജ്യോതികൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആധുനിക സമൂഹത്തിൽ ഉത്തമനായ മനുഷ്യൻ ഉയർത്തിപ്പിടിക്കേണ്ട ശാസ്ത്രീയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച നവോത്ഥാന നായകനായിരുന്നു ശ്രീ നാരായണഗുരുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആധുനിക മനുഷ്യൻ ജാതിക്കും മതത്തിനും മറ്റു സങ്കുചിത വികാരങ്ങൾക്കും അതീതനായിരിക്കണം. ശാസ്ത്രത്തിന്റെ യുക്തിയായിരിക്കണം മനുഷ്യനെ എല്ലാ വിഷയങ്ങളിലും നയിക്കേണ്ടത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന നവോത്ഥാന മുദ്രാവാക്യങ്ങൾ കേരള മണ്ണിൽ നടപ്പിലാക്കണമെങ്കിൽ ജാതിക്കും മതത്തിനും അതീതനായ മനുഷ്യൻ ഉണ്ടാകണം. ശ്രീനാരായണഗുരുവിനെ ഒരു പ്രത്യേക ജാതിക്കാരനായി അവതരിപ്പിക്കാൻ ശ്രമം നടന്നപ്പോഴാണ് തനിക്ക് ജാതിയില്ലെന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചത്.

സമ്മേളനത്തിൽ നവോത്ഥാനശക്തി ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. സമിതി മുളന്തുരുത്തി മേഖല കൺവീനർ സ്ലീബാദാസ് പി.സ്റ്റീഫൻ വിഷയം അവതരിപ്പിച്ചു. എം.ആർ.സെനിത്കുമാർ (മദ്യവിരുദ്ധ ജനകീയ സമരസമിതി), ബാലകൃഷ്ണൻ(എംസിപിഐ(യു), കെ.പി.പവിത്രൻ, കെ.കെ.സുകുമാരൻ (നവോത്ഥാനശക്തി), എം.കെ.ഉഷ(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), വിനീഷ് പെരുമ്പള്ളി(പെരുമ്പള്ളി വായനശാല), കെ.എൻ.രാജി(സ്ത്രീ സുരക്ഷാ സമിതി), രശ്മി രവി(എഐഡിഎസ്ഒ), സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി (ജനകീയപ്രതിരോധ സമിതി), കെ.ബാലൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ○

# പിണറായി സർക്കാരിന്റെ ആദർശാധിഷ്ഠിത അഴിമതി ഭരണം

**എല്ലാം ശരിയാക്കിക്കളയും എന്ന ഭാവം ഇപ്പോൾ പിണറായി സർക്കാരിനില്ല. അത് വെറും ഇവന്റ്മാനേജുമെന്റ് ജൽപ്പനം മാത്രമായിരുന്നു. മുൻ എൽഡിഎഫ് സർക്കാരുകളുടെ പാതയിലൂടെ തന്നെ മുന്നേറുകയാണ് പിണറായിഭരണം. മന്ത്രിസഭാ തീരുമാനങ്ങൾ മാധ്യമങ്ങളോട് വിശദീകരിക്കാൻ മടിക്കുന്നതും അതുകൊണ്ടാകാം.**

യുഡിഎഫ് സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ ജനങ്ങളിലുണ്ടാക്കിയ വെറുപ്പ് വോട്ടാക്കാനാണ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എൽഡിഎഫ് അഴിമതിരഹിത ഭരണം എന്ന കാർഡ് ഇറക്കി കളിച്ചത്. കളി കാര്യത്തിലേയ്ക്ക് കടന്നപ്പോൾ സ്വഭാവികമായും അഴിമതികളുടെ ഘോഷയാത്രതന്നെ ആരംഭിച്ചിരിക്കുന്നു. മുൻ എൽഡിഎഫ് സർക്കാരുകൾ പാർട്ടിക്കാരെ അനർഹമായ സ്ഥാനങ്ങളിൽ തിരുകിക്കയറ്റുന്നിടംവരയേ പോയിട്ടുള്ളൂ. എന്നാൽ ബന്ധുക്കളെ അവരോധിക്കുന്നിടംവരെ താഴോട്ടുപോയിരിക്കുന്നു പിണറായിയുടെ സംശുദ്ധഭരണം. ശ്രീമതി ടീച്ചർ മന്ത്രിയായിരുന്നപ്പോൾ മരുമകളെ അടുക്കളയിൽ നിയമിച്ച് പ്രമോഷൻ നൽകി അരങ്ങത്തെത്തിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഇ.പി.ജയരാജന് ആ വക ഒളിച്ചുകളിയുടെ ആവശ്യമൊന്നുമില്ല. സുതാര്യഭരണമല്ലേ, എല്ലാം സുതാര്യമായിരിക്കണമല്ലോ?

മലബാർ സിമന്റ്സ് കേസിലെ പ്രതികൾക്ക് ഉറച്ച പിന്തുണനൽകിക്കൊണ്ടാണ് ജയരാജൻ വ്യവസായവകുപ്പിൽ ഭരണം ആരംഭിക്കുന്നതുതന്നെ. തുടർന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസിന്റെ എംഡിയായി ശ്രീമതി ടീച്ചറിന്റെ മകനെത്തന്നെ നിയമിച്ചു. അദ്ദേഹം മന്ത്രിയുടെ ഭാര്യാസഹോദരീപുത്രനായത് തികച്ചും യാദൃശ്ചികം! കണ്ണൂർ ക്ലേ & സിറാമിക്സിന്റെ ജനറൽ മാനേജറായി ജേഷ്ഠന്റെ മകളെ നിയമിച്ചത് യോഗ്യത മാത്രം പരിഗണിച്ചായിരുന്നു! ശത്രുക്കൾക്കിത് മനസ്സിലാകില്ല. പക്ഷേ കണ്ണൂർ ജില്ലയിലെ പാർട്ടി ലോക്കൽ കമ്മിറ്റിതന്നെ ബന്ധുനിയമനങ്ങൾക്കെതിരെ പരാതിയുമായി മേൽ ഘടകങ്ങളെ സമീപിച്ചാൽ എന്തുചെയ്യും? കയ്യോടെ പിടിക്കപ്പെട്ടാൽ 'ആദർശധീരനായി' രാജിവയ്ക്കുകയല്ലാതെ മറ്റെന്താണ് പോംവഴി? സിപിഐ(എം)ന്റെ തലപ്പത്തുള്ളവർ പലവട്ടം കൂടിയാലോചന നടത്തിയിട്ടാണ്, ബന്ധുനിയമനങ്ങളിൽ ഒരു അപാകതയുമില്ലെന്ന് കൂസലില്ലാതെ പ്രഖ്യാപിച്ച ജയരാജനെക്കൊണ്ട് രാജിവയ്പ്പിച്ചത്. അത് പാർട്ടിക്ക് ആദർശപ്രേമമുള്ളതുകൊണ്ടല്ല, ജയരാജന്റെ രാജി ഒഴിവാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടായിരുന്നു.

രാജി വയ്ക്കുമ്പോൾ തന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെക്കുറിച്ച് നാട്ടുകാരെ, വിശിഷ്യാ പാർട്ടിക്കാരെ ഓർമ്മപ്പെടുത്താൻ ജയരാജൻ മറന്നില്ല. കള്ളത്തരം നാട്ടുകാർ അറിഞ്ഞതുവഴി പാർട്ടിയുടെ യശസ്സ് ഉയർന്നിരിക്കുന്നുവെന്ന കാര്യം മാത്രം ആർക്കും പിടികിട്ടിയിട്ടില്ല. പാർട്ടി കോൺഗ്രസ്സ് കൈക്കൊണ്ട തെറ്റുതിരുത്തൽ പ്രക്രിയയുടെ സവിശേഷരൂപമെന്നുവേണമെങ്കിൽ സമാധാനിക്കാം. ഇനിയും ഇതുപോലുള്ള മാതൃകാപരമായ രാജികൾ ഉണ്ടാകും എന്നുതന്നെ പ്രതീക്ഷിക്കാം.

ജയരാജന്റെ പേരിൽ ഈ കോലാഹലങ്ങളെല്ലാം നടക്കുമ്പോഴും അഴിമതിക്കെതിരെ കുരിശുയുദ്ധം നയിക്കുന്ന വിജിലൻസ് ഡയറക്ടർ സുഖനിദ്രയിലായിരുന്നു. 'ഇന്നലത്തെ ശരി ഇന്നത്തെ ശരിയാകണമെന്നില്ല' എന്നതുകൊണ്ടാകാം. പക്ഷേ, വിജിലൻസ് ഡയറക്ടർക്കെതിരെ തന്നെ അഴിമതി ആരോപണമുണ്ടായാലോ? വെറും ആരോപണമല്ല, തുറമുഖ വകുപ്പ് ഭരിച്ചപ്പോൾ നടന്ന ക്രമക്കേടുകൾ എ.ജി പോലും ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഉദ്യോഗത്തിലിരിക്കെ ലീവെടുത്ത്, വരുമാനം ലഭിക്കുന്ന തൊഴിൽ ചെയ്തു എന്ന അഴിമതി വേറെ. വിവാദമായപ്പോൾ(വിവാദമായാൽ പിന്നെ എന്തുചെയ്യും?) പണം തിരിച്ചു നൽകി ആദർശധീരത തെളിയിച്ചു ഡയറക്ടറും. കർണ്ണാടകത്തിൽ വനഭൂമി കയ്യേറിയ കേസ് ഭാര്യയ്ക്കെതിരെയാണെന്ന് ആശ്വസിക്കാം. 151 ഏക്കർ വനഭൂമി ഒഴിയണമെന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നോട്ടീസ് നൽകിയിരിക്കുകയാണ്. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിതന്നെയാണ് അനുയോജ്യം. ക്രിമിനലുകൾക്കുവേണ്ടി സർക്കാരിനെതിരെ വാദിക്കുന്ന വക്കീലിനെതന്നെ മുഖ്യമന്ത്രിയുടെ നിയമോപദേശകനാക്കിയതിനുപിന്നിലും പാർട്ടിയിലെ അസ്വസ്ഥതകൾ ഒതുക്കിത്തീർക്കാൻ ഭരണപരിഷ്ക്കാര കമ്മീഷൻ സൃഷ്ടിച്ച് കോടികൾ ചെലവഴിക്കുന്നതിലും അഴിമതി ലവലേശമില്ലെന്ന് സമാധാനിക്കാം.

ബിജെപിയെ മലർത്തിയടിക്കാൻ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയുമൊക്കെ അടങ്കൽ കരാർ സിപിഐ(എം) എടുത്തപ്പോഴും ഭക്തിയുടെ കാര്യത്തിലെങ്കിലും ബിജെപിക്കാർക്ക് മുൻതൂക്കം നിലനിൽക്കുമെന്നാണ് എല്ലാവരും കരുതിയത്. എന്നാൽ ശബരിമല സന്നിധാനത്തിൽ ദൈവ കടാക്ഷത്തിൽ മതിമറന്നുനിൽക്കുന്ന ദേവസ്വംമന്ത്രി അക്കാര്യത്തിലും തങ്ങൾ പിന്നിലല്ലെന്ന് സ്ഥാപിച്ചിരിക്കുകയാണ്. ജയരാജനാകട്ടെ, ക്ഷേത്രക്കമ്മിറ്റിക്കാർക്ക് സർക്കാർവക തേക്കുതടി സൗജന്യമായി നൽകാൻ ശുപാർശചെയ്തുകൊണ്ട് അഴിമതിക്ക് പുതിയ സാധ്യതകൾ തേടുകയാണ് ചെയ്തത്. പൊതു മരാമത്ത് വകുപ്പിലാണ് ഏറ്റവും കൂടുതൽ അഴിമതി എന്ന് വകുപ്പ് മന്ത്രിതന്നെ വെളിപ്പെടുത്തിയിരിക്കുന്നു. മറ്റുവകുപ്പുകൾ അത്ര പോരാ എന്നർത്ഥം. സർക്കാർ നിയമനത്തിൽ വൻഅഴിമതി നടക്കുന്നത് ബോർഡ്, കോർപ്പറേഷൻ നിയമനങ്ങളിലാണ്. അറുപതോളം വരുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഒഴിവുകൾ പിഎസ്സിക്കുവിടാതെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതുവഴി കോടികളുടെ അഴിമതിയാണ് നടക്കുന്നത്. സർക്കാർ അഭിഭാഷക നിയമനത്തിലെ പാർട്ടിയുടെ അവിഹിത ഇടപെടലിനെതിരെ സിപിഐ(എം) കേന്ദ്രകമ്മിറ്റിയംഗം തന്നെ പരാതിയുമായി എത്തിയത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

അഴിമതി മാത്രമല്ല, ഭരണത്തിലെ പിടിപ്പുകേടും മറനീക്കി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഐഎഎസ്, ഐപിഎസ്, വിജിലൻസ് ഉന്നതന്മാർ തമ്മിലുള്ള ചേരിപ്പോരും ചെളിവാരിയെറിയലും ഇതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്തതരത്തിലുള്ളതാണ്. തന്റെ ഇമെയിലും ഫോണും ചോർത്തുന്നുവെന്ന് പരാതിപ്പെട്ടത് ഒരു സാധാരണപൗരനല്ല, വിജിലൻസ് ഡയറക്ടറാണ്. കൊലക്കേസ്സിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന നിസ്സാമിനുമാത്രം ഒരു ചോർത്തലുമില്ലാതെ നിർബാധം ആർക്കുവേണമെങ്കിലും ഫോൺ ചെയ്യാം.

അഴിമതിയുടെ കാര്യത്തിൽ മാത്രമല്ല അക്രമത്തിന്റെ കാര്യത്തിലും 'ആദർശാധിഷ്ഠിത' നിലപാടുതന്നെയാണ് സിപിഐ(എം)നുള്ളത്. അധികാരമേറ്റ് ആറുമാസമാകുന്നതിനുമുമ്പുതന്നെ കണ്ണൂർ ജില്ലയിൽമാത്രം 7 കൊലപാതകങ്ങൾ നടന്നുകഴിഞ്ഞു. എന്തുവിലകൊടുത്തും വർഗ്ഗീയതയ്ക്ക് തടയിട്ടല്ലേ പറ്റൂ! വയലിൽ പണിക്ക് വരമ്പത്ത് കൂലി എന്നുപറഞ്ഞ് പാർട്ടി സെക്രട്ടറി തന്നെ കൊലപാതകത്തിന് പ്രോത്സാഹനം നൽകുന്നു. ചർച്ച ചെയ്തു പ്രശ്നം പരിഹരിക്കാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി അതിനു തയ്യാറാകാതെ അക്രമങ്ങൾ തുടരുന്നതിന് ഒത്താശ ചെയ്യുന്നു. മനുഷ്യ ജീവന് വിലകൽപ്പിക്കുന്നില്ലായെന്നതുമാത്രമല്ല ആർഎസ്എസ് പോലുള്ള സംഘടനകളുടെ വളർച്ചയ്ക്ക് കളമൊരുക്കുകയും നാടിന്റെ ജനാധിപത്യാന്തരീക്ഷത്തെ തകർക്കുകയും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് അവമതിയുണ്ടാക്കുകയും ചെയ്യുന്ന നടപടി കൂടിയാണിത്.

ഇടപ്പള്ളിയിൽ കാർഷോറും ഉടമയെ പരസ്യമായി തല്ലിച്ചതച്ചതിന്റെ പേരിൽ സിഐടിയുക്കാർക്കെതിരെ ക്രിമിനൽ കേസ്സും സംഘടനാതലത്തിൽ നടപടിയുമെടുക്കാൻ സിപിഐ(എം) ഭരണവും സിഐടിയു നേതൃത്വവും നിർബന്ധിതരായി. ഹരിപ്പാട് ഒരു സിപിഐ(എം) പ്രവർത്തകൻ മുഖ്യമന്ത്രിക്ക് പരാതിയെഴുതിവച്ച് ആത്മഹത്യ ചെയ്തത് ക്രിമിനൽ സംഘങ്ങളുടെ ക്രൂരതയ്ക്കുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെയാണ്. മൂത്തകുന്നത്ത് സിപിഐ(എം) വിട്ട് മറ്റൊരു പാർട്ടിയിൽ ചേർന്നയാൾ സിപിഐ(എം) ഓഫീസിൽ തൂങ്ങിമരിച്ചനിലയിൽ കാണപ്പെടുകയും ചെയ്തു.

ക്രമസമാധാനപാലനത്തിന്റെ ഉത്തമമാതൃക ദർശിക്കാനായത് കൊച്ചിയിലാണ്. അവിടെ മുഖ്യമന്ത്രിയുടെ ആളുകൾ എന്നു പറഞ്ഞാണ് മാഫിയകൾ അഴിഞ്ഞാടുന്നത്. അവർക്ക് നേരിട്ട് ഒത്താശ ചെയ്യുന്നതും നേതൃത്വം നൽകുന്നതുമൊക്കെ പാർട്ടി നേതാക്കളും. ഒരു ഏരിയാ സെക്രട്ടറിക്കെതിരെ കേസ്സെടുക്കാൻ പോലീസ് നിർബന്ധിതമായെങ്കിലും അദ്ദേഹം സുരക്ഷിതമായി ഒളിവിൽ കഴിയുന്നു, ആഭ്യന്തരവകുപ്പ് ഭരിക്കുന്ന പാർട്ടിയുടെ തണലിൽ! ഇതേ ജില്ലയിൽ പ്രമുഖ കോൺഗ്രസ്സ് നേതാക്കൾക്കെതിരെയും ഗൂണ്ടാ നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട്. സൗമ്യവധത്തിലെ പ്രതി കുറ്റവാളിയാണെന്ന് തെളിയിക്കാൻ കഴിയാത്ത പോലീസ്, പക്ഷേ ലോക്കപ്പിലെ ദളിത് പീഡനങ്ങളുടെ കാര്യത്തിൽ കാര്യക്ഷമത തെളിയിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളെയും സ്ത്രീകളെയും കാണാതാകുന്ന കേസ്സുകളിൽ അന്വേഷണം കാര്യക്ഷമമല്ലെന്ന് ഒരു ഡിജിപി തന്നെ വിളിച്ചുപറയുന്ന സ്ഥിതി ഒരുപക്ഷേ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിക്കാണില്ല. ദളിത് പീഡനങ്ങളും സ്ത്രീ പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള പോര് ഇപ്പോഴും തുടരുകയാണ്. ഇവിടെയും സർക്കാരിന്റെ കാര്യക്ഷമത പ്രശംസനീയംതന്നെ! സംസ്ഥാനമെമ്പാടും നൂറുകണക്കിന് ആളുകളെ തെരുവുനായകൾ ആക്രമിക്കുന്നു. പലരെയും കൊല്ലുന്നു. ഒരു സർക്കാരിന്റെ സാന്നിദ്ധ്യംപോലും ഇവിടെങ്ങും കാണാനില്ല.

വിലക്കയറ്റത്തിനാണെങ്കിൽ ഒരു ശമനവുമില്ല. ഒരു രൂപ വിലയുള്ള പ്ലാസ്റ്റിക്ക് കാരിബാഗിന് പത്തുരൂപയാക്കിയതാണ് ഒടുവിലത്തെ നടപടി. ദോഷം പറയരുതല്ലോ, പ്ലാസ്റ്റിക്ക് മാലിന്യം നിയന്ത്രിക്കാനുള്ള ആദർശാധിഷ്ഠിത നടപടിയായിവേണം ഇതിനെയും കാണാൻ. എപിഎല്ലുകാരുടെ റേഷൻ അരിയിൽ കൂടി സർക്കാർ മണ്ണിടുന്നതോടെ വിലകളിനിയും കുതിച്ചുയരും.

ഡീസലുണ്ടെങ്കിൽ ശമ്പളമില്ല, ശമ്പളമുണ്ടെങ്കിൽ പെൻഷനില്ല എന്നതാണ് പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസിയുടെ അവസ്ഥ. ഒട്ടുമിക്ക ബസ് സ്റ്റേഷനുകളും പണയത്തിലുമാണ്. കെഎസ്ആർടിസിയിൽ മൃഗീയഭൂരിപക്ഷമുള്ളത് സിഐടിയു യൂണിയനാണ്. എന്നിട്ടുപോലും സർക്കാർ അവഗണനയും കെടുകാര്യസ്ഥതയും തുടരുകയാണ്.

അഴിമതിക്ക് പുതിയ മാനം നൽകിക്കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ രംഗം ആദർശാധിഷ്ഠിതമായിത്തന്നെ കുത്തകകൾക്ക് തീറെഴുതിയ എൽഡിഎഫ് ഭരണം അടുത്തതായി സ്കൂൾ വിദ്യാഭ്യാസത്തിൽ കൈവച്ചിരിക്കുകയാണ്. മലാപ്പറമ്പ് സ്കൂൾ ഏറ്റെടുത്തുകളയുമെന്ന് പറഞ്ഞ് നാടിനെ വിറപ്പിച്ചവർ ഇപ്പോൾ അത് സാധ്യമല്ലെന്ന നിലപാടിലെത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രഖ്യാപിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. പതിമൂവായിരം പൊതുവിദ്യാലയങ്ങളെ കമ്പ്യൂട്ടർ വത്ക്കരിക്കും എന്നാണ് പുതിയ പ്രഖ്യാപനം. പാഠപുസ്തകമില്ലാതെയാണ് കുട്ടികൾ ഓണപരീക്ഷയെഴുതിയത് എന്ന കാര്യം മറന്നുകളയാം. അഴിമതിക്ക് നൂതനമാർഗ്ഗങ്ങൾ കണ്ടെത്താനും സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊളിച്ചടുക്കൽ യജ്ഞം ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കാനും മാത്രമേ ഇത്തരം പദ്ധതികൾ ഉതകൂ എന്നതാണ് ജനങ്ങളുടെ അനുഭവം. ആയിരം സ്കൂളുകൾ ഏറ്റെടുത്ത് മികച്ച നിലവാരം ഉറപ്പാക്കുമെന്ന പ്രഖ്യാപനം വന്നിട്ട് അധികം കാലമായില്ല. അയ്യായിരത്തിലേറെ സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോഴാണ് ആയിരം സ്കൂളുകളെ ഉദ്ധരിക്കുമെന്ന പ്രഖ്യാപനം. ബാക്കി സ്കൂളുകളുടെ കാര്യം മറന്നേക്കൂ എന്നർത്ഥം. പ്രൈമറി ക്ലാസ്സിൽ ഇംഗ്ലീഷ്പഠനം എന്ന പുതിയൊരു കാർഡ് കൂടി ഇക്കുറി ഇറക്കിയിട്ടുണ്ട്. ബംഗാളിൽ പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠനം നിരോധിച്ചവർ ഇപ്പോൾ ഇങ്ങനെയൊരു നിലപാടിൽ എത്തിയത് എന്തായാലും നന്നായി. പതിറ്റാണ്ടിലേറെ നീണ്ട പോരാട്ടമാണ് ഇംഗ്ലീഷ് പഠനം പുനഃസ്ഥാപിക്കുന്നതിനും ആൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ സ്നേഹികൾക്ക് ബംഗാളിൽ നടത്തേണ്ടിവന്നത്.

ആദിവാസി കുഞ്ഞുങ്ങൾ പിടഞ്ഞുമരിക്കുമ്പോൾ അവഹേളനപരമായ പ്രസ്താവനകളിറക്കി രസിക്കുന്ന നേതാക്കൾ സാംസ്കാരിക വകുപ്പ് കൈയാളുന്ന ഭരണമാണിവിടെ അരങ്ങുതകർക്കുന്നത്. മദ്യശാലകളിൽ കൗണ്ടറുകളുടെ എണ്ണം കൂട്ടിക്കിട്ടാനും മദ്യം പുറത്തുകൊണ്ടുപോകാനുമൊക്കെ ജനങ്ങൾക്ക് അവസരം ഉണ്ടാകും. എന്നാൽ അഴിമതി രഹിതമായ ഭരണവും അക്രമമില്ലാത്ത സാമൂഹ്യ അന്തരീക്ഷവുമൊന്നും ആരും പ്രതീക്ഷിക്കരുത്. ഇനി ഗീതാ ഗോപിനാഥിന്റെ ആഗോളീകരണ ഉപദേശങ്ങൾ കൂടി നടപ്പിലാക്കി മുന്നേറുന്നതോടെ ജനജീവിതം അക്ഷരാർത്ഥത്തിൽ പ്രതിസന്ധിയിലേയ്ക്ക് നീങ്ങും. സാമൂഹ്യയാഥാർത്ഥ്യങ്ങൾ ആഴത്തിൽ തിരിച്ചറിയാനും തെരഞ്ഞെടുപ്പ് വിജയത്തിന്റെ കസർത്തുകൾക്കപ്പുറത്ത് യഥാർത്ഥ ജനമുന്നേറ്റത്തിന്റെ പാത കണ്ടെത്താനും തയ്യാറാകുമ്പോൾ മാത്രമേ എന്തെങ്കിലും ആശ്വാസം ജനജീവിതത്തിലുണ്ടാകൂ എന്ന യാഥാർത്ഥ്യത്തിലേയ്ക്കാണ് പിണറായി ഭരണവും വിരൽ ചൂണ്ടുന്നത്. ○

അഴിമതിയുടെ കാര്യത്തിൽ മാത്രമല്ല അക്രമത്തിന്റെ കാര്യത്തിലും 'ആദർശാധിഷ്ഠിത' നിലപാടുതന്നെയാണ് സിപിഐ(എം)നുള്ളത്. അധികാരമേറ്റ് ആറു മാസമാകുന്നതിനുമുമ്പുതന്നെ കണ്ണൂർ ജില്ലയിൽമാത്രം 7 കൊലപാതകങ്ങൾ നടന്നുകഴിഞ്ഞു. എന്തുവിലകൊടുത്തും വർഗ്ഗീയതയ്ക്ക് തടയിട്ടല്ലേ പറ്റൂ! വയലിൽ പണിക്ക് വരമ്പത്ത് കൂലി എന്നുപറഞ്ഞ് പാർട്ടി സെക്രട്ടറി തന്നെ കൊലപാതകത്തിന് പ്രോത്സാഹനം നൽകുന്നു. ചർച്ച ചെയ്തു പ്രശ്നം പരിഹരിക്കാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി അതിനു തയ്യാറാകാതെ അക്രമങ്ങൾ തുടരുന്നതിന് ഒത്താശ ചെയ്യുന്നു. മനുഷ്യ ജീവന് വിലകൽപ്പിക്കുന്നില്ലായെന്നതുമാത്രമല്ല ആർഎസ്എസ് പോലുള്ള സംഘടനകളുടെ വളർച്ചയ്ക്ക് കളമൊരുക്കുകയും നാടിന്റെ ജനാധിപത്യാന്തരീക്ഷത്തെ തകർക്കുകയും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് അവമതിയുണ്ടാക്കുകയും ചെയ്യുന്ന നടപടി കൂടിയാണിത്.

# ശമനമില്ലാത്ത ദളിത് പീഡനം:

# കാരണവും പരിഹാരവും

*"അച്ഛൻ അവരോട് നിർത്താനായി യാചിക്കുകയായിരുന്നു. ഞങ്ങൾ ചത്ത പശുവിനെ എടുക്കാൻ പോയതാണെന്ന് അദ്ദേഹം അവരോട് പറഞ്ഞുകൊണ്ടേയിരുന്നു. എന്നാൽ, ഞങ്ങൾ അതിനെ കൊന്നതാണെന്നാണ് അവർ ശഠിച്ചത്. ഞങ്ങളുടെ കുപ്പായം ഊരി, വാഹനത്തോട് ചേർത്തുകെട്ടി, വലിയവടികൾക്കൊണ്ട് അവർ ഞങ്ങളെ പ്രഹരിച്ചുകൊണ്ടിരുന്നു. കുറച്ചു പോലീസുകാരടക്കം അമ്പതോളം പേരാണ് ഞങ്ങളെ തല്ലുന്നത് നോക്കി നിന്നത്. എന്നാൽ ആരും തന്നെ സഹായിച്ചില്ല. പകരം അവർ തങ്ങളുടെ മൊബൈൽ ഫോണുകളിൽ അത് ചിത്രീകരിക്കുകയായിരുന്നു:"* **കഴിഞ്ഞ ജൂലൈ 11 ന്, ഗുജറാത്തിലെ ഗീർ സോംനാഥ് ജില്ലയിലെ ഊനാ പട്ടണത്തിൽ, സ്വയംപ്രഖ്യാപിത ഗോരക്ഷക്കുകളുടെ (ഹിന്ദു മതമൗലികവാദസംഘടനകളിൽ ഉൾപ്പെടുന്ന പശുസംരക്ഷകർ) നിർദ്ദയമായ ആക്രമണത്തിനിരയായ നാലു ദളിത് യുവാക്കളിലൊരാളുടെ മൊഴിയാണിത്.**

ഗോരക്ഷക്കുകളാകട്ടെ തങ്ങളെന്തോ മഹാകാര്യം ചെയ്തതായി വമ്പു പറയുകയും (ഹിന്ദു മതത്തിൽ പശുവിനെ അമ്മയായിട്ടാണത്രേ കണക്കാക്കുന്നത്), ആക്രമണത്തിന്റെ ദൃശ്യങ്ങൾ പൊങ്ങച്ചത്തോടെ സാമൂഹികമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി മുപ്പതോളം ദളിതരാണ് ആത്മഹത്യ ചെയ്യുകയോ അതിനു ശ്രമിക്കുകയോ ചെയ്തത്. ബസുകൾക്കു നേരേ കല്ലേറുണ്ടാകുകയും ഗുജറാത്ത് സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, പ്രദേശത്തേക്കുള്ള സർവ്വീസുകൾ നിർത്തുകയും ചെയ്തു. രാജ്യമൊട്ടാകെ ജനരോഷം ഉയരുകയും, പതിവ് മൗനംവെടിഞ്ഞ് തന്റെ പ്രതികരണം ഈ വിഷയത്തിൽ നടത്താൻ പ്രധാനമന്ത്രിയെ നിർബന്ധിതനാക്കുകയും ചെയ്തു. എന്നാൽ ഊനാ പ്രശ്നത്തിന് കേവലം ഒരു ദിവസം മുമ്പ്, കർണ്ണാടകത്തിൽ ബാംഗ്ലൂരിന് 300 കിലോമീറ്റർ അകലെ ശാന്തിപുരഗ്രാമത്തിൽ, ബജ്രംഗ്ദൾ എന്ന അക്രമകാരികളായ ഹിന്ദുത്വസംഘടനയുടെ ഇരുപത്തിയഞ്ച് പ്രവർത്തകർ 5 ദളിതരെ ആക്രമിച്ചിരുന്നു. പശുവിനെ മോഷ്ടിച്ച് കശാപ്പു ചെയ്തു എന്ന് ആരോപിച്ചായിരുന്നു ഇത്.

### ദളിതർക്കെതിരേയുള്ള കുറ്റകൃത്യങ്ങളും അക്രമവും വർദ്ധിക്കുന്നു

ഈ രണ്ട് സംഭവങ്ങളും രാജ്യത്ത് ദളിതരെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് കാണിക്കുന്നത്. 2011നും 2014നും ഇടയിൽ ഇന്ത്യയൊട്ടാകെ ദളിതർക്കെതിരേയുള്ള കുറ്റകൃത്യങ്ങളിൽ 40% വർദ്ധനവുണ്ടായി എന്ന ഞെട്ടിക്കുന്ന വിവരമാണ് ദേശീയ പട്ടികജാതി കമ്മീഷനും ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയും നൽകുന്ന കണക്കുകൾ കാണിക്കുന്നത്. 2015-ൽ ദളിതർക്കെതിരേയുള്ള കുറ്റകൃത്യങ്ങളിൽ ഗുജറാത്ത് ആയിരുന്നു ഒന്നാം സ്ഥാനത്ത്. രണ്ടാമത് ഛത്തീസ്ഗഢും തുടർന്ന് രാജസ്ഥാനും. വാസ്തവമെന്തെന്നാൽ, 2016ൽ ഭേദഗതി ചെയ്ത ദളിത് പീഡനവിരുദ്ധ നിയമം അനുസരിച്ച് ദളിതർക്കെതിരേയുള്ള അക്രമത്തിന് മുന്നിട്ടിറങ്ങുന്നവരെ ശിക്ഷിക്കുന്നത് വളരെ ശുഷ്കമാണ്. അതുകൊണ്ടുതന്നെ, എന്തു ചെയ്താലും രക്ഷപെടാം എന്ന് ഈ അക്രമികൾക്കും അറിയാം.

ഈ അവസ്ഥ രാജ്യാതിർത്തികൾക്ക് പുറത്തുള്ളവർക്കും അറിയാം. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിൽ കണ്ടെത്തുന്നത് (നേരത്തെ 2000 ആദ്യപാദത്തിലും അടുത്തിടെ ജനുവരി 2016ലും) മനുഷ്യന്റെ അന്തസ്സിനും തുല്യതക്കും വിവേചനരാഹിത്യത്തിനും വിരുദ്ധമാണ് ജാതിവ്യവസ്ഥ എന്നതാണ്. കേവലം ജാതിയുടെ പേരിലുള്ള അക്രമമോ, ജാതിവിവേചനമോ മാത്രമല്ല എതിർക്കേണ്ടത് ജാതിസമ്പ്രദായം തന്നെയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയിലേതടക്കമുള്ള സർക്കാരുകൾ ജാതിവിവേചനത്തിനെതിരെ നിയമങ്ങൾ പാസാക്കുന്നു, ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുന്നു, സംവരണവും ക്വോട്ടാകളും പോലെയുള്ള സംവിധാനങ്ങൾ ഒക്കെ സ്വീകരിക്കുന്നുമുണ്ടെന്ന് കൗൺസിൽ റിപ്പോർട്ട് നിരീക്ഷിക്കുന്നു. എന്നിട്ടും, ദളിതർക്കെതിരേയുള്ള അക്രമവും, അവരെ സാമൂഹിക-സാമ്പത്തിക രംഗങ്ങളിൽ ഒഴിവാക്കി നിർത്തുന്നതും നിഷ്ഠൂരമായ രീതിയിൽ തുടരുന്നു. ഭാരത സർക്കാർ എന്തൊക്കെ ന്യായം നിരത്തിയാലും ജാതിവിവേചനത്തിന്റെ ക്രൂരത ഒളിച്ചുവെക്കാനാകില്ല. (ഫ്രണ്ട്ലൈൻ – 2016 ഏപ്രിൽ 29)

ദളിതർക്കു മേൽ എന്തൊക്കെ ക്രൂരതകളാണ് നടപ്പാക്കുന്നത്? തികച്ചും ഹീനമായ കുറ്റകൃത്യങ്ങൾ – ദളിതരുടെയും പലപ്പോഴും അവരുടെ ദളിതരല്ലാത്ത ജീവിതപങ്കാളികളുടെയും (ഗുജറാത്തിലെ റജൂലയിൽ നടന്നതുപോലെ) മൃഗീയമായ കൊലപാതകങ്ങൾ; കൗമാരക്കാരെയടക്കം ജീവനോടെ ചുട്ടുകൊല്ലുക; വെട്ടിയും കുത്തിയും കൊലപ്പെടുത്തുക; തുടങ്ങി കൂട്ടബലാൽസംഗങ്ങളും കൊള്ളയും കൊള്ളിവെപ്പും അപകടകരമായി പരിക്കേൽപ്പിക്കുന്നതുമടക്കമുള്ളവയാണ് നടക്കുന്നത്. പരസ്യമായ മറ്റനവധി ക്രൂരതകൾക്കു പുറമേ ആണിത്. നിത്യേന, നിരന്തരമായ അപമാനവും സഹിക്കേണ്ടി വരുന്നതിനാൽ, ഭയത്തിന്റെ അന്തരീക്ഷത്തിലാണ് പലപ്പോഴും അവർ ജീവിക്കുന്നത്. ചായക്കടകളിൽ നിന്നും അവർക്കായി കപ്പുകൾ നൽകാത്തതിനാൽ, ചായ കുടിക്കണമെങ്കിൽ ദളിത് സ്ത്രീകൾക്ക് സ്വന്തം കപ്പുമായി പോകേണ്ടി വരുന്നു. പലയിടത്തും പൊതുകിണറുകളിൽ നിന്നും വെള്ളം കോരാൻ അനുവാദമില്ല. മറ്റേതെങ്കിലും സ്ത്രീകൾ അറിയാതെ അവരെ തൊട്ടുപോയാൽ അവർ കൈകഴുകേണ്ടി വരുന്നു. ചത്ത മൃഗങ്ങളുടെ തോലുരിക്കാൻ അവർ വിസമ്മതിച്ചാൽ പ്രാദേശികപ്രമാണിമാരുടെ കോപവും അവർ സഹിക്കേണ്ടിവരുന്നു. ഇനി അങ്ങനെ ചെയ്യാൻ പോയാലും പശുരക്ഷകരുടെ ക്രൂരത നേരിടേണ്ടി വരുന്നു. സമൂഹത്തോടും തന്നോടു തന്നെയും അവർക്കു ചോദിക്കേണ്ടി വരുന്നു, മറ്റുള്ളവരെപ്പോലെ ഞങ്ങളും മനുഷ്യരല്ലേ? ഞങ്ങളുടെ സിരകളിൽ മനുഷ്യരക്തം തന്നെയല്ലേ ഒഴുകുന്നത്? പീഡിപ്പിക്കപ്പെടുവാനും, പക്ഷപാതപരമായി മാറ്റിനിർത്തപ്പെടാനും, നിരന്തരമായി ക്രൂശിക്കപ്പെടാനും, അധികാരകേന്ദ്രങ്ങൾക്കും സ്ഥാപിതതാൽപ്പര്യക്കാർക്കും സാമൂഹികമായി ഭ്രഷ്ട് കൽപ്പിച്ചു മാറ്റിനിർത്താനും വേണ്ടിയാണോ ഞങ്ങൾ ജനിച്ചത്?

പൗരാണികകാലം തൊട്ടേ ഇന്ത്യയിൽ ദളിതർക്കെതിരേയുള്ള അതിക്രമങ്ങൾ നടക്കുന്നു. അത് സ്വാതന്ത്ര്യാനന്തരം തുടരുകയും ചെയ്യുന്നു. എന്നാൽ, ഗുജറാത്തും രാജസ്ഥാനും അടക്കമുള്ള വിവിധ സംസ്ഥാനങ്ങളിലും വിശിഷ്യാ കേന്ദ്രത്തിലും ബിജെപി അധികാരത്തിലേറിയതിനു ശേഷം, ദളിതർക്കെതിരേയുള്ള അക്രമങ്ങളിൽ പൊടുന്നനെ ഒരു വർദ്ധനവ് വ്യക്തമാണ്. വർഗ്ഗീയഭ്രാന്തരായ, അക്രമികളായ ചില വ്യക്തികളോ, ഉയർന്ന സമുദായക്കാരായ ഗ്രാമമുഖ്യന്മാരോ നടത്തുന്ന ഹീനമായ കുറ്റകൃത്യങ്ങൾക്കുപുറമേ സർക്കാരും ഭരണവൃന്ദവും വ്യത്യസ്ഥമായൊരു മനോഭാവമല്ല പുലർത്തുന്നത്. ദളിതർക്കെതിരേയുള്ള അക്രമങ്ങളാകട്ടെ, ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലോ, ചെറുപട്ടണങ്ങളിലോ ഗ്രാമങ്ങളിലോ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഹൈദരാബാദ് കേന്ദ്രസർവകലാശാലയിലെ ദളിത് വിദ്യാർത്ഥി രോഹിത് വെമുലയുടെ ആത്മഹത്യ, കണ്ണടയ്ക്കാൻ പറ്റാത്ത ഉദാഹരണമായി നമുക്കുമുന്നിലുണ്ട്. പ്രാദേശിക ബിജെപി-എബിവിപി പ്രവർത്തകർ, സർവകലാശാലാ അധികൃതർ, കൂടാതെ കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിൽ നിന്നടക്കം നേരിടേണ്ടി വന്ന അപമാനത്തിന്റെയും, വിവേചനത്തിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായിട്ടാണ് ഈ ചെറുപ്പക്കാരൻ മരണത്തെ സ്വയം പുൽകിയത്. യുപി, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇതുപോലെ പരിതാപകരമായ സംഭവങ്ങൾ ഉണ്ടാകുന്നു. പഴയ കോൺഗ്രസ് സർക്കാരിനു കീഴിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്നല്ല. ഇതുപോലെ നിരന്തരമായി, നിയമവ്യവസ്ഥയെ പോലും വെല്ലുവിളിച്ചുകൊണ്ട്, അങ്ങേയറ്റം ബീഭത്സമായി, ഇപ്പോളത്തെ ഹിന്ദു വർഗ്ഗീയ ബിജെപി സർക്കാരിന്റ കീഴിലെ പോലെ നടന്നിരുന്നില്ല. വാസ്തവത്തിൽ ബിജെപി കേന്ദ്രത്തിൽ അധികാരത്തിലെത്തിയപ്പോൾ തങ്ങൾക്ക് എന്തുമാകാം എന്ന തോന്നലാണ് കാവിപ്പടക്ക് കൈവന്നിട്ടുള്ളത്.

### വർദ്ധിക്കുന്ന മുതലാളിത്ത ചൂഷണവും ഒപ്പമുണ്ടാകുന്ന സാമൂഹിക തിന്മകളും

അധ്വാനിക്കുന്ന ദരിദ്രരായ ജനങ്ങളെയൊക്കെ ചോരയൂറ്റിക്കുടിച്ച് മുതലാളിത്തം ചൂഷണം ചെയ്യുമ്പോൾ തന്നെയാണ്, രാജ്യത്തിനാകെ അപമാനം വരുത്തിക്കൊണ്ട് ഇത്തരം ഹീനമായ കുറ്റകൃത്യങ്ങൾ നടക്കുന്നത്. തൊഴിലില്ലായ്മയും വർദ്ധിക്കുന്ന ദാരിദ്ര്യവും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ആകാശംമുട്ടെ ഉയരുന്ന വിലകൾ ജനത്തെ കൂടുതൽ പാപ്പരാക്കുന്നു. കണക്കുകൾ നമുക്കു മാറ്റിവെക്കാം. തങ്ങളുടെ വീടുകളിൽ നിന്ന്, സ്വന്തം സംസ്ഥാനങ്ങളിൽ നിന്ന്, ദൂരദേശങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ആയിരക്കണക്കിന് യുവാക്കൾ-അവരിൽ നല്ലൊരു ശതമാനം ദളിതരുമാണ്-ഇതു തന്നെയാണ് തൊഴിലില്ലായ്മയുടെ വേദനാജനകമായ തെളിവ്. സ്വന്തം മണ്ണിൽ നിന്നും പറിച്ചെറിയപ്പെട്ട്, സ്വന്തം രാജ്യത്തിലെ തന്നെ അപകടകരവും ശത്രുതാപരവുമായ അന്തരീക്ഷത്തിൽ നിലനിൽക്കാൻ പൊരുതേണ്ടി വരുന്നവർക്ക്, ജീവിതത്തിൽ തന്നെയുള്ള വിശ്വാസം നഷ്ടപ്പെടുന്നു, തങ്ങളുടെ ധാർമിക-സദാചാര മൂല്യങ്ങൾ നഷ്ടപ്പെടുന്നു. അതു പോലെ തന്നെ വിപുലമായ മനുഷ്യക്കടത്തിന്റെ ഇരകളുണ്ട്. മെച്ചപ്പെട്ട ഒരു ജീവിതത്തിന്റെ വെറും വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ്, പലപ്പോഴും അവരുടെ കുടുംബങ്ങളുടെ കൂടെ സമ്മതത്തോടെ, പ്രധാനമായും ദരിദ്രരും അധഃസ്ഥിതരുമായ ദളിത് കുടുംബങ്ങളിൽ നിന്നും വളരെ നിസ്സാരമായി ഏജന്റുമാർ സ്ത്രീകളും കുട്ടികളും അടക്കമുള്ളവരെ കുരുക്കിലാക്കുന്നത്. ലോകത്തിന്റെ അംഗീകാരം നേടിയെടുക്കാനായി ദാരിദ്ര്യത്തെക്കുറിച്ച് സർക്കാർ എന്തൊക്കെ അവകാശവാദം ഉന്നയിച്ചാലും ശരി, ജനങ്ങൾ എന്തുമാത്രം അസഹനീയവും അനിശ്ചിതത്വവും ദാരിദ്ര്യവും നിറഞ്ഞ ജീവിതമാണ് നയിക്കേണ്ടി വരുന്നതെന്നാണ് ഇത് കാണിക്കുന്നത്,. മറുവശത്ത്, കുത്തകളും കോർപ്പറേറ്റുകളും നേട്ടമുണ്ടാക്കുന്നു. കേന്ദ്രത്തിലാകട്ടെ, സംസ്ഥാനങ്ങളിലാകട്ടെ, സർക്കാരുകളെ കൈപ്പിടിയിലാക്കുന്നതിൽ അവർ വിജയിച്ചു. വളർച്ച, വികസനം എന്നീ പദാവലികൾ ഉപയോഗിച്ചുകൊണ്ട് ജനത്തിന്റെ കണ്ണിൽ പൊടിയിട്ട്, ഒന്നിനു പിറകേ മറ്റൊന്നായി തങ്ങൾക്കു വേണ്ട പരിഷ്കാരങ്ങൾ അവർ നടപ്പാക്കിയെടുക്കുന്നു. കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും അടിയാളരുടെയും വിശ്വസ്ഥ സേവകരുടെയും കണക്കെടുത്താൽ, ബൂർഷ്വാ, പെറ്റിബൂർഷ്വാ, സോഷ്യൽ ഡെമോക്രാറ്റിക് തുടങ്ങി എല്ലാ നിറങ്ങളിലും പെട്ട സേവകരായ രാഷ്ട്രീയ പാർട്ടികളിൽ തുടങ്ങി, വമ്പിച്ച ശമ്പളവും പരിശീലനവും നൽകി പരിപോഷിപ്പിച്ച് നിലനിർത്തിയിരിക്കുന്ന ബ്യൂറോക്രാറ്റുകളും ഭരണസംവിധാനവും, കൂടാതെ പാവനമെന്നു നമ്മൾ കണക്കാക്കുന്ന രാഷ്ട്രത്തിന്റെ മറ്റു തൂണുകളും ഉൾപ്പെടുന്നു. യഥാർത്ഥ ഭരണാധികാരികളായ ഈ കുത്തകകൾ ഇട്ടുകൊടുക്കുന്ന അപ്പക്കഷണങ്ങൾക്കായി ഇവരെല്ലാം തന്നെ അവർക്കായി സ്തുതിഗീതം പാടി കുഴലൂത്തു നടത്തുന്നു. അതേ സമയം രാജ്യം കാണുന്നതോ, നടുറോഡിൽ പട്ടാപ്പകൽ പെൺകുട്ടിയെ വെട്ടിക്കൊലപ്പെടുത്തുന്നു, ഭാര്യയെ ഭർത്താവും തിരിച്ചും കൊല ചെയ്യുന്നു, ലവ് ജിഹാദിന്റെ പേരിൽ സഹോദരൻ സഹോദരിയെ കൊല്ലുന്നു, അച്ഛൻ മകളെ പീഡിപ്പിക്കുന്നു അങ്ങനെ എന്തെല്ലാം. 'സർവ്വശക്തമായ' ഭരണകൂടമാകട്ടെ വെറുമൊരു കാഴ്ച്ചക്കാരനായി നിലകൊള്ളുന്നു. പലപ്പോഴും ഇരകൾ ദളിതരടക്കമുള്ള പിന്നാക്കക്കാരാകാം, ഭരണസംവിധാനമാകട്ടെ അവരോട് പക്ഷപാതപരമായും പെരുമാറുന്നു. കുറ്റവാളികളും അക്രമികളും ഭരിക്കുന്ന പാർട്ടികളുടെ കുടക്കീഴിലാണെന്ന് കാണുകയാണെങ്കിൽ, അവർക്കെതിരെ തെളിവുകൾ കണ്ടെത്താതിരിക്കാനാണ് പോലീസ് ശ്രമിക്കുക. ജനാധിപത്യത്തിന്റെയും നാഗരികതയുടെയും ഈ പരിഹാസ്യരൂപം എല്ലാ പരിധികളും ലംഘിക്കുകയാണ്.

ഏറ്റവും അധഃസ്ഥിതരും ദരിദ്രരുമായ ദളിതർക്കെതിരേയുള്ള ഈ വർദ്ധിത പീഡനം എന്തുകൊണ്ട്? എന്തു കൊണ്ട് സ്വാതന്ത്ര്യം നേടി ഏഴു പതിറ്റാണ്ട് പിന്നിട്ടിട്ടും നമ്മുടെ രാജ്യത്ത് ഈ വൃത്തികെട്ട ദാരിദ്ര്യവും വിവേചനവും അടിച്ചമർത്തലും നിലനിൽക്കുന്നു എന്നു മാത്രമല്ല, അത് കൂടുതൽ മോശമായ അവസ്ഥയിലേക്ക് പതിക്കുന്നത് നമ്മൾ കാണേണ്ടി വരുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം ഒന്നേയുള്ളൂ. എല്ലാ തിന്മകളുടേയും ദുരിതങ്ങളുടേയും കാരണം, ഇതിന്റെയൊക്കെ ഉത്ഭവം, നിലനിൽക്കുന്ന മുതലാളിത്ത സംവിധാനമാണ്. കഴിഞ്ഞുപോയ ദശകങ്ങളിലൂടെ ദൃഢീകരിക്കപ്പെട്ട ഈ സംവിധാനം തന്നെയാണ് ജനലക്ഷങ്ങളെ ദുരിതക്കയത്തിലേക്ക് തള്ളിയിടുന്നതും. ഭരിക്കുന്ന മുതലാളിത്തത്തിന്റെ കമ്പോള പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമ്പോൾ എല്ലാ തലങ്ങളിലുമുള്ള അടിച്ചമർത്തപ്പെടുന്നവർ നേരിടേണ്ടി വരുന്ന ആക്രമണവും കൂടുതൽ വ്യക്തവും രൂക്ഷവും ആകും.

*(ശേഷം 12-ാം പേജിൽ)*

**2011നും 2014നും ഇടയിൽ ഇന്ത്യയൊട്ടാകെ ദളിതർക്കെതിരേയുള്ള കുറ്റകൃത്യങ്ങളിൽ 40% വർദ്ധനവുണ്ടായി എന്ന ഞെട്ടിക്കുന്ന വിവരമാണ് ദേശീയ പട്ടികജാതി കമ്മീഷനും ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയും നൽകുന്ന കണക്കുകൾ കാണിക്കുന്നത്. 2015-ൽ ദളിതർക്കെതിരേയുള്ള കുറ്റകൃത്യങ്ങളിൽ ഗുജറാത്ത് ആയിരുന്നു ഒന്നാം സ്ഥാനത്ത്. രണ്ടാമത് ഛത്തീസ്ഗഢും തുടർന്ന് രാജസ്ഥാനും. വാസ്തവമെന്തെന്നാൽ, 2016ൽ ഭേദഗതി ചെയ്ത ദളിത് പീഡനവിരുദ്ധ നിയമം അനുസരിച്ച് ദളിതർക്കെതിരേയുള്ള അക്രമത്തിന് മുന്നിട്ടിറങ്ങുന്നവരെ ശിക്ഷിക്കുന്നത് വളരെ ശുഷ്കമാണ്. അതുകൊണ്ടുതന്നെ, എന്തു ചെയ്താലും രക്ഷപെടാം എന്ന് ഈ അക്രമികൾക്കും അറിയാം.**

# ദളിതരെന്ന് മുദ്രകുത്തുന്നത് ജനങ്ങളെ ഭിന്നിപ്പിച്ച് യോജിച്ച പോരാട്ടത്തെ തകർക്കാൻ

*(11-ാം പേജിൽ നിന്ന്)*

ചൂഷിതരായ ജനങ്ങൾക്ക് ഈ ദുരിതത്തിൽ നിന്നും കരകയറാനുണ്ടായിരുന്ന മാർഗ്ഗം, ജാതി-മത-ഭാഷാ ഭേദമെന്യേ ജീവിതത്തിന്റെ എല്ലാ തുറകളിലും നിന്നുള്ള മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി അണിചേരുന്ന ഒരു കരുത്തുറ്റ ജനാധിപത്യ സമരത്തിന്റേതാണ്. അങ്ങനെയുള്ള ഒരു മുന്നേറ്റത്തിനു മാത്രമേ, അക്രമികൾക്കും വിവേചനവും അടിച്ചമർത്തലും സൃഷ്ടിക്കുന്നവർക്കുമെതിരെ എന്തെങ്കിലും സമ്മർദ്ദം ചെലുത്താനും സാധിക്കൂ. ജനജീവിതത്തിന് അൽപ്പം ആശ്വാസമേകുന്ന തരത്തിൽ ഒരു പ്രതിരോധമായി കൂടെ അത് പ്രവർത്തിക്കുമായിരുന്നു. എന്നാൽ ഇതൊരു വിദൂരസ്വപ്നമായി നിലനിൽക്കുന്നു. മറുവശത്ത്, ഭരിക്കുന്ന കുത്തകകളും അവരുടെ സേവകരും രൂപകൽപ്പന ചെയ്തു നടപ്പാക്കുന്ന വെറുപ്പിന്റെ ആശയങ്ങളും ഭിന്നിപ്പിക്കൽ നടപടികളും ജനത്തെ വിഭജിച്ചു നിർത്തുകയാണ്. അവരുടെ ഒരേയൊരു ലക്ഷ്യം ജനങ്ങളുടെ ഐക്യത്തെ തകർത്ത് അവരെ ജാതിയുടേയും മതത്തിന്റെയും അങ്ങനെ പല വ്യത്യാസങ്ങളുടേയും പേരിൽ കഷ്ണങ്ങളാക്കി അകറ്റിനിർത്തുക എന്നതാണ്. പരസ്പരം സംശയാലുക്കളാക്കി അവരെ നിലനിർത്തി, ഭ്രാതൃഹത്യാപരമായ കൂട്ടക്കൊലകളിലേക്കു വരെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു നയിക്കുന്നു. അതുവഴി, തങ്ങളുടെ യഥാർത്ഥ ചൂഷകർക്കെതിരെ ഒരുമിച്ചു നിന്നു പൊരുതുന്നതിൽ നിന്നും ജനത്തെ തടയുന്നു. പ്രതിസന്ധികളിൽ ആടിയുലയുന്ന ഈ മുതലാളിത്ത സംവിധാനം അങ്ങനെ ജീവൻ നിലനിർത്തുന്നു.

**ഏറ്റവും അധഃസ്ഥിതരും ദരിദ്രരുമായ ദളിതർക്കെതിരേയുള്ള ഈ വർദ്ധിത പീഡനം എന്തുകൊണ്ട്? എന്തു കൊണ്ട് സ്വാതന്ത്ര്യം നേടി ഏഴു പതിറ്റാണ്ട് പിന്നിട്ടിട്ടും നമ്മുടെ രാജ്യത്ത് ഈ വൃത്തികെട്ട ദാരിദ്ര്യവും വിവേചനവും അടിച്ചമർത്തലും നിലനിൽക്കുന്നുവെന്നു മാത്രമല്ല, അത് കൂടുതൽ മോശമായ അവസ്ഥയിലേക്ക് പതിക്കുന്നത് നമ്മൾ കാണേണ്ടി വരുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം ഒന്നേയുള്ളൂ. എല്ലാ തിന്മകളുടേയും ദുരിതങ്ങളുടേയും കാരണം, ഇതിന്റെയൊക്കെ ഉത്ഭവം, നിലനിൽക്കുന്ന മുതലാളിത്ത സംവിധാനമാണ്. കഴിഞ്ഞുപോയ ദശകങ്ങളിലൂടെ ദൃഢീകരിക്കപ്പെട്ട ഈ സംവിധാനം തന്നെയാണ് ജനലക്ഷങ്ങളെ ദുരിതക്കയത്തിലേക്ക് തള്ളിയിടുന്നതും. ഭരിക്കുന്ന മുതലാളിത്തത്തിന്റെ കമ്പോള പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമ്പോൾ എല്ലാ തലങ്ങളിലുമുള്ള അടിച്ചമർത്തപ്പെടുന്നവർ നേരിടേണ്ടി വരുന്ന ആക്രമണവും കൂടുതൽ വ്യക്തവും രൂക്ഷവും ആകും**

**ചൂഷിതരായ ജനങ്ങൾക്ക് ഈ ദുരിതത്തിൽ നിന്നും കരകയറാനുണ്ടായിരുന്ന മാർഗ്ഗം, ജാതി-മത-ഭാഷാ ഭേദമെന്യേ ജീവിതത്തിന്റെ എല്ലാ തുറകളിലും നിന്നുള്ള മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി അണിചേരുന്ന ഒരു കരുത്തുറ്റ ജനാധിപത്യ സമരത്തിന്റേതാണ്. അങ്ങനെയുള്ള ഒരു മുന്നേറ്റത്തിനു മാത്രമേ, അക്രമികൾക്കും, വിവേചനവും അടിച്ചമർത്തലും സൃഷ്ടിക്കുന്നവർക്കുമെതിരെ എന്തെങ്കിലും സമ്മർദ്ദം ചെലുത്താനും സാധിക്കൂ. ജനജീവിതത്തിന് അൽപ്പം ആശ്വാസമേകുന്ന തരത്തിൽ ഒരു പ്രതിരോധമായി കൂടെ അത് പ്രവർത്തിക്കുമായിരുന്നു. എന്നാൽ ഇതൊരു വിദൂരസ്വപ്നമായി നിലനിൽക്കുന്നു.**

ഭരിക്കുന്ന കുത്തകമുതലാളിവർഗ്ഗമാണ് ഈ പദ്ധതിയെ വിരിയിച്ചെടുക്കുന്നത്. ഭരണവർഗ്ഗവുമായും നിലനിൽക്കുന്ന സംവിധാനവുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന, ദേശീയവും പ്രാദേശികവുമായ രാഷ്ട്രീയ പാർട്ടികളാകട്ടെ, ഈ പദ്ധതിനടപ്പിലാക്കുന്നതിനും അതിന്റെ പ്രഹരശേഷി കൂട്ടുന്നതിനും വേണ്ടി, തികഞ്ഞ കാര്യക്ഷമതയോടെ തങ്ങളുടെ സേവകവേഷം സന്തോഷത്തോടെ ആടുകയാണ്. അതുകൊണ്ട് നമുക്കു കാണാൻ സാധിക്കുന്നത്, ഒരു സമുദായത്തിലെ ചൂഷിതരായ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഒരു പാർട്ടി അധികാരത്തിലെത്തിയാൽ, മറ്റൊരു സമുദായത്തിൽ നിന്നുള്ള തങ്ങളുടെ സഹോദരരെ കൂട്ടുപിടിച്ച്, ആ നിസ്സഹായരെ തങ്ങളുടെ വാലിൽ കെട്ടി അധികാരം നേടിയെടുക്കാനായി മറ്റൊരു പാർട്ടി ശ്രമിക്കും. തെരഞ്ഞെടുപ്പു പ്രചാരവേളയിൽ ഈ പാർട്ടികളും നേതാക്കളും ഉയർന്ന പ്രസംഗപീഠങ്ങളിൽ നിന്നും പത്രമാധ്യമങ്ങളിൽ എഴുതിയും വാഗ്ധോരണികൾ മുഴക്കും. ഇതിലൂടെ, ദളിതരടക്കമുള്ള ചൂഷിതരായ പാവപ്പെട്ടവർക്കിടയിലെ ഏതെങ്കിലും വിഭാഗത്തിന്റെ ആവശ്യങ്ങളോടുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധത അവർ പ്രഖ്യാപിക്കും. എന്നാൽ ഇത്തരം പ്രസംഗങ്ങളും ലേഖനങ്ങളുമൊക്കെ അവരുടെ വോട്ടു രാഷ്ട്രീയത്തിൽ മാത്രം അവസാനിക്കും. വോട്ടെടുപ്പു കർമ്മം കഴിഞ്ഞാൽ പാവപ്പെട്ടവരോടുള്ള അവരുടെ ദയാവായ്പ്പ് വായുവിൽ അലിഞ്ഞുപോകും. ഭരിക്കുന്ന ചൂഷക മുതലാളിത്ത സംവിധാനം മാത്രം മാറ്റമില്ലാതെ നിലകൊള്ളും. സ്വാഭാവികമായും ജനങ്ങൾക്ക് യാതൊരു നന്മയും ലഭിക്കുകയുമില്ല.

**തെരഞ്ഞെടുപ്പു പ്രചാരവേളയിൽ ഈ പാർട്ടികളും നേതാക്കളും ഉയർന്ന പ്രസംഗപീഠങ്ങളിൽ നിന്നും പത്രമാധ്യമങ്ങളിൽ എഴുതിയും വാഗ്ധോരണികൾ മുഴക്കും. ഇതിലൂടെ, ദളിതരടക്കമുള്ള ചൂഷിതരായ പാവപ്പെട്ടവർക്കിടയിലെ ഏതെങ്കിലും വിഭാഗത്തിന്റെ ആവശ്യങ്ങളോടുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധത അവർ പ്രഖ്യാപിക്കും. എന്നാൽ ഇത്തരം പ്രസംഗങ്ങളും ലേഖനങ്ങളുമൊക്കെ അവരുടെ വോട്ടു രാഷ്ട്രീയത്തിൽ മാത്രം അവസാനിക്കും. വോട്ടെടുപ്പു കർമ്മം കഴിഞ്ഞാൽ പാവപ്പെട്ടവരോടുള്ള അവരുടെ ദയാവായ്പ്പ് വായുവിൽ അലിഞ്ഞുപോകും. ഭരിക്കുന്ന ചൂഷക മുതലാളിത്ത സംവിധാനം മാത്രം മാറ്റമില്ലാതെ നിലകൊള്ളും. സ്വാഭാവികമായും ജനങ്ങൾക്ക് യാതൊരു നന്മയും ലഭിക്കുകയുമില്ല.**

ഈ പ്രക്രിയയെ തടഞ്ഞില്ലയെങ്കിൽ, കൂടുതൽ കരുത്തു നേടിയെടുക്കുന്ന മുതലാളിത്തം കൂടുതൽ ഹീനമായ ആക്രമണമാകും നടത്തുക. തങ്ങളുടെ ചൂഷക ഭരണകൂടസംവിധാനത്തിന്റെ ചക്രങ്ങൾക്കടിയിലിട്ട് അവർ ജനത്തെ അരയ്ക്കും. ഭരണവർഗ്ഗത്തിന്റെ അപ്പക്കഷണങ്ങൾക്കായി കാത്തുകിടക്കുന്ന ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾ ജനത്തെ പറ്റിക്കാൻ പുതിയ വഴികളും തന്ത്രങ്ങളും കണ്ടുപിടിക്കും. ജനത്തെ ഭിന്നിപ്പിച്ച്, ആ ഭിന്നതക്കു മേൽ അവർ അധികാരം നേടും. ദളിതരുടെ അങ്ങേയറ്റം അധഃസ്ഥിതവും ദാരിദ്ര്യം നിറഞ്ഞതുമായ അവസ്ഥ ദയവില്ലാത്ത മുതലാളിത്ത ചൂഷണത്തിന്റെ അവിഭാജ്യഘടകമാണ്. അതുകൊണ്ടു തന്നെ ദളിതരടക്കമുള്ള ചൂഷിതരായ ജനങ്ങൾ തങ്ങളുടെ ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്കെതിരെ ഒറ്റക്കെട്ടായി ജനാധിപത്യ പ്രക്ഷോഭണത്തിനായി മുന്നിട്ടിറങ്ങുകയെന്നതു മാത്രമാണ് ഈ വർദ്ധിക്കുന്ന പ്രശ്നങ്ങൾക്കെതിരെ സ്വീകരിക്കാൻ പറ്റുന്ന ഒരേയൊരു വഴി.

### ആരാണ് ദളിതർ? എന്തുകൊണ്ട് അവരെ അങ്ങനെ വിളിക്കുന്നു?

എന്തുകൊണ്ടാണ് ഒരു വിഭാഗം ജനങ്ങളെ ദളിതരെന്നു വിളിക്കുന്നത്? ആരാണ് അവരെ ദളിതരാക്കിയത്? തകർന്ന ജനങ്ങൾ എന്നർത്ഥം വരുന്ന ദളിതർ നേരത്തേ തൊട്ടുകൂടാത്തവരായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഉയർന്ന സമുദായക്കാർ തങ്ങളെ ഉയർന്നവരാക്കി സ്ഥാപിക്കുന്ന തരത്തിൽ സൃഷ്ടിച്ചു നിലനിർത്തിപ്പോരുന്ന പഴഞ്ചൻ കർക്കശ ജാതിവ്യവസ്ഥയിൽ ഏറ്റവും താഴേത്തട്ടിൽ നിലനിർത്തിയിരിക്കുന്നവരാണ് ദളിതുകൾ. കഴിഞ്ഞ ജന്മത്തിൽ ഒരു വ്യക്തി ചെയ്ത നന്മയുടേയോ പാപത്തിന്റെയോ ഫലമായി ജന്മം കൊണ്ട് നിർണ്ണയിക്കപ്പെടുന്നതാണ് ജാതി എന്നതാണ് ഉയർന്ന ജാതിക്കാർ നിർണ്ണയിച്ചിരിക്കുന്ന നിർവ്വചനം. വിവാഹം, ജോലി, വീട് - അതായത് പ്രദേശത്തിന്റെ ഏതു ഭാഗത്ത് താമസിക്കണം, എന്നുവേണ്ട നിത്യജീവിതത്തിന്റെ ഭാഗമായതെല്ലാം ജാതി കൊണ്ട് നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്തു. തകർക്കാനാകാത്ത വിശ്വാസമായി ഈ ആശയങ്ങൾ സമൂഹത്തിന്റെ മനോഭാവത്തിൽ ആഴത്തിൽ വേരിറക്കി. കാലങ്ങളോളം ഭയാദരവുകളോടെ കൊണ്ടു നടക്കാൻ തക്കവണ്ണം ഈ സംവിധാനത്തെ വളരെ കർക്കശമാക്കി. നാലു പ്രധാന ജാതികളിൽ (ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ) സമൂഹത്തിലെ ഏറ്റവും ഹീനജോലികൾ ചെയ്യേണ്ടിവരുന്ന ശൂദ്രരായിരുന്നു ഏറ്റവും താഴേത്തട്ടിലുണ്ടായിരുന്നത്. എന്നാൽ ഈ നാലു ജാതികളും ചെയ്യാൻ മടിക്കുന്ന ജോലികൾ ചെയ്യേണ്ടി വരുന്ന, യഥാർത്ഥത്തിൽ ജാതിവ്യവസ്ഥക്കു പുറത്ത് നിർത്തിയിരിക്കുന്ന അഞ്ചാമത്തെ വിഭാഗമായി, സാമൂഹികഘടനയിൽ ഏറ്റവും താഴെയായി പരിഗണിക്കപ്പെട്ടിരുന്നവരാണ് ദളിതർ. എന്നാൽ സമൂഹത്തെ മുന്നോട്ടു നീക്കാൻ ഈ ജോലികൾ കൂടിയേ കഴിയൂ. എന്നിട്ടും ഈ ജോലികൾ നിർവ്വഹിച്ച് മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നവരെ ജാതിഭ്രഷ്ടരായി മുദ്രകുത്തിയിരിക്കുന്നു. അതിനു പുറമേ, ജാതിവ്യവസ്ഥയുടെ കാർക്കശ്യം തലമുറകളോളം തങ്ങളുടെ അവസ്ഥ തുടരാൻ വിധിക്കപ്പെട്ടവരാക്കി അവരെ തള്ളിയിട്ടു. അങ്ങനെ ഇന്ത്യൻ സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ദളിതർ, ഇന്നോളവും ഇപ്പോഴും ജീവിതത്തിന്റെ എല്ലാ തലങ്ങളിലും എല്ലാ കാര്യങ്ങളിലും വിവേചനം നേരിട്ടുകൊണ്ടിരിക്കുന്നു. കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നിവയുടെ ലഭ്യത തുടങ്ങി, എവിടെ ജീവിക്കണം എന്തു തൊഴിലെടുക്കണം എന്നതിൽ വരെയുള്ള നിയന്ത്രണങ്ങൾ - എല്ലായിടത്തും വിവേചനപരമായ സമീപനം. തൊഴിലെടുക്കുന്നതിലെ നിയന്ത്രണങ്ങൾ മൂലം ദളിത് കർമ്മശേഷിയുടെ മുക്കാൽ പങ്കും കാർഷിക തൊഴിലാളികളായും ശേഷിക്കുന്നവർ തുകൽപ്പണി, തൂപ്പുജോലി തുടങ്ങി തോട്ടിപ്പണി വരെ മാത്രം ചെയ്യാൻ വിധിക്കപ്പെട്ടവരാക്കുന്നു. ഇതിൽ, തോട്ടിപ്പണി ചെയ്യേണ്ടിവരുന്നവരാണ് ഏറ്റവും താഴ്ന്നവരായി കണക്കാക്കപ്പെടുന്നത്. കണക്കുകൾ പ്രകാരം പത്തുലക്ഷത്തോളം ജനസംഖ്യയുണ്ടെന്നു കരുതുന്ന ഇവരാണ് മനുഷ്യ വിസർജ്യങ്ങൾ വൃത്തിയാക്കൽ, ശവക്കുഴി വെട്ടൽ, ചത്ത മൃഗങ്ങളെ നീക്കം ചെയ്യൽ തുടങ്ങിയവയ്ക്ക് പരമ്പരാഗതമായി ചുമതലപ്പെട്ടവർ. സമൂഹത്തെ ആരോഗ്യപ്രശ്നങ്ങളിൽ നിന്നും രക്ഷിക്കുന്ന ഇത്തരം ജോലികൾ ചെയ്യുന്നവരാണെങ്കിലും, ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള വരുമാനം പോലും കണ്ടെത്താൻ ഇത് ദളിതരെ സഹായിക്കുന്നില്ല. സ്ക്കൂൾ വിദ്യാഭ്യാസം നേടുന്നതോ, ആവശ്യമായ ആതുരശുശ്രൂഷ ലഭിക്കുന്നതോ അവരുടെ വിദൂരസ്വപ്നങ്ങളിൽ പോലുമില്ല. ഇതിന്റെ ഫലമായി, ജനസംഖ്യയുടെ 16%, അതായത് 167 ദശലക്ഷം പേരുണ്ടെങ്കിൽ കൂടിയും ദളിതർ ഏറെയും തന്നെ ദരിദ്രരും, വിദ്യാഹീനരും, നിരക്ഷരരും, ശാരീരികമായി പോലും ശോഷിച്ചവരും അങ്ങേയറ്റത്തെ വിവേചനവും ദാരിദ്ര്യവും നേരിടേണ്ടിവരികയും ചെയ്യുന്നവരാണ്.

ഇവിടെ നാം അടിവരയിടേണ്ട വസ്തുതയുണ്ട്. താണ ജാതിക്കാരായി മുദ്രകുത്തപ്പെടുകയും, തീർച്ചയായും സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിഭാഗമായിരിക്കുകയും ചെയ്യുന്നവരാണ്, അധ്വാനിക്കുന്ന, ചൂഷിതരായ ദരിദ്രജനങ്ങളിലെ ദളിതർ എന്നറിയപ്പെടുന്ന ഈ വിഭാഗം. മറ്റു തരത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയരാകുമ്പോൾ തന്നെ, എങ്ങനെ പരിഗണിച്ചാലും, മുതലാളിത്ത സംവിധാനത്തിന്റെ നിർദ്ദയമായ അടിച്ചമർത്തലിനു വിധേയരാകുന്ന, ചൂഷിതരായ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗം തന്നെയാണ് അവരും. അധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങൾക്കിടയിൽ ഉള്ളതു പോലെ തന്നെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന ഒരു പിടി ആളുകൾ ദളിതർക്കിടയിലും ഉണ്ട്. 'ക്രീമിലെയർ'എന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രബലമായ ഈ ചെറുവിഭാഗം ഭരിക്കുന്ന മുതലാളിത്തത്തിന്റെയും അവരുടെ ഏജന്റുമാരുടേയും തന്നെ സൃഷ്ടിയാണ്. അടിച്ചമർത്തുന്ന ഭരണകൂടത്തോടുള്ള കറകളഞ്ഞ വിധേയത്വത്തിനു പകരമായി, സമ്പത്തും ആർഭാടവും അധികാരവും ആസ്വദിക്കാൻ താത്പര്യമുള്ള അവസരവാദികളായ വ്യക്തികളെ ദളിത് വിഭാഗങ്ങൾക്കിടയിൽ നിന്നും ഇവർ കണ്ടെത്തുന്നു. സ്വന്തം സമുദായങ്ങളുടെ യഥാർത്ഥ താൽപര്യത്തെ വഞ്ചിച്ചുകൊണ്ട് ഇവർ അടിച്ചമർത്തുന്നവരുടെ ഭൃത്യന്മാരായി മാറുന്നു. ചെറുന്യൂനപക്ഷമായ ഈ മേൽത്തട്ടുകാരുടെ അഭിവൃദ്ധിയും സ്വാധീനവും ചൂണ്ടിക്കാണിച്ചു കൊണ്ടാണ്, 'പുരോഗതി'യുടെ പാതയിൽ അതിവേഗം മുന്നേറുന്ന 'ജനാധിപത്യ' ഇന്ത്യയിൽ, പിന്നാക്കത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്നും കടുത്ത ദാരിദ്ര്യത്തിൽ നിന്നും സാമൂഹികമായ ഒറ്റപ്പെടുത്തുന്നതിൽ നിന്നും ദളിതർ മോചിതരാകുന്നതിനെപ്പറ്റി ഭരിക്കുന്ന മുതലാളിവർഗ്ഗം അവകാശവാദം ഉന്നയിക്കുന്നത്. പക്ഷേ, ഏറ്റവും താഴേക്കിടയിലുള്ള അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്ന നിസ്വരായവരുടെ കൂട്ടത്തിൽ തന്നെയാണ് ദളിതരും.

### ദളിതരെന്നു മുദ്ര കുത്തുന്നത്, ജനങ്ങളെ ഭിന്നിപ്പിച്ച് മുതലാളിത്തത്തിനെതിരെയുള്ള അവരുടെ ഒറ്റക്കെട്ടായ പോരാട്ടത്തിനെ തകർക്കാനുള്ള മാർഗ്ഗം

സമൂഹത്തിന്റെ, വിശേഷിച്ചും ഗ്രാമങ്ങളിലെ, പ്രബലമായ ധനികശ്രേണിയെന്നു പറയുന്നത് ഇന്നും തീർച്ചയായും ഉന്നത ജാതികളിൽ പെട്ടവർ തന്നെയാണ്. പഴയ ജാതി അധിഷ്ഠിത ശ്രേണീസംവിധാനത്തെ, കൃത്യമായ സാമൂഹിക-ചരിത്ര കാരണങ്ങളാൽ ജനാധിപത്യവൽക്കരണം മുരടിച്ച നമ്മുടെ രാജ്യത്തെ മരണാസന്നമായ മുതലാളിത്തത്തിന്റെ ചൂഷണാധിഷ്ഠിത ഗ്രാമീണ സാഹചര്യവുമായി നടത്തിയ സവിശേഷ ലയനത്തിന്റെ ഫലമാണിത്. ഗ്രാമീണ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിച്ച്, അതുകൊണ്ടു തന്നെ സാമൂഹിക-സാംസ്കാരിക രംഗങ്ങളെ നിയന്ത്രിക്കുന്ന ഉന്നതജാതിക്കാർ

*(ശേഷം 13-ാം പേജിൽ)*

# ജനാധിപത്യപ്രക്ഷോഭത്തിന്റെ അഭാവം പീഡനത്തിന് ആക്കം വർദ്ധിപ്പിക്കുന്നു

(12-ാം പേജിൽ നിന്ന്)

തന്നെയാണ് പലപ്പോഴും ദളിതർക്കെതിരേയുള്ള അക്രമത്തിനും ചുക്കാൻ പിടിക്കുന്നതായി കണ്ടുവരുന്നത്. ഗ്രാമങ്ങളിലെ പാവപ്പെട്ടവരെ വിഭജിച്ചു നിർത്തുവാനും, തങ്ങളുടെ മേൽക്കോയ്മ ഉറപ്പിക്കുവാനും അടിച്ചമർത്തപ്പെടുന്നവരുടെ വിധേയത്വം ഉറപ്പാക്കാനുമായി, സ്വന്തമായി ഭൂമി കൈവശം വെക്കാൻ ദളിതരെ അനുവദിക്കാതിരിക്കുക എന്ന തന്ത്രം അവർ ഉപയോഗപ്പെടുത്തുന്നു.

**ഇവിടെ നാം അടിവരയിടേണ്ട വസ്തുതയുണ്ട്. താണ ജാതിക്കാരായി മുദ്ര കുത്തപ്പെടുകയും, തീർച്ചയായും സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിഭാഗമായിരിക്കുകയും ചെയ്യുന്നവരാണ്, അധ്വാനിക്കുന്ന, ചൂഷിതരായ ദരിദ്രജനങ്ങളിലെ ദളിതർ എന്നറിയപ്പെടുന്ന ഈ വിഭാഗം. മറ്റു തരത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയരാകുമ്പോൾ തന്നെ, എങ്ങനെ പരിഗണിച്ചാലും, മുതലാളിത്ത സംവിധാനത്തിന്റെ നിർദ്ദയമായ അടിച്ചമർത്തലിനു വിധേയരാകുന്ന, ചൂഷിതരായ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗം തന്നെയാണ് അവരും.**

അതുമൂലം ഈ ഗ്രാമീണ മുതലാളിമാരുടെ ഭൂമിയിൽ നിർബന്ധിതവേലയെന്നോണം നിസ്സഹായരായി പണിയെടുക്കാൻ അവർ നിർബന്ധിതരാകുന്നു. അതല്ലെങ്കിൽ മുതലാളിമാർ നിശ്ചയിക്കുന്ന തുച്ഛമായ കൂലിക്ക് അവരുടെ വീട്ടുവേലക്കാരാകണം. മുമ്പു പറഞ്ഞ മറ്റു തരത്തിലുള്ള സാമൂഹിക-രാഷ്ട്രീയ അക്രമങ്ങൾക്കൊപ്പം സമാന്തരമായി ഈ ക്രൂരമായ സാമ്പത്തിക അതിക്രമവും അരങ്ങേറുന്നു. ജനകീയ സമ്മർദ്ദത്താൽ ഇനി എവിടെയെങ്കിലും കൃഷിക്കായി ദളിതർക്ക് ഭൂമി അനുവദിച്ചാലും ശരി, ഭരണാധികാരികളും ഭൂവുടമകളും ഉദ്യോഗസ്ഥരും കൂടിച്ചേർന്ന അവിശുദ്ധ കൂട്ടുകെട്ട്, അവരോട് ആജീവനാന്തം വിധേയത്വം കാട്ടുന്നവർക്ക് മാത്രം ഭൂമി ലഭിക്കുന്ന തരത്തിൽ അതിനെ മാറ്റിത്തീർക്കും. സ്വാഭാവികമായും സ്വജനപക്ഷപാതവും ഭരിക്കുന്ന പാർട്ടിയോടുള്ള ബന്ധവും ഇവിടെ പ്രധാന പങ്കു വഹിക്കുന്നു. അടുത്ത കാലത്തായി, ദളിത് യുവതലമുറ വളരെയധികം കഷ്ടപ്പെട്ട് നിർമ്മാണമേഖല, ഡ്രൈവിങ്ങ് തുടങ്ങിയ മറ്റു ജോലികൾ സ്വീകരിക്കുകയും അൽപ്പം കൂടി മെച്ചപ്പെട്ട വരുമാനം നേടിത്തുടങ്ങുകയും ചെയ്തു. എന്നാൽ ഇന്നത്തെ തൊഴിൽ അവസ്ഥയിൽ അത്തരം ജോലികൾ കണ്ടുപിടിക്കുന്നത് ദുഷ്കരമാകുന്നു. മരണാസന്ന മുതലാളിത്തത്തിന്റെ കുടില താല്പര്യങ്ങൾക്ക് വിധേയരായ, രാഷ്ട്രീയബോധമില്ലാത്ത അവരുടെ സഹപ്രവർത്തകരിൽ നിന്നും ദളിതർക്കു നേരിടേണ്ടി വരുന്ന അപമാനവും തടസ്സങ്ങളും അനവധിയാണ്. കൂടാതെ പരമ്പരാഗത തൊഴിൽ ആധിക്യവ്യവസായങ്ങൾ അടച്ചുപൂട്ടുന്നത് എല്ലാവർക്കും മാന്യമായ തൊഴിൽ നഷ്ടമാകാൻ കാരണമാകുന്നു. അപ്പോൾ നല്ലൊരു ജീവിതത്തെ കുറിച്ചുള്ള സ്വപ്നവും, ഈ പീഡനത്തിലും വിവേചനത്തിലും നിന്നുമുള്ള മോചനവും ദളിത് സമൂഹത്തിന് കൈമോശം വരുന്നു.

ഈ ഡിജിറ്റൽ ഇന്ത്യ യുഗത്തിലും സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗത്തിന് സമൂഹത്തിൽ ദളിതർ എന്ന മുദ്ര തുടർന്നും പേറേണ്ടി വരുന്നു. ഇതാകട്ടെ, പഴഞ്ചൻ ജാതിവ്യവസ്ഥ അടിച്ചേൽപ്പിച്ചതും മരണാസന്നമായ, ദുഷിച്ച പിന്തിരിപ്പൻ മുതലാളിത്തം സംരക്ഷിച്ചു വളർത്തുന്നതുമാണ്. ഈ മുദ്ര ചാർത്തുമ്പോൾ ദളിതർ മറ്റ് ചൂഷിത ജനവിഭാഗങ്ങളിൽ നിന്നും വേർപെടുത്തപ്പെടുന്നു. ഇവിടെ, ജാതി-മത-പ്രാദേശിക ഭേദമന്യേ എല്ലാ അധ്വാനിക്കുന്ന ജനലക്ഷങ്ങൾക്കും മുമ്പാകെ ഒരു പ്രധാന ചോദ്യം ഒളിഞ്ഞിരിക്കുന്നു. അതെന്തെന്നാൽ, ദളിതരടക്കം ദുരിതമനുഭവിക്കുന്ന എല്ലാ ജനങ്ങളും എന്തുകൊണ്ട് ഈ കഷ്ടപ്പാടും മനുഷ്യത്വരഹിതമായ ജീവിതസാഹചര്യങ്ങളും അനുഭവിക്കുന്നു. ഉത്തരമെന്തെന്നാൽ, നമ്മുടെ സമൂഹം, ജാതിമതാദികൾ എന്തുമായിക്കൊള്ളട്ടെ, രണ്ടു വർഗ്ഗങ്ങളായാണ് അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടിരിക്കുന്നത്. കുറച്ച് ധനികരും ലക്ഷോപലക്ഷം ദരിദ്രരും; ഉടമവർഗ്ഗവും തൊഴിലാളികളും. മറ്റു വാക്കുകളിൽ, ഭരിക്കുന്ന ചൂഷകർ-മുതലാളിമാരും അവരുടെ ശിങ്കിടികളും-ഒരു വശത്തും, ചൂഷിതർ - അടിച്ചമർത്തപ്പെടുന്ന അധ്വാനിക്കുന്ന ബഹുജനം-മറുവശത്തും. ഇതാണ് മുതലാളിത്ത സംവിധാനത്തിലെ വർഗ്ഗവിഭജനം, അഥവാ ഭരിക്കുന്ന മുതലാളി വർഗ്ഗവും തൊഴിലാളികളും മറ്റ് അദ്ധ്വാനിക്കുന്നവരും ചേർന്ന ചൂഷിതവർഗ്ഗവും. ഈ രണ്ട് വർഗ്ഗങ്ങളും, ഒന്നു കൂടി വ്യക്തമാക്കിയാൽ അദ്ധ്വാനവും മൂലധനവും, തമ്മിലുള്ള അടിസ്ഥാന വൈരുദ്ധ്യങ്ങളിൽ നിന്നാണ് സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും ഉടലെടുക്കുന്നത്. ജാതിയുടേയും മതത്തിന്റെയും അടക്കമുള്ള പ്രശ്നങ്ങൾ ഇതിൽ നിന്നും തുടങ്ങുന്നു, ചിലപ്പോൾ ഇതിന് ചില സന്ദർഭങ്ങളിൽ ശ്രദ്ധിക്കപ്പെടേണ്ട മാനങ്ങൾ കൈവരിക്കുകയും ചെയ്യുന്നു.

ഒരു വലിയ വിഭാഗം ജനങ്ങളെ ദളിതരെന്നു മുദ്ര കുത്തുന്നതും ഇതിൽ നിന്ന് ഉടലെടുക്കുന്നതു തന്നെയാണ്. വാസ്തവത്തിൽ, തങ്ങൾ സ്വയം സൃഷ്ടിച്ച പ്രതിസന്ധിയുടെ അവസ്ഥയെ മറികടക്കുവാനായി മുതലാളിത്ത ഭരണാധികാരികളും അവരുടെ കിങ്കരന്മാരും നടത്തുന്ന ഭ്രാന്തമായ ശ്രമത്തിന്റെ അത്യന്താപേക്ഷിതമായ ഭാഗമാണിത്. അതിലൂടെ, എല്ലാ വിഭജനങ്ങൾക്കും അതീതമായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഒറ്റക്കെട്ടായുള്ള ഉയർന്നുവരവിനെ തകിടം മറിച്ച് തങ്ങളുടെ വികൃതമായ നിലനിൽപ്പിന്റെ ആയുസ്സു വർദ്ധിപ്പിക്കാനാണ് അവരുടെ ശ്രമം. പട്ടികജാതി-പട്ടികവർഗ്ഗം, പിന്നാക്ക ജാതികൾ, ദളിതർ എന്നൊക്കെയുള്ള വിഭജനം ചൂഷിതജനങ്ങളെ ചൂഷകമുതലാളിത്തത്തിനെതിരേ ഒറ്റക്കെട്ടായി നിലനിൽക്കാൻ അനുവദിക്കാതെ വിഭജിച്ചു നിർത്തുകയല്ലാതെ മറ്റൊന്നുമല്ല. പ്രാദേശികമായി ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും ഈ വിഭാഗങ്ങൾ നേരിടേണ്ടി വരുന്ന പീഡനങ്ങളുടെ തീവ്രതയ്ക്കു വ്യത്യാസം വരുന്നില്ല. ഇവരനുഭവിക്കുന്ന കൊടിയ ദുരിതങ്ങളുടെ തായ്‌വേർ മരണാസന്നമായ പിന്തിരിപ്പൻ മുതലാളിത്തമാണെന്നതിൽ രണ്ട് അഭിപ്രായമില്ല.

**ഈ ഡിജിറ്റൽ ഇന്ത്യ യുഗത്തിലും സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗത്തിന് സമൂഹത്തിൽ ദളിതർ എന്ന മുദ്ര തുടർന്നും പേറേണ്ടി വരുന്നു. ഇതാകട്ടെ, പഴഞ്ചൻ ജാതിവ്യവസ്ഥ അടിച്ചേൽപ്പിച്ചതും മരണാസന്നമായ, ദുഷിച്ച പിന്തിരിപ്പൻ മുതലാളിത്തം സംരക്ഷിച്ചു വളർത്തുന്നതുമാണ്. ഈ മുദ്ര ചാർത്തുമ്പോൾ ദളിതർ മറ്റ് ചൂഷിത ജനവിഭാഗങ്ങളിൽ നിന്നും വേർപെടുത്തപ്പെടുന്നു.**

**പട്ടികജാതി-പട്ടികവർഗ്ഗം, പിന്നാക്ക ജാതികൾ, ദളിതർ എന്നൊക്കെയുള്ള വിഭജനം ചൂഷിതജനങ്ങളെ ചൂഷകമുതലാളിത്തത്തിനെതിരേ ഒറ്റക്കെട്ടായി നിലനിൽക്കാൻ അനുവദിക്കാതെ വിഭജിച്ചു നിർത്തുകയല്ലാതെ മറ്റൊന്നുമല്ല. പ്രാദേശികമായി ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും ഈ വിഭാഗങ്ങൾ നേരിടേണ്ടി വരുന്ന പീഡനങ്ങളുടെ തീവ്രതയ്ക്കു വ്യത്യാസം വരുന്നില്ല. ഇവരനുഭവിക്കുന്ന കൊടിയ ദുരിതങ്ങളുടെ തായ്‌വേർ മരണാസന്നമായ പിന്തിരിപ്പൻ മുതലാളിത്തമാണെന്നതിൽ രണ്ട് അഭിപ്രായമില്ല.**

### ജനാധിപത്യമുന്നേറ്റത്തിന്റെ അഭാവം പ്രശ്നം വഷളാക്കുന്നു

ഈ അവസ്ഥയുടെ ഏറ്റവും നിർഭാഗ്യകരമായ ഭാഗമെന്തെന്നാൽ, ഒരു ശക്തവും ഏകീകൃതവുമായ ജനാധിപത്യ മുന്നേറ്റത്തിന്റെ അഭാവത്തിൽ ഈ വഞ്ചനാകരമായ പദ്ധതികൾ മതിയായ നേട്ടമുണ്ടാക്കുന്നു. മുതലാളിത്ത ചൂഷണത്തിൽ നിന്നും ചൂഷിതജനങ്ങൾക്കു രക്ഷപെടാനുള്ള ഒരേയൊരു വഴിയാണ് ഈ ജനകീയമുന്നേറ്റം. മാർക്സിസത്തിനും ജനാധിപത്യമൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുന്നു, അധ്വാനിക്കുന്ന ജനങ്ങൾക്കായി പൊരുതുന്നു എന്ന് അവകാശപ്പെടുന്നവർ, ദളിതരടക്കം കഷ്ടപ്പെടുന്ന എല്ലാവരേയും ഒരുമിച്ചു ചേർത്തുള്ള സമരങ്ങൾ ശരിയായ ചിന്തയുടെയും സമീപനത്തിന്റെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയായിരുന്നു വേണ്ടത്. എന്നാൽ ഈ കപടമാർക്സിസ്റ്റുകൾ പടിപടിയായി ഇത്തരം നീക്കങ്ങൾ നടത്താനുള്ള ചുമതലയ്ക്ക് പ്രാധാന്യം കൽപ്പിച്ചതേയില്ല. അവരുടെ വാക്കിലും പ്രവൃത്തിയിലും ഈ ലക്ഷ്യം നിഴലിക്കുന്നതേയില്ല. ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികളിൽ നിന്നും യാതൊരു വ്യത്യാസവുമില്ലാത്ത, അധ്വാനത്തിനും മൂലധനത്തിനും ഇടയിൽ അനുരഞ്ജനം കണ്ടെത്താൻ ശ്രമിക്കുന്ന ഇവർ ദളിതരെ അധികാരത്തിലേക്കുള്ള വോട്ടുബാങ്കുകൾ മാത്രമായാണ് കാണുന്നത്. അതുകൊണ്ടു തന്നെ അവർ ദളിത് താത്പര്യത്തെ കുറിച്ചു പറഞ്ഞാലോ, ദളിത് മുന്നേറ്റങ്ങളുടെ പ്രകടനം നടത്തിയാലോ, അത് അവരുടെ മറ്റ് നീക്കങ്ങളുടേത് പോലെ ബൂർഷ്വാ വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ പരിധികൾക്കകത്ത് ഒതുങ്ങി നിൽക്കുന്നു. അടിച്ചമർത്തപ്പെടുന്നവരുടെ മതിയായ ജനാധിപത്യ മുന്നേറ്റങ്ങൾ എവിടെയൊക്കെ കുറവോ, നിർജ്ജീവമോ ആണെങ്കിൽ അവിടെയൊക്കെ, സമ്പന്നരായ ഉയർന്ന ജാതിക്കാർക്ക് പ്രാമുഖ്യമുള്ള ഭരിക്കുന്ന മുതലാളി വർഗ്ഗം, ദളിത് അടക്കം ചൂഷിതരായ ജനങ്ങളുടെ വിവിധ വിഭാഗങ്ങൾക്കുമേൽ വിവിധ മുദ്രകൾ അടിച്ചേൽപ്പിച്ച് അവരെ ആശയക്കുഴപ്പത്തിലാക്കുന്നു. അങ്ങനെ ആ അതദുഃഖിതരായ ഇല്ലായ്മക്കാരെ താഴ്ത്തിക്കെട്ടുന്നത് തുടരാനും കടുത്ത അടിച്ചമർത്തലിന് അവരെ വിധേയരാക്കാനും സാധിക്കുന്നു. മുതലാളിവർഗ്ഗത്തിന്റെ സേവകർ കൂടി രംഗത്തേക്ക് വന്ന്, അടിച്ചമർത്തലിന്റെ നുകത്തിനു കീഴിലേക്ക് കൂടുതൽ മനുഷ്യത്വരഹിതമായി ദരിദ്രരെ കൊണ്ടുവരുന്നു. പലപ്പോഴും പല സ്ഥലങ്ങളിലും ദളിതരുടെ പ്രശ്നങ്ങൾ പറഞ്ഞും ദളിത് ജനങ്ങളുടെ അത്യന്തം മോശമായ അവസ്ഥയും കഷ്ടപ്പാടും ചൂഷണം ചെയ്യാനും അതിലൂടെ വോട്ട് ബാങ്ക് രാഷ്ട്രീയം കളിച്ച് അധികാരത്തിലേറാനും ശ്രമിക്കുന്ന ബൂർഷ്വ-പെറ്റിബൂർഷ്വാ പാർട്ടികൾ മുള പൊട്ടിയിരിക്കുന്നു. എന്നാൽ അധികാരം കൈപ്പിടിയിലൊതുങ്ങിയാലോ, എല്ലാ ആവേശവും ചോർന്ന് പോയി, സമ്പന്ന മുതലാളി വർഗ്ഗത്തെ അവർ ആവേശത്തോടെ സേവിക്കുന്നു. മുതലാളിത്ത സംവിധാനത്തിന്റെ അവിഭാജ്യഘടകമായി സ്വയം മാറി ഇത്രയും നാൾ തങ്ങൾ മുതലക്കണ്ണീർ പൊഴിച്ചുകൊണ്ടിരുന്ന അതേ ദളിത് സമൂഹത്തിനു മേലേ തന്നെ അവരും ചാടിവീഴുന്നു. തങ്ങളുടെ സങ്കുചിതമായ വർഗ്ഗതാത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രം മുതലാളിത്തം അണിയിച്ചൊരുക്കുന്ന ഇത്തരം ദളിത് സംഘടനകളെക്കുറിച്ച് അടിച്ചമർത്തപ്പെടുന്ന ദളിത് ജനവിഭാഗങ്ങൾ തെറ്റിദ്ധാരണകൾ വച്ചുപുലർത്താതിരിക്കട്ടെ. ഈ ദളിത് സംഘടനകൾ, അടിച്ചമർത്തപ്പെടുന്ന എല്ലാ ജനങ്ങളുടേയും ആവശ്യങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന തങ്ങളുടെ ആവശ്യങ്ങളെ വഞ്ചിക്കുന്നതായാണ് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെടുന്നത് എന്നു കാണാം. മറ്റ് ബൂർഷ്വാ നേതാക്കളെപ്പോലെ തന്നെ, പ്രഖ്യാപിതമായും ഉന്നത ജാതിക്കാരുടേതായ പാർട്ടികളുമായി കൈകോർത്ത് ദളിത് നേതാക്കൾ അധികാരം പങ്കിടുകയും നേട്ടം കൊയ്യുകയും ചെയ്യുന്നത് അവർ കാണുന്നില്ലേ? ഇത്തരം ചില സ്വയംപ്രഖ്യാപിത ദളിത് സംഘടനകളുടെ നേതാക്കൾ മുഖ്യധാരാ ബൂർഷ്വാ പാർട്ടികളുടെ പിന്തുണയോടെ എംപിയും എംഎൽഎയും മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ആകുന്നില്ലേ? അത് ഈ സമൂഹത്തിന്റെ കഷ്ടപ്പാടിന് എന്തെങ്കിലും കുറവുണ്ടാക്കിയിട്ടുണ്ടോ? ചില ദളിതുകൾ ഹിന്ദുമതം ഉപേക്ഷിച്ച് ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. അതു കൊണ്ട് അവരുടെ ദാരിദ്ര്യം കുറഞ്ഞോ? പണ്ടും പല ദളിതരും ക്രിസ്തുമതവും ഇസ്ലാം മതവുമൊക്കെ സ്വീകരിച്ചിരുന്നു. അവരുടെ കഷ്ടപ്പാടിന് അറുതി വന്നോ? അടിച്ചമർത്തപ്പെടുന്ന ദളിത് സഹോദരരും, അവരോട് അനുഭാവം പുലർത്തുന്നവരും ഗൗരവത്തോടെ ചിന്തിക്കേണ്ടതാണിത്.

### സംവരണമാണോ പോംവഴി?

എന്താണ് മോചനമാർഗ്ഗം എന്ന ചോദ്യത്തിന് ഉത്തരമായി, ആത്മാർത്ഥമായ ഉദ്ദേശ്യത്തോടു കൂടിയും ആശയക്കുഴപ്പത്താലും, ചിലപ്പോൾ കുടിലലക്ഷ്യങ്ങളാലും വിവിധ ആളുകൾ, സംവരണമാണ് പ്രശ്നപരിഹാര മാർഗ്ഗമായി നിർദ്ദേശിക്കുന്നത്. ദളിതരിലേയും മറ്റ് അധഃസ്ഥിത വിഭാഗങ്ങളിലേയും ജനങ്ങൾക്ക് ജാതീയതയിൽനിന്നും മറ്റ് അനുബന്ധ പ്രശ്നങ്ങളിൽ നിന്നും മോചനത്തിന് സംവരണമാണ് വഴിയായി കണ്ടത്. ഭീംറാവു റാംജി അംബേദ്കറിനെ പോലെ മഹാനായ ഒരു മനുഷ്യൻ തന്റെ സ്വന്തം ആശയങ്ങളിലും വീക്ഷണത്തിലും നിന്ന് താണ ജാതിക്കാരെന്നറിയപ്പെട്ടവർക്കായി ചില വഴികൾ നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ അതേ വഴികൾ അതേപോലെ പിന്തുടരുന്നു. എന്നാൽ പരിഹാരമോ, പരിഹാരത്തിനുള്ള എന്തെങ്കിലും സാധ്യതകളോ ഉണ്ടായോ? മറിച്ച് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതു പോലെ ദളിതർക്കു മേലുള്ള അക്രമം വർദ്ധിക്കുകയല്ലേ? ശരിയായി ചിന്തിക്കുന്ന എല്ലാ ജനങ്ങളും അടിച്ചമർത്തപ്പെടുന്ന ജനലക്ഷങ്ങളും ഇവിടെ മനസ്സിലാക്കേണ്ടത്, വളരുന്ന തൊഴിലില്ലായ്മ പ്രശ്നം, ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾക്ക് വിശേഷിച്ചും വർഗ്ഗീയ-പ്രാദേശികവാദ ശക്തികൾക്ക്, സംവരണത്തെ ഉപയോഗിച്ച് കുടിലമായ രാഷ്ട്രീയം കളിക്കാൻ ഏറ്റവും വളക്കൂറുള്ള മണ്ണാണ് നൽകിയിരിക്കുന്നത്. തൊഴിൽരഹിതരായ ജനലക്ഷങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ അധഃസ്ഥിതർക്ക് സംവരണം, മണ്ണിന്റെ മക്കൾക്ക് ജോലി തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നു. ഇതിന്റെ ഫലമായി നമ്മുടെ നാട്ടിലെ താഴേക്കിടയിലുള്ള ജനങ്ങൾ ഇന്ന് പരസ്പര ശത്രുതയുള്ള രണ്ട് ചേരികളിലായി വിഭജിച്ചു നിൽക്കുന്നു - സംവരണ അനുകൂലികളും സംവരണ വിരുദ്ധരും. തൊഴിലില്ല പക്ഷേ സംവരണത്തിന്റെ പേരിൽ പോരും വക്കാണവും മാത്രം. ഇതു തന്നെയാണ് ഭരണാധികാരികൾക്കു വേണ്ടതും. ജനങ്ങൾ സാങ്കൽപ്പിക കാര്യങ്ങൾക്കു മേൽ പരസ്പരം പോരടിക്കട്ടെ. പരസ്പരവിനാശകരമായ ഇത്തരം പോരുകൾ ആത്യന്തികമായി ഭരിക്കുന്ന മുതലാളിത്തത്തെ മാത്രം സഹായിക്കുന്നു. അതുകൊണ്ടാണ് വർദ്ധിക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിനു മുന്നിൽ ഈ സങ്കുചിത രാഷ്ട്രീയ കക്ഷികളൊക്കെ തന്നെ, ഒരു വിഭാഗം തൊഴിൽരഹിതരെ മറ്റൊരു വിഭാഗത്തിനെതിരേ അണിനിരത്തി, തൊഴിൽ ലഭിക്കാത്തതിന് പരസ്പരം കാരണമായി ചൂണ്ടിക്കാട്ടി അതിലൂടെ പരസ്പര വിദ്വേഷം വളർത്തുന്നത്. ഇപ്പോൾ ഈ വിഷയത്തെ കേന്ദ്രമാക്കി, കാര്യങ്ങൾ ഒരു വേദനാകരമായ ഘട്ടത്തിലെത്തി നിൽക്കുന്നു. നിരപരാധിക

(ശേഷം 14-ാം പേജിൽ)

# ശാശ്വത പരിഹാരം വിപ്ലവത്തിലൂടെ മാത്രം

(14-ാം പേജിൽ നിന്ന്)

ളുടെ ജീവൻ എടുക്കുന്ന തരത്തിൽ സംഘർഷങ്ങൾ വളരുന്നു. ആത്മഹത്യകൾ കൂടി നടക്കുന്നു. എല്ലാവർക്കുമുള്ള തൊഴിൽ ലഭ്യമായിരുന്നുവെങ്കിൽ സംവരണം തന്നെ വേണ്ടി വരുമായിരുന്നോ എന്നത് മനസ്സിലാക്കാൻ അത്ര ബുദ്ധിമുട്ടുണ്ടോ? അപ്പോൾ പിന്നെ എന്താണ് പ്രശ്നം.

മരിക്കുന്ന മുതലാളിത്തത്തിന്റെ അവസാനമില്ലാത്ത പ്രതിസന്ധിയുടെ ഒഴിവാക്കാനാകാത്ത പരിണതഫലങ്ങളാണ് ചുറ്റും. തൊഴിലുകൾ കുറയുന്നു, തൊഴിലില്ലായ്മ വർദ്ധിക്കുന്നു, ഉള്ളവരുടെ ജോലി തന്നെ നഷ്ടപ്പെടുന്നു, ഭൂമിയിൽ നിന്നും ഒഴിപ്പിച്ച കർഷകർ നിലനിൽപ്പിനായി മറ്റു മാർഗ്ഗങ്ങളില്ലാതെ അന്യസംസ്ഥാനങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നു. കമ്പോളപ്രതിസന്ധിയിലൂടെ പാപ്പരാക്കപ്പെട്ട്, വാങ്ങൽശേഷി നഷ്ടപ്പെട്ട ജനങ്ങൾ സാമ്പത്തികമാന്ദ്യത്തിലേക്ക് നയിക്കപ്പെടുന്നു. പുതിയ കൂടുതൽ തൊഴിൽ ആധിക്യവ്യവസായങ്ങൾ തുടങ്ങുന്നത് പോയിട്ട് ഉള്ളവ നിലനിർത്താൻ പോലും സാധിക്കുന്നില്ല. യന്ത്രവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും തൊഴിലാളികളുടെ എണ്ണത്തെ കുറച്ച് സ്ഥിതി കൂടുതൽ വഷളാക്കുന്നു. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ പോലും പുതിയ നിയമനങ്ങൾക്കു മേൽ രഹസ്യ നിയമനനിരോധനം തന്നെ കൊണ്ടുവന്ന് എത്ര കുറഞ്ഞ കൂലിയും സ്വീകരിച്ച് പണിയെടുക്കാൻ ജനത്തെ നിർബന്ധിതരാക്കുന്നു. അടുത്തിടെ പശ്ചിമബംഗാൾ സർക്കാരിലെ 5000 ക്ലാസ് ഫോർ ജോലികൾക്കായി, പിഎച്ച്ഡിയുള്ളവരടക്കം 26 ലക്ഷം അപേക്ഷകരാണ് എത്തിയത്. യാതൊരു ഭാവിപ്രതീക്ഷയുമില്ലാത്ത അധഃസ്ഥിതജനങ്ങളിൽ നിന്നും വിശേഷിച്ചും യുവാക്കളിൽ നിന്നും ഒളിച്ചുവെക്കുന്ന തിനു ശേഷമുള്ള രാജ്യത്തിന്റെ ചരിത്രത്തേയും പരിശോധിച്ചാൽ അവർക്കും മനസ്സിലാകും, എല്ലാ ജോലികളും സംവരണം ചെയ്താൽ തന്നെയും, ദളിതരും മറ്റ് പിന്നാക്കക്കാരും അടക്കമുള്ളവരിൽ ഒരു ചെറിയ ശതമാനത്തിനൊഴികെ മറ്റാർക്കും തന്നെ തൊഴിൽ ലഭിക്കുകയില്ല. യഥാർത്ഥത്തിൽ സംവരണനയം കൊണ്ട് ദളിതരിലും മറ്റ് സമുദായങ്ങളിലും പെടുന്ന കുറച്ച് സവിശേഷപരിഗണന ലഭിച്ചവരൊഴികെ, മറ്റ് ബഹുഭൂരിപക്ഷം വരുന്നവർക്കും തങ്ങളുടെ അവസ്ഥയിൽ ഒരംശം പോലും മെച്ചം കാണാൻ കഴിയുന്നില്ല. തൊഴിലില്ലായ്മ എന്ന ആഴത്തിൽ വേരിറങ്ങിയ ഒരു പ്രശ്നത്തിന് കാരണമോ പരിഹാരമോ ആകാൻ സംവരണത്തിനാകുന്നില്ല എന്നാണ് തെളിയിക്കപ്പെടുന്നത്. യഥാർത്ഥത്തിൽ ലോകമുതലാളിത്തം നേരിടുന്ന കടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ ഈ കാലഘട്ടത്തിൽ, ഏതൊരു മുതലാളിത്ത രാജ്യത്തിലും സംവരണം പോലെയുള്ള മാർഗ്ഗങ്ങളിലൂടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുമെന്ന് പറയുന്നത് ജനത്തെ തെറ്റിദ്ധരിപ്പിച്ച്, തെരഞ്ഞെടുപ്പു വിജയങ്ങൾക്കായി ചില വിഭാഗങ്ങളെ പ്രീണിപ്പിക്കുവാനാണ്.

ഇന്ന് എത്തിച്ചേർന്നിരിക്കുന്ന സാഹചര്യം, ഒരു വശത്ത് ഏറ്റവും അധഃസ്ഥിതരായ ജനവിഭാഗങ്ങൾ മാത്രമല്ല, അൽപ്പം മെച്ചപ്പെട്ട അവസ്ഥയിൽ കഴിയുന്ന, സംവരണമെന്ന ചോദ്യമേ ആവശ്യമില്ലാത്ത സമുദായങ്ങൾ കൂടി ഇപ്പോൾ സംവരണത്തിനായി പിടി മുറുക്കുന്നു. താരതമ്യേന മെച്ചപ്പെട്ട ഈ സമുദായങ്ങളും സംവരണ അർഹതയില്ലാത്ത മറ്റു സമുദായങ്ങളും, സംവരണം മൂലമാണ് തൊഴിൽ ലഭിക്കാത്തത് എന്ന അവരുടെയിടയിലെ തൊഴിൽരഹിതരുടെ ആവലാതിയാലാണ് പ്രചോദിതരായിരിക്കുന്നത്. സംവരണം അനുഭവിക്കുന്ന വിഭാഗങ്ങളാകട്ടെ, തുല്യ

**എന്താണ് മോചനമാർഗ്ഗം എന്ന ചോദ്യത്തിന് ഉത്തരമായി, ആത്മാർത്ഥമായ ഉദ്ദേശ്യത്തോടു കൂടിയും ആശയക്കുഴപ്പത്താലും, ചിലപ്പോൾ കുടിലലക്ഷ്യങ്ങളാലും വിവിധ ആളുകൾ, സംവരണമാണ് പ്രശ്നപരിഹാര മാർഗ്ഗമായി നിർദ്ദേശിക്കുന്നത്.ദളിതരിലേയും മറ്റ് അധഃസ്ഥിത വിഭാഗങ്ങളിലേയും ജനങ്ങൾക്ക് ജാതീയതയിൽനിന്നും മറ്റ് അനുബന്ധ പ്രശ്നങ്ങളിൽ നിന്നും മോചനത്തിനായി സംവരണമാണ് വഴിയായി കണ്ടത്. ഭീംറാവു റാംജി അംബേദ്കറിനെ പോലെ മഹാനായ ഒരു മനുഷ്യൻ തന്റെ സ്വന്തം ആശയങ്ങളിലും വീക്ഷണത്തിലും നിന്ന് താണ ജാതിക്കാരെന്നറിയപ്പെട്ടവർക്കായി ചില വഴികൾ നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ അതേ വഴികൾ അതേ പോലെ പിന്തുടരുന്നു. എന്നാൽ പരിഹാരമോ, പരിഹാരത്തിനുള്ള എന്തെങ്കിലും സാധ്യതകളോ ഉണ്ടായോ? മറിച്ച് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതു പോലെ ദളിതർക്കു മേലുള്ള അക്രമം വർദ്ധിക്കുകയല്ലേ? ശരിയായി ചിന്തിക്കുന്ന എല്ലാ ജനങ്ങളും അടിച്ചമർത്തപ്പെടുന്ന ജനലക്ഷങ്ങളും ഇവിടെ മനസ്സിലാക്കേണ്ടത്, വളരുന്ന തൊഴിലില്ലായ്മ പ്രശ്നം, ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികൾക്ക് വിശേഷിച്ചും വർഗ്ഗീയ-പ്രാദേശികവാദ ശക്തികൾക്ക്, സംവരണത്തെ ഉപയോഗിച്ച് കുടിലമായ രാഷ്ട്രീയം കളിക്കാൻ ഏറ്റവും വളക്കൂറുള്ള മണ്ണാണ് നൽകിയിരിക്കുന്നത്. തൊഴിൽരഹിതരായ ജനലക്ഷങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ അധഃസ്ഥിതർക്ക് സംവരണം, മണ്ണിന്റെ മക്കൾക്ക് ജോലി തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നു. ഇതിന്റെ ഫലമായി നമ്മുടെ നാട്ടിലെ താഴേക്കിടയിലുള്ള ജനങ്ങൾ ഇന്ന് പരസ്പര ശത്രുതയുള്ള രണ്ട് ചേരികളിലായി വിഭജിച്ചു നിൽക്കുന്നു - സംവരണ അനുകൂലികളും സംവരണ വിരുദ്ധരും. തൊഴിലില്ല പക്ഷേ സംവരണത്തിന്റെ പേരിൽ പോരും വക്കാണവും മാത്രം. ഇതു തന്നെയാണ് ഭരണാധികാരികൾക്കു വേണ്ടതും.**

യാഥാർത്ഥ്യമാണിത്. ശരിയായ പരിഹാരനടപടികളിൽ നിന്നും അവരെ വഴിതെറ്റിക്കുന്നതിനു വേണ്ടി, സംവരണമെന്ന മധുരഫലം അവർക്കായി നീട്ടുകയും, അതിലൂടെ അവരെ ആശയക്കുഴപ്പത്തിലാക്കി, പരസ്പരം വിശ്വാസരാഹിത്യവും അടുപ്പമില്ലായ്മയും സൃഷ്ടിക്കുന്നു.

എന്താണിതിന്റെ പരിണിതഫലം? വൈകാരികതയോടു കൂടിയല്ലാതെ സംവരണ വിരുദ്ധർ ഈ പ്രശ്നത്തെ സമീപിച്ചാൽ അവർക്കു വ്യക്തമാകും, സംവരണമേ ഇല്ലയെങ്കിൽ കൂടിയും ആകെയുള്ള തൊഴിൽരഹിതരിൽ ചെറിയ ശതമാനത്തിനു പോലും തൊഴിൽ നൽകാൻ ആവശ്യമായ തൊഴിലവസരങ്ങൾ ഇവിടെയുണ്ടാകുന്നില്ലയെന്ന്. മറുവശത്ത്, സംവരണാനുകൂലികൾ ഈ പ്രശ്നത്തേയും സംവരണം കൊണ്ടുവന്ന മായി ചൂഷണം നേരിടുന്ന തൊഴിൽരഹിതരായ മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ, അവരാണ് ജോലികളെല്ലാം കൊണ്ടുപോകുന്നത് എന്ന പേരിൽ ശത്രുത വളർത്തുന്നു. എല്ലാ വിഭാഗം അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളിൽ നിന്നും സത്യം മറച്ചുവെക്കപ്പെടുന്നു. തുടർച്ചയായ തെറ്റിദ്ധരിപ്പിക്കൽ, തത്പരകക്ഷികളുടെ നുണപ്രചാരണം, വിഭാഗീയവികാരങ്ങളെ ഊതിപ്പെരുപ്പിക്കുന്നത്, ഇതെല്ലാം അവരുടെ വീക്ഷണത്തെ അന്ധമാക്കുന്നു. എങ്ങനെയാണ് നിർദ്ദയമായി അടിച്ചമർത്തുന്ന മുതലാളിത്തവും അതിന്റെ സേവകരും പിന്നിൽ നിന്നും ചരടുകൾ വലിച്ച് ഭ്രാതൃഹത്യാപരമായ കലാപങ്ങളിലേക്ക് സംവരണത്തിന്റെ പേരിൽ അവരെ നയിക്കുന്നതെന്ന് അവർ കാണാതെ പോകുന്നു. ഒരിക്കൽ കൂടി ആവർത്തിക്കട്ടെ, ജനങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ എത്രത്തോളം കൂടുതലായി ഇരിക്കുന്നുവോ, അത് ഭരണാധികാരികൾക്ക്, അവരേറ്റവും ഭയക്കുന്ന ജനങ്ങളുടെ ഐക്യത്തേയും സാഹോദര്യത്തേയും അഖണ്ഡതയേയും തടസ്സപ്പെടുത്തുവാൻ കൂടുതൽ ഗുണകരമായിരിക്കും.

### വർഗ്ഗസമീപനമില്ലാതെ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയില്ല

നമ്മുടേതുൾപ്പടെ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും പരസ്പരം എതിർക്കുന്ന രണ്ട് വർഗ്ഗങ്ങളാണ് ഉള്ളത്-ഉൽപ്പാദന ഉപാധികളുടെ ഉടമസ്ഥരായ മുതലാളിമാരും, തങ്ങളുടെ അധ്വാനം വിൽക്കുന്ന മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികളും. ദളിതരടക്കമുള്ള അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളെല്ലാം മനസ്സിലാക്കേണ്ട ചരിത്രവസ്തുതയാണിത്. ആദ്യത്തേത് ചൂഷകനും രണ്ടാമത്തേത് ചൂഷിതനുമാണ്. മുതലാളിത്തമാണ് എല്ലാ തിന്മ

**മുതലാളിത്തമാണ് എല്ലാ തിന്മകളുടേയും ദുരിതങ്ങളുടേയും കാരണം. മരിച്ചുകൊണ്ടിരിക്കുന്ന ആ ചൂഷകമുതലാളിത്ത സംവിധാനത്തെ തൂത്തെറിഞ്ഞ്, പകരം ഉല്പാദനോപാധികളുടെ ഉടമസ്ഥത സ്വകാര്യമേഖലയിൽ നിന്നും പൊതുഉടമസ്ഥതയിലേക്ക് മാറ്റണം. ഇവിടെ മുതലാളിത്തത്തിൽ നിന്നും വ്യത്യസ്തമായി, ലാഭം പരമാവധി നേടുക എന്ന ലക്ഷ്യത്തോടെയുള്ള ഉല്പാദനത്തിനു പകരം, സമൂഹത്തിന്റെ വളരുന്ന ഭൗതിക-ആത്മീയ ആവശ്യങ്ങൾ നിറവേറ്റി അതിലൂടെ ദളിതരുടേതടക്കമുള്ള നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്ന ഉല്പാദനം പകരം വെക്കണം.**

കളുടേയും ദുരിതങ്ങളുടേയും കാരണം. മരിച്ചുകൊണ്ടിരിക്കുന്ന ആ ചൂഷകമുതലാളിത്ത സംവിധാനത്തെ തൂത്തെറിഞ്ഞ്, പകരം ഉല്പാദനോപാധികളുടെ ഉടമസ്ഥത സ്വകാര്യമേഖലയിൽ നിന്നും പൊതുഉടമസ്ഥതയിലേക്ക് മാറ്റണം. ഇവിടെ മുതലാളിത്തത്തിൽ നിന്നും വ്യത്യസ്ഥമായി, ലാഭം പരമാവധി നേടുക എന്ന ലക്ഷ്യത്തോടെയുള്ള ഉല്പാദനത്തിനു പകരം, സമൂഹത്തിന്റെ വളരുന്ന ഭൗതിക-ആത്മീയ ആവശ്യങ്ങൾ നിറവേറ്റി അതിലൂടെ ദളിതരുടേതടക്കമുള്ള നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്ന ഉല്പാദനം പകരം വെക്കണം. ഇതിനായി രാജ്യവ്യാപകമായി നീറുന്ന ജീവൽപ്രശ്നങ്ങൾ പരിഹരിക്കുവാനായി, പ്രത്യേകിച്ചും എല്ലാവർക്കും വിദ്യാഭ്യാസവും ജോലിയും ഉറപ്പാക്കാനുള്ള ആവശ്യങ്ങൾ മുൻനിർത്തി, ഒരു ശക്തവും സംഘടിതവുമായ ജനാധിപത്യ മുന്നേറ്റം ഉണ്ടാകണം. ദളിതരടക്കം സമാനതാത്പര്യങ്ങളുള്ള എല്ലാ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളേയും ഇതിൽ ഒരുമിച്ചണിനിരത്തണം. ഇങ്ങനെ, ഉയർന്ന സംസ്കാരത്തിലും ശരിയായ നേതൃത്വത്തിലും അധിഷ്ഠിതമായ ഒരു മുന്നേറ്റം വളർത്തിയെടുക്കുമ്പോൾ, സംവരണാനുകൂല-സംവരണവിരുദ്ധ മനോഭാവങ്ങൾ ഉപേക്ഷിക്കേണ്ടിവരികയും അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങളുടെ ഐക്യം പാറപോലെ ഉറയ്ക്കുകയും ചെയ്യും.

രാജ്യത്ത് സംവരണം അവതരിപ്പിച്ച സമയത്തും യഥാർത്ഥ മാർക്സിസ്റ്റ് ശക്തികൾ ഈ വസ്തുതകളൊക്കെ ചൂണ്ടിക്കാണിക്കുകയും, സംവരണത്തിന്റെ ഈ കുറിപ്പടി, ഉദ്ദേശിക്കുന്ന ജനവിഭാഗങ്ങൾക്ക് യാതൊരു ആശ്വാസവും കൊണ്ടുവരില്ലെന്നു മാത്രമല്ല, യഥാർത്ഥശത്രുവിനെ അവരിൽ നിന്നും മറച്ചുപിടിച്ച് ആശയക്കുഴപ്പത്തിലേക്കും നിരാശയിലേക്കും അവരെ വലിച്ചിഴയ്ക്കുകയും ചെയ്യുമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഭരിക്കുന്ന മുതലാളിത്തത്തിന്റെയും അവരുടെ പാദസേവകരുടെയും സത്യം മറയ്ക്കുവാൻ വേണ്ടിയുള്ള ആർപ്പുവിളികൾക്കിടയിൽ ആ ശബ്ദം മുങ്ങിപ്പോയി.

വർഗ്ഗവിഭജിതമായ നമ്മുടെ സമൂഹത്തിൽ, തൊഴിലാളി വർഗ്ഗ സമീപനമില്ലാതെയും അടിച്ചമർത്തപ്പെടുന്ന തൊഴിലാളി വർഗ്ഗത്തിനായി, വർഗ്ഗസമീപനത്തിൽ നിന്നും വർഗ്ഗ ആശയ-സംസ്കാരത്തിൽ നിന്നും മുന്നേറ്റം വളർത്തിയെടുക്കാതെയും, അതേസമയം തന്നെ ഈ മുന്നേറ്റങ്ങളെ നയിക്കാൻ യഥാർത്ഥ തൊഴിലാളിവർഗ്ഗ പാർട്ടിയെ വളർത്തി ശക്തിപ്പെടുത്താതെയും, ദളിതരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ലയെന്നും അംഗീകരിക്കേണ്ട സമയമായി. അവസാനം വരേയും ആത്മാർത്ഥമായി ഉറച്ചു നിൽക്കുന്ന ഒരു യഥാർത്ഥ വിപ്ലവ തൊഴിലാളിവർഗ്ഗ പാർട്ടി ഉണ്ടാകണമെന്നത് വിട്ടുപോകാൻ പാടില്ല. ഈ പ്രധാനകാര്യം അവഗണിച്ചാൽ വേണ്ട പരിഹാരം ഒരിക്കലും ഉണ്ടാകില്ല.

### വിപ്ലവത്തിലൂടെ മുതലാളിത്തത്തെ പിഴുതെറിയുന്നതാണ് പ്രശ്നത്തിന്റെ പരിഹാരം

ഇതു വരെയുള്ള ചർച്ചയിൽ നിന്നും നാം കണ്ടത് യഥാർത്ഥത്തിൽ രണ്ട് പ്രശ്നങ്ങളുണ്ടെന്നാണ്. ഒന്ന് അടിസ്ഥാനകാരണമായ മുതലാളിത്തത്തിൽ നിന്നും വരുന്നത്. എല്ലാ പരിധികളും ലംഘിച്ച് വളരുന്ന ദളിതർക്കു മേലുള്ള കടന്നുകയറ്റം. ഒപ്പം, സംവരണം നൽകണോ വേണ്ടയോ എന്ന പേരിൽ ദളിതരുടെ ആവശ്യങ്ങൾക്കു മേലുള്ള മുന്നേറ്റം താറുമാറാക്കപ്പെടുന്നു. എല്ലാ തരത്തിലും പെട്ട രാഷ്ട്രീയകക്ഷികളൊക്കെ തന്നെ പരിതാപകരമായ വോട്ട് ബാങ്ക് രാഷ്ട്രീയമാണ് പിന്തുടരുന്നത്. വർഗ്ഗചൂഷണത്തിലും ഭരണത്തിലും വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതാണ് പ്രശ്നമെന്ന സത്യം വെള്ള പൂശി മറയ്ക്കപ്പെടുന്നു. ഒരേയൊരു മറുമരുന്ന് ജനങ്ങളെ സത്യത്തെക്കുറിച്ചു ബോധവാന്മാരാക്കുക എന്നതാണ്.

വീണ്ടും ആവർത്തിക്കട്ടെ, ദളിതരും മറ്റുള്ളവരും അടക്കം അധ്വാനിക്കുന്ന എല്ലാ ജനങ്ങളും ഉൾക്കൊള്ളുന്ന, മാർക്സിസം-ലെനിനിസത്തിന്റെ ഉന്നതമായ ആശയത്തിൽ അധിഷ്ഠിതമായി, തൊഴിലാളിവർഗ്ഗ സംസ്കാരം-നൈതികത-സദാചാരത്തിന്റെ മഹാസൗധത്തിനുമേൽ, യുക്തിപരമായ മനോഭാവത്താലും ശാസ്ത്രീയ രീതിയിലുള്ള വിശകലനത്താലും പ്രചോദിതമായ ഒരു സംഘടിത മുന്നേറ്റത്തിനു തുടക്കം കുറിക്കാതെ, അങ്ങേയറ്റം സഹിക്കേണ്ടി വരുന്ന ദളിതരടക്കം, അടിച്ചമർത്തപ്പെടുന്ന ദശലക്ഷങ്ങൾക്ക് തങ്ങളുടെ മോശമായ സാഹചര്യങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല. അതു വരേക്കും, മുതലാളിത്തം അധികാരത്തിലിരിക്കുന്ന കാലത്തോളം, ഭീകരമായ മുതലാളിത്ത സാമ്പത്തിക-സാമൂഹിക-സാംസ്കാരിക ചൂഷണം, ഒരു പക്ഷേ വർധിതമായി തന്നെ നിലനിൽക്കാം. ഒപ്പം ദളിത് വിഷയത്തിലുള്ള സവിശേഷപ്രശ്നങ്ങളും. ചൂഷിത ജനസമൂഹങ്ങളുടെ മുഖത്തേക്ക് തീവ്രയാഥാർത്ഥ്യങ്ങൾ തുറിച്ചു നോക്കുകയാണ്. അതാവശ്യപ്പെടുന്നത്, അവർ സത്യത്തെ തിരിച്ചറിഞ്ഞ്, ശരിയായ നടപടിക്കായി, ശരിയായ നേതൃത്വത്തിനു കീഴിൽ, എല്ലാത്തരം തടസ്സങ്ങളും, ഭിന്നിപ്പിക്കുന്ന പിന്തിരിപ്പൻ ആശയങ്ങളും ചിന്തകളും തള്ളിക്കളഞ്ഞ്, ധൈര്യസമേതം ഉയർന്നെഴുന്നേൽക്കണമെന്നാണ്. ഇങ്ങനെ ഉയർന്ന നൈതികതയിലും സദാചാരബോധത്തിലും അധിഷ്ഠിതമായ, മുതലാളിത്ത വിരുദ്ധ വിപ്ലവമുന്നേറ്റത്തിന് അനുഗുണമായ ശരിയായ രാഷ്ട്രീയലൈൻ അടിസ്ഥാനമാക്കിയ, നിരന്തരവും ശക്തവുമായ ജനാധിപത്യമുന്നേറ്റത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിൽ മാത്രമേ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും തൊഴിലാളിവർഗ്ഗത്തിനുമിടയിലുള്ള എല്ലാത്തരം കൃത്രിമ വേർതിരിവുകളും തുടച്ചുമാറ്റപ്പെടുകയുള്ളൂ. അവരുടെ സഹോദരതുല്യമായ പോരാട്ട ഐക്യം അരക്കിട്ടുറപ്പിക്കപ്പെടും. ജനങ്ങളെ ഭിന്നിപ്പിക്കുന്ന, വഞ്ചനയുടെ കളി കളിക്കുന്ന ഭരണമുതലാളിവർഗ്ഗത്തിന്റെയും അവരുടെ കൂട്ടാളികളുടെയും നട്ടെല്ലിലൂടെ ആ ഐക്യം കൊള്ളിമീൻ പായിക്കും.

# അന്തർ–സംസ്ഥാന നദീജല തർക്കം പരിഹരിക്കാത്തത് ആരുടെ താല്പര്യാർത്ഥം?

**നിരവധി നദികളുള്ള നാട്ടിൽപോലും മഴകുറഞ്ഞ് ജലക്ഷാമം അനുഭവപ്പെടുമ്പോൾ നദീജലം പങ്കുവയ്ക്കുന്നത് വലിയ വൈകാരിക പ്രശ്നമായി മാറുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കത്തിനുപോലും ഇതിടയാക്കുന്നു. സിന്ധുനദിയുടെ കാര്യത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലും ബ്രഹ്മപുത്രയുടെ കാര്യത്തിൽ ഇന്ത്യയും ചൈനയും തമ്മിലും ഇത്തരം തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്. കുടിവെള്ളമായാലും കൃഷിക്കുള്ള വെള്ളമായാലും അത്യന്താപേക്ഷിതമായ ജീവിതാവശ്യം എന്ന നിലയിൽ ഇത്തരം പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ചില്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഒരു വൈകാരിക പ്രശ്നമാക്കി വളർത്തിയെടുക്കാനും പരസ്പരം ആക്രമിക്കാനുമൊക്കെ വളരെ എളുപ്പമുള്ള കാര്യമാണിത്. കാവേരി നദിയിലെ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് കർണാടകവും തമിഴ്നാടും തമ്മിലുണ്ടായ തർക്കങ്ങളും അതിന്റെ പേരിലുണ്ടായ അക്രമങ്ങളുമൊക്കെ ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല.**

ദിനംപ്രതി 12000 ഘനയടി വെള്ളം തമിഴ്നാടിന് കൊടുക്കാൻ സുപ്രീംകോടതി കർണാടകയോട് ആവശ്യപ്പെട്ടതോടെ സ്ഥാപിത താല്പര്യക്കാർ രംഗത്തെത്തി. നദീജലത്തർക്കം വീണ്ടും സജീവമാക്കി. ഒരു സംസ്ഥാനത്തെ ജനങ്ങൾ മറ്റേ സംസ്ഥാനത്തെ ജനങ്ങളെ ശത്രുതയോടെ വീക്ഷിക്കുന്ന സ്ഥിതി സംജാതമാക്കി. അക്രമത്തിൽ രണ്ട് മനുഷ്യജീവൻ നഷ്ടമായി. വസ്തുവകകൾക്കൊക്കെ വലിയ നാശനഷ്ടമുണ്ടായി. അക്രമികൾ അഴിഞ്ഞാടിയതോടെ ഐടി നഗരമായ ബാംഗ്ലൂർ ഒരു ദിവസം മുഴുവൻ അവരുടെ പിടിയിലായിരുന്നു. ഗവണ്മെന്റ് കണ്ണടച്ചു, പോലീസ് വെറും കാഴ്ചക്കാരായി നിന്നു. ഒടുവിൽ രാത്രിയായതോടെ സുരക്ഷാസേന ഇറങ്ങി. കർഫ്യൂ പ്രഖ്യാപിക്കപ്പെട്ടു. ചില സ്ഥലങ്ങളിൽ പിറ്റേന്നും കർഫ്യൂ തുടർന്നു. ഇതിന് മറുപടിയെന്നോണം തമിഴ്നാട്ടിലും സമാനമായ അക്രമങ്ങളുണ്ടായി. കർണാടകത്തിലുണ്ടായ അക്രമങ്ങളിലും ബസ്സിനും ട്രക്കിനുമൊക്കെ തീ വച്ചതിലും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. 'ജനങ്ങൾതന്നെ ജനങ്ങൾക്കെതിരെ' തിരിയുന്ന തരത്തിലാണ് ഇരുഗവണ്മെന്റുകളും പെരുമാറിയത്. ഈ ബൂർഷ്വാ ഗവണ്മെന്റുകൾ ജനങ്ങളെ ഇളക്കിവിടാൻ പാകത്തിൽ വാദഗതികൾ മുന്നോട്ടുവയ്ക്കുകയും പ്രസ്താവനകൾ ഇറക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനാൽ വികാരത്തിനടിപ്പെടാതെ, നിഷ്പക്ഷമായി ഈ വിഷയം വിശകലനം ചെയ്യേണ്ടതുണ്ട്.

സ്വാതന്ത്ര്യം കിട്ടി 69 വർഷം കഴിഞ്ഞിട്ടും ജലത്തിന്റെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ സാധ്യമായിട്ടില്ല എന്നതും തർക്കം പരിഹരിക്കാൻ കോടതികളെ ആശ്രയിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു എന്നതും ഗൗരവമായി കാണേണ്ടതുണ്ട്. എന്തായാലും, ഇതുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ ചുരുക്കത്തിൽ പരിശോധിക്കാം. നമ്മുടെ രാജ്യം ജലവിഭവത്താൽ സമ്പന്നമാണെങ്കിലും ഇത് ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി ദേശീയതലത്തിൽ സമഗ്രമായ ഒരു നയം ആവിഷ്കരിക്കുന്നതിൽ മാറിമാറി കേന്ദ്രം ഭരിച്ച ഗവണ്മെന്റുകൾ പരാജയപ്പെടുകയാണുണ്ടായതെന്ന് പറയേണ്ടിയിരിക്കുന്നു. ഡാമുകളുടെ തെറ്റായ ആസൂത്രണം, വൃഷ്ടിപ്രദേശത്തുള്ള വനനശീകരണം, റിസർവോയറിൽ എക്കൽ അടിയൽ, വേനൽക്കാലത്ത് റിസർവോയറിൽ വെള്ളം വറ്റുന്ന സ്ഥിതി, മഴക്കാലത്ത് ഡാം തുറന്നുവിടുന്നതുവഴിയുണ്ടാകുന്ന ദുരന്തങ്ങൾ, ഭൂഗർഭജലം അമിതമായി ചൂഷണംചെയ്യുന്ന സാഹചര്യം തുടങ്ങി നിരവധി പ്രശ്നങ്ങളാണ് ഇതിന്റെ ഫലമായി ഉണ്ടാകുന്നത്. സംസ്ഥാനങ്ങൾ തമ്മിൽ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങളിലേയ്ക്കാണ് ഇത് നയിക്കുന്നത്. കാവേരി നദീജല തർക്കം ഒരു ഒറ്റപ്പെട്ട വിഷയമല്ല, പലപ്പോഴായി പല പ്രശ്നങ്ങളും പൊന്തിവന്നെങ്കിലും അവയ്ക്കൊന്നും ഒരു പരിഹാരവും ഉണ്ടായിട്ടില്ല. പഞ്ചാബും ഹരിയാനയും തമ്മിൽ രവി, ബിയാസ് നദികളിലെ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ചുണ്ടായ തർക്കം, മഹാരാഷ്ട്രയും ആന്ധ്രയും ഛത്തീസ്ഗഢും ഒഡീഷയും തമ്മിൽ ഗോദാവരി നദിയിലെ വെള്ളം പങ്കിടുന്നത് സംബന്ധിച്ചുണ്ടായ തർക്കം, മഹാരാഷ്ട്രയും കർണാടകയും ആന്ധ്രയും തെലങ്കാനയും തമ്മിൽ കൃഷ്ണ നദിയിലെ വെള്ളം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ തർക്കങ്ങൾ തുടങ്ങിയവയൊക്കെ ഇവയിൽ ചിലതാണ്. ജലം കൈകാര്യം ചെയ്യുന്നതിന് ശാസ്ത്രീയവും സമഗ്രവുമായ ഒരു ദേശീയനയം അനിവാര്യതയാണ് എന്നതാണ് ഇതെല്ലാം കാണിക്കുന്നത്. ജനങ്ങളുടെ കുടിവെള്ളത്തിന്റെയും കൃഷിക്കാവശ്യമായ വെള്ളത്തിന്റെയും ആവശ്യകത മുൻനിർത്തിയായിരിക്കണം ഇത്തരമൊരു നയം രൂപകല്പന ചെയ്യാൻ. വെള്ളം പങ്കുവയ്ക്കുന്ന വിഷയം മാത്രമല്ല അതിന്റെ പരിധിയിൽ വരേണ്ടത്. വൃഷ്ടിപ്രദേശത്തെ വനവൽക്കരണം, നീതിപൂർവ്വകമായ ഭൂമി ഉപയോഗം, മഴക്കൊയ്ത്ത്, ഭൂമിയിൽ ആവശ്യമായ വിധത്തിൽ ജലം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ, മറ്റ് ജലസംഭരണ പദ്ധതികൾ തുടങ്ങിയവയൊക്കെ ഉൾപ്പെടുമ്പോഴേ ആ നയം സമഗ്രമാകൂ. എന്നാൽ കോൺഗ്രസ്സാകട്ടെ, ബിജെപിയാകട്ടെ, ഒരു കേന്ദ്ര ഗവണ്മെന്റും അത്തരമൊരു നയം രൂപീകരിക്കാൻ ഇന്നേവരെ മുന്നോട്ടുവന്നിട്ടില്ല. കാവേരി പ്രശ്നം ചർച്ച ചെയ്യുന്നതിനുമുമ്പ് ഒരുകാര്യം തുടക്കത്തിലേ മനസ്സിലാക്കണം. ജലതർക്ക പരിഹാര കോടതി 2007ൽ ഈ വിഷയത്തിൽ അന്തിമവിധി പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം കർണാടക, തമിഴ്നാട്, കേരളം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ജലവിഹിതം കൃത്യമായി നിർവ്വചിച്ചിരുന്നു. നദിയുടെ നല്ലൊരു പങ്ക് കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലായതിനാൽ അവർ തമ്മിലായിരുന്നു പ്രധാന തർക്കം. എന്നാൽ, ഈ ട്രിബ്യൂണൽ വിധി ഇരുകൂട്ടർക്കും തൃപ്തികരമായില്ലെന്നു മാത്രമല്ല പ്രശ്നപരിഹാരത്തിന് ഉതകിയതുമില്ല. ഈ വർഷം ഇരുസംസ്ഥാനത്തും മഴ കുറവായിരുന്നത് പ്രശ്നം കൂടുതൽ സങ്കീർണമാക്കി. ഇരു സംസ്ഥാനങ്ങളിലെയും ഗവണ്മെന്റുകൾ ജനാനുകൂലമായ കാഴ്ചപ്പാടോടെ ചർച്ച നടത്തുകയും ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് രമ്യമായ പരിഹാരമുണ്ടാക്കാവുന്നതേയുള്ളൂ. ജലം സംഭരിക്കുന്നതിനും അത് കൈകാര്യം ചെയ്യുന്നതിനും ഭൂമിയുടെ നീതിപൂർവ്വകമായ ഉപയോഗത്തിനുമൊക്കെ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നമ്മുടേത് ഒരു ഫെഡറൽ സംവിധാനമായതുകൊണ്ട് തർക്കങ്ങൾ ഉണ്ടാകുമ്പോൾ കേന്ദ്രഗവണ്മെന്റ് യഥാസമയം ആവശ്യമായ ഇടപെടൽ നടത്തുകയും രമ്യമായ പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്. പ്രശ്നം എത്ര കീറാമുട്ടിയായി തോന്നിയാലും 95% ജനങ്ങളുടെയും താല്പര്യം ഒന്നുതന്നെയാണ്. അവർ ഏത് സംസ്ഥാനക്കാരായാലും ഏത് ജാതിക്കാരായാലും ഭാഷക്കാരായാലും അവരുടെ താല്പര്യം ഒന്നുതന്നെയായിരിക്കും. പരസ്പരം മത്സരിക്കുന്ന ബൂർഷ്വാ പാർട്ടികളും സുത്രശാലികളായ മാദ്ധ്യമങ്ങളുമൊക്കെ അവതരിപ്പിക്കുന്നതുപോലെ അത് പരസ്പര ശത്രുതയിലധിഷ്ഠിതമായിരിക്കില്ല. എല്ലാവർക്കും വെള്ളം വേണം. ആർക്കും അത് നിഷേധിക്കേണ്ടതില്ല. ഒരു കൂട്ടർക്ക് കിട്ടുമ്പോൾ മറ്റേ കൂട്ടർക്ക് നിഷേധിക്കപ്പെടും എന്ന രീതിയിലാണ് ഇപ്പോൾ വിഷയം അവതരിപ്പിക്കപ്പെടുന്നത്. ജനങ്ങളുടെ ഈ ആവശ്യകത പൂർത്തീകരിക്കാനുള്ള മാർഗം കണ്ടെത്തുക എന്നതാണ് പ്രധാനം. ജല ലഭ്യതയ്ക്കുള്ള മറ്റ് ശാസ്ത്രീയ മാർഗങ്ങളും അവലംബിക്കണം. എവിടെയും ഒരു ജനാനുകൂല സമീപനം മുറുകെപ്പിടിക്കുകയും വേണം. വെള്ളത്തിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കി, പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതോടൊപ്പം ജനങ്ങളിൽ ശാസ്ത്രീയ മനോഭാവവും ഒത്തൊരുമയും വളർത്തിയെടുക്കുകയും ഒരു ഉയർന്ന സംസ്കാരത്താൽ അവരെ സ്വാധീനിക്കുകയും ചെയ്താൽ ഈ പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിയും. എന്നാൽ, തമ്മിലടിക്കുന്ന സംസ്ഥാനങ്ങൾ ഇതുവരെ അതിന് തയ്യാറായിട്ടില്ല. കേന്ദ്രഗവണ്മെന്റാകട്ടെ, വ്യത്യസ്ത സ്ഥലങ്ങളിൽ ജലത്തിന്റെ ഒഴുക്ക് കൃത്യമായി കണക്കാക്കുന്നതിനും ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതികകാര്യങ്ങൾ ചെയ്യുന്നതിനുമായി കാവേരി മാനേജ്മെന്റ് ബോർഡിനോ കാവേരി റെഗുലേറ്ററി അതോറിറ്റിക്കോ രൂപം കൊടുക്കാൻ മെനക്കെട്ടതുമില്ല. നേരെമറിച്ച്, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ്, എഐഎഡിഎംകെ സർക്കാരുകൾ പരസ്പരം തർക്കിക്കുന്നതിനും ഒരിഞ്ചുപോലും വിട്ടുവീഴ്ചക്ക് തയ്യാറാകാതെ സ്വന്തം നിലപാടുകളെ മുറുകെ പിടിക്കുന്നതിനും അവയെ ന്യായീകരിക്കാൻ പോന്ന വസ്തുതകൾ തെരഞ്ഞുപിടിച്ച് അവതരിപ്പിച്ചുകൊണ്ട് പരസ്പരം അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനും മാത്രമാണ് ശ്രമിച്ചുകൊണ്ടിരുന്നത്. ഇരുഗവണ്മെന്റുകളും മറുവശത്തുള്ള ജനങ്ങളുടെ ആവശ്യകതകൾ മനസ്സിലാക്കാതെ ആവശ്യങ്ങൾ ഉന്നയിക്കുകയും നടപടികളെടുക്കുകയുമാണ് ചെയ്യുന്നത്. എന്നിട്ട് നഷ്ടപരിഹാരത്തിനായി സുപ്രീം കോടതിയെ സമീപിക്കുന്നു. ജനങ്ങളുടെ ഐക്യത്തിന് ഇതുമൂലം വമ്പിച്ച ഹാനിവരുത്തിവയ്ക്കുകയാണ്. തമിഴ്നാട്ടിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും കർണാടകത്തിലെ അസംബ്ലി തെരഞ്ഞെടുപ്പും മുന്നിൽക്കണ്ട് ജനതാല്പര്യത്തിന്റെ സംരക്ഷകരായി ചമഞ്ഞ്, ജനങ്ങളിൽ പ്രാദേശികവും സങ്കുചിതവുമായ വികാരങ്ങൾ ഇളക്കിവിടുകയും അവരെ പരസ്പരം പോരടിപ്പിക്കുകയുമാണ് ഇരുഗവണ്മെന്റുകളും ചെയ്യുന്നത്. ഭരിക്കുന്നവർ മാത്രമല്ല, എല്ലാ ബൂർഷ്വാ, പെറ്റിബൂർഷ്വാ, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും ഇക്കാര്യത്തിൽ മുതലെടുപ്പിനായി ഇറങ്ങിയിരിക്കുയാണ്. ജനങ്ങളിൽ പ്രാദേശിക വികാരം വളർത്തിയെടുക്കാനും ഇതുപോലൊരു വൈകാരിക പ്രശ്നത്തിൽ ഒരു കൂട്ടരെ മറ്റേ കൂട്ടർക്കെതിരായി അണിനിരത്താനുമായി ഏകപക്ഷീയമായി കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഒരു വിഭാഗം മാദ്ധ്യമങ്ങളും ഈ ഗൂഢാലോചനയിൽ പങ്കുചേർന്നിരിക്കുന്നു. ഇതിൽ പ്രാദേശിക മാദ്ധ്യമങ്ങൾ മാത്രമല്ല, ദേശീയമെന്ന് അവകാശപ്പെടുന്നവർ പോലുമുണ്ട്. എന്നാൽ ഇതിലെവിടെയാണ് ജനതാല്പര്യം? വളരെ മുമ്പ്, 1991 ൽ കാവേരിപ്രശ്നത്തിന്റെ പേരിൽ അക്രമം പൊട്ടിപ്പുറപ്പെട്ടപ്പോൾ നമ്മുടെ പാർട്ടി എസ്‌യുസിഐ(സി)യുടെ കർണാടക, തമിഴ്നാട്, കേരള സംസ്ഥാന കമ്മിറ്റികൾ സംയുക്തമായി ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. അതിൽ ഇപ്രകാരം പറയുന്നു: "കാവേരി ജലത്തെ പരമ്പരാഗതമായി ആശ്രയിക്കുന്ന ദരിദ്ര, ഇടത്തരം കർഷകരുടെ താല്പര്യത്തിന് തുരങ്കം വയ്ക്കാനോ, ഗവണ്മെന്റുകൾ മതിയായ ജലസേചന സൗകര്യങ്ങൾ ഒരുക്കാത്തതുമൂലം കാവേരിജലം ഉപയോഗിക്കാൻ കഴിയാതെ പോകുന്ന ദരിദ്ര, ഇടത്തരം കർഷകരുടെ താല്പര്യം വിസ്മരിക്കാനോ പാടില്ലെന്ന ശക്തമായ അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഇരുവിഭാഗം ജനങ്ങളുടെയും താല്പര്യം മുൻനിർത്തി, നിഷ്പക്ഷമായ ഒരു വിദഗ്ദ്ധ സമിതിയുടെ, മുൻവിധിയില്ലാത്തതും ശാസ്ത്രീയവുമായ കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തി രമ്യമായ ഒരു പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഇതിന് ഒട്ടും കാലവിളംബം ഉണ്ടായിക്കൂടാ. ഇരുസംസ്ഥാനങ്ങളുടെയും ആവശ്യകത പൂർത്തീകരിക്കാൻ കാവേരി ജലം പര്യാപ്തമല്ലെന്നുകണ്ടാൽ ഭൂഗർഭജലം ഉപയോഗപ്പെടുത്തുന്നതുൾപ്പെടെയുള്ള ബദൽ മാർഗങ്ങൾ ഗൗരവപൂർവ്വം ആരായുകയും വേണം." 2007 മേയ് 1ന്റെ 'പ്രോലിറ്റേറിയൻ ഇറ' യിൽ ഇക്കാര്യം ഞങ്ങൾ ആവർത്തിച്ച് ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

നിലനിൽക്കുന്ന മുതലാളിത്ത സംവിധാനത്തിൽനിന്ന് അടർത്തി മാറ്റി, അന്തർ സംസ്ഥാന നദീജല തർക്കംപോലുള്ള വിഷയങ്ങൾ പരിശോധിക്കുകയാണെങ്കിൽ, വിഷയം ശരിയായി മനസ്സിലാക്കാനോ വിശകലനം ചെയ്യാനോ നമുക്കാവില്ല. മുതലാളിത്തം അതിന്റെ ചൂഷണസ്വഭാവംകൊണ്ടുതന്നെ, നിരന്തരം വർദ്ധിച്ചുവരുന്ന പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണിന്ന്. ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളിൽനിന്ന് അവരുടെ ശ്രദ്ധതിരിക്കാനുള്ള തത്രപ്പാടിൽ, അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങൾക്കിടയിൽ അത് അനൈക്യവും ശത്രുതയുമൊക്കെ വളർത്തിയെടുക്കുന്നു. മുതലാളിവർഗ്ഗം ജനങ്ങളുടെ ഐക്യത്തെ അങ്ങേയറ്റം ഭയക്കുന്നു. വിവിധ സംസ്ഥാനങ്ങളിലുള്ള വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങൾ കാര്യങ്ങൾ മനസ്സിലാക്കി ഒന്നിച്ചാൽ കാലഹരണപ്പെട്ടതും ജീർണ്ണവുമായ ഈ വ്യവസ്ഥയ്ക്കെതിരായ ശക്തമായ ജനാധിപത്യ പ്രക്ഷോഭത്തിൽ അവർ അണിനിരക്കുമെന്നും അത് സ്വന്തം നാശം ഉറപ്പാക്കുമെന്നും മുതലാളിവർഗ്ഗത്തിന് നന്നായറിയാം. അതുകൊണ്ടാണ്, മുതലാളിവർഗ്ഗ സേവ നടത്തുന്ന ഗവണ്മെന്റുകൾ പ്രശ്നങ്ങളും തർക്കങ്ങളുമൊന്നും പരിഹരിക്കാതെ നിലനിർത്തി, ജനങ്ങളിൽ അനൈക്യം വിതച്ചുകൊണ്ട് മുതലാളിത്തസംവിധാനത്തിന്റെ അതിജീവനം ഉറപ്പാക്കാൻ ശ്രമിക്കുകയും അതിലൂടെ സ്വന്തമായി നേട്ടങ്ങളുണ്ടാക്കുകയും ചെയ്യുന്നത്. കർണാടക, തമിഴനാട് ഗവണ്മെന്റുകൾ അതാത് സംസ്ഥാനങ്ങളിൽ ജനതാല്പര്യത്തിന്റെ സംരക്ഷകരായി മേനി നടിക്കുകയാണ്. എന്നാൽ ഇതേ ഗവണ്മെന്റുകൾ തന്നെയാണ് കുത്തകാനുകൂലവും ജനവിരുദ്ധവുമായ ആഗോളീകരണ നയങ്ങൾ നിർദ്ദാക്ഷിണ്യം നടപ്പിലാക്കുന്നത് എന്നകാര്യം ആർക്കും മറക്കാനാവില്ല. ചൂഷിത ജനതയെ വൻതകർച്ചയിലേയ്ക്ക് തള്ളിയിട്ടുകൊണ്ട് കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും ഏതു പാർട്ടി ഭരിക്കുമ്പോഴും ഇതേ നയങ്ങൾ തന്നെയാണ് നടപ്പിലാക്കുന്നത്.

മനുഷ്യന്റെ അറിവ് വളരുകയും സാങ്കേതിക വിദ്യ വികസിക്കുകയും ചെയ്യുമ്പോൾ ഉപയോഗിക്കാതെകിടക്കുന്ന ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്താനും ഭൂഗർഭജലം കുറയാതെ നോക്കാനും ഫലപ്രദമായി ജലം കൈകാര്യം ചെയ്യാനുമൊക്കെ സാധിക്കും. ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് അതിലൂടെ പരിഹാരം കണ്ടെത്താനും കഴിയും. എന്നാൽ മുതലാളിത്ത ഭരണാധികാരികൾ ഈ പ്രശ്നം പരിഹരിക്കാൻ ആഗ്രഹിക്കുന്നില്ല. അവ രിതെല്ലാം പരിഹരിക്കാതെ അവശേഷിപ്പിക്കുകയും ജനങ്ങളെ ഭിന്നിപ്പിക്കാനായി ആവശ്യം വരുമ്പോൾ കുത്തിപ്പൊക്കുകയും ചെയ്യും. ഇനി പരിഹാരത്തിന് എപ്പോഴെങ്കിലും ശ്രമിച്ചാൽത്തന്നെ അത് സാദ്ധ്യമാകുകയുമില്ല. അവരുടെ സഹജമായ ജനവിരുദ്ധ സ്വഭാവം, അഴിമതി,

(ശേഷം 16-ാം പേജിൽ)

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/11/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.7
Price : Rs 5.00
November 2016

## ഇൻഷുറൻസ് പരിരക്ഷയല്ല, എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തണം

# മെഡിക്കൽ സർവ്വീസ് സെന്റർ 6-ാമത് അഖിലേന്ത്യാ സമ്മേളനം




**മെഡിക്കൽ സർവ്വീസ് സെന്റർ ആറാം അഖിലേന്ത്യാ സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട അഖിലേന്ത്യാ കമ്മിറ്റിയംഗങ്ങൾ നേതാക്കൾക്കൊപ്പം വേദിയിൽ**

**ഇ**ൻഷുറൻസ് പരിരക്ഷയല്ല, എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുകയാണ് വേണ്ടത്-അത് അവകാശമാണ് എന്ന മുദ്രാവാക്യത്തിൽ സംഘടിക്കാൻ ഏവരോടും ആഹ്വാനം ചെയ്തുകൊണ്ട് മെഡിക്കൽ സർവ്വീസ് സെന്റർ (എംഎസ്‌സി) 6-ാം മത് അഖിലേന്ത്യാ സമ്മേളനം നടത്തി. ഒക്ടോബർ 15,16,17 തീയതികളിൽ ഹരിയാനയിലെ റോത്തക്കിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ കോളേജിൽ (പിജിഐഎംഎസി)വച്ചു നടന്ന സമ്മേളനം സ്ഥാപനത്തിന്റെ ഡയറക്ടർകൂടിയായ ഡോ.രാകേഷ് ഗുപ്ത ഉദ്ഘാടനം ചെയ്തു. പിജിഐഎംഎസി വൈസ്ചാൻസലർ പ്രൊഫ. ഒ.പി. കൽറ സമ്മേളനത്തിന്റെ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിച്ചു.

ജനാനുകൂലമായ ശാസ്ത്രീയ ആരോഗ്യനയം നടപ്പിലാക്കുക, ആരോഗ്യമേഖലയുടെയും മെഡിക്കൽ വിദ്യാഭ്യാസത്തിന്റെയും സ്വകാര്യവത്കരണവും കച്ചവടവൽക്കരണവും അവസാനിപ്പിക്കുക, ജനവിരുദ്ധമായ ആരോഗ്യനയം 2015 പിൻവലിക്കുക, കേന്ദ്ര ബഡ്ജറ്റിന്റെ 10% വീതം ആരോഗ്യത്തിനും ആരോഗ്യവിദ്യാഭ്യാസത്തിനും വകയിരുത്തുക, ഗുണനിലവാരമുള്ള മരുന്നും മെഡിക്കൽ പരിശോധനാ ഉപകരണങ്ങളും സാധാരണക്കാരന് പ്രയോജനപ്പെടുന്ന തരത്തിൽ പൊതുമേഖലയിൽ ഉറപ്പുവരുത്തുക, ആരോഗ്യമേഖലയിലെ ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും ശാസ്ത്രീയമായും കാലോചിതമായും നടപ്പിലാക്കുക, ആരോഗ്യസംരക്ഷണം മൗലികാവകാശമായി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ടാണ് ആരോഗ്യരംഗത്തെ എല്ലാവിഭാഗം ജീവനക്കാരും മെഡിക്കൽ വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഇൻഡ്യയിലെ ഏക സംഘടനയായ മെഡിക്കൽ സർവ്വീസ് സെന്റർ ആറാമത് അഖിലേന്ത്യാ സമ്മേളനം നടത്തിയത്.

രാജ്യത്തെ 17 സംസ്ഥാനങ്ങളിൽ നിന്നും ആൻഡമാൻ-നിക്കോബാർ, ചണ്ഡിഗഡ് എന്നീ കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നുമായി അഞ്ഞൂറിലേറെ പ്രതിനിധികളും നേപ്പാൾ, ബംഗ്ലാദേശ്, അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള സൗഹാർദ്ദ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

15-ാം തീയതി രാവിലെ സമ്മേളന ഹാളിനുമുന്നിൽ എംഎസ്‌സിയുടെ കേന്ദ്ര അഡ്വൈസറി ബോർഡംഗം ഡോക്ടർ സുഭാഷ് ചന്ദ്ര ചക്രവർത്തി പതാകയുയർത്തിക്കൊണ്ട് സമ്മേളന നടപടികൾക്ക് ഔപചാരികമായ തുടക്കം കുറിച്ചു.

പ്രതിനിധി സമ്മേളനത്തിനു പുറമേ, മെഡിക്കൽ രംഗത്തെ വിവിധ വിഷയങ്ങളിൽ മേൽ നടന്ന സെമിനാറുകളിൽ പോസ്റ്റ്ഗ്രാജ്വേറ്റ് മെഡിക്കൽ കോളേജിലെ അറുപതിൽപരം ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും പങ്കെടുത്തു. ആരോഗ്യരംഗത്ത് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയതിലൂടെ ലോകത്തൊരിടത്തും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ലെന്നും അത് ഒരു പരിഹാരമല്ലെന്നും ഇന്റർനാഷണൽ സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

എംഎസ്‌സിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യപ്രവർത്തകർ ഒക്ടോബർ 17 ന് പാർലമെന്റിലേക്ക് മാർച്ച് നടത്തി. ജനാനുകൂലമായ ആരോഗ്യനയം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു ശേഖരിച്ച ഒപ്പുകളടങ്ങിയ ഭീമഹർജി പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. കേരളത്തിൽ നിന്നും ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും ആരോഗ്യപ്രവർത്തകരുമടങ്ങുന്ന പ്രതിനിധി സംഘത്തെ മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.ഹരിപ്രസാദ് നയിച്ചു. പ്രമുഖ ശാസ്ത്രജ്ഞനായ ഡോ. വിനായക നർലിക്കർ പ്രസിഡന്റായും ഡോക്ടർ ബിൻജൻ കുമാർ ബേറ ജനറൽ സെക്രട്ടറിയായും (കേരളത്തിൽ നിന്നും ഡോ.ഹരിപ്രസാദ്, ഡോ.പി.എസ്.ബാബു, ഡോ.ഷഫീഖ് എന്നിവർ ഉൾപ്പെടുന്ന) 60 അംഗ കമ്മിറ്റിയെ സമ്മേളനം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ○

# എഐകെകെഎംഎസ് അഖിലേന്ത്യാ സമ്മേളനം

**ആ**ൾ ഇന്ത്യാ കൃഷക് ഖേദ് മസ്ദൂർ സംഘടന(എഐകെകെഎംഎസ്)യുടെ (കർഷക-കർഷകത്തൊഴിലാളി സംഘടന) രണ്ടാം അഖിലേന്ത്യാ സമ്മേളനം ഡിസംബർ 27,28 തീയതികളിലായി ഒറീസയിലെ ഭുവനേശ്വറിൽ വെച്ച് നടന്നു.

അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് സത്യവാൻ പതാക ഉയർത്തിക്കൊണ്ട് സമ്മേളനത്തിന് തുടക്കം കുറിച്ചു. തുടർന്ന് എഞ്ചിനീയേഴ്സ് ഇന്ത്യാ ഹാളിൽ നടന്ന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ അംഗം സഖാവ് അസിത് ഭട്ടാചാര്യ ഉദ്ഘാടനം ചെയ്തു. ബംഗ്ലാദേശ് സൗഹാർദ്ദപ്രതിനിധി സുഭാഷ് ചക്രവർത്തി, എഐകെകെഎംഎസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശങ്കർഘോഷ് എന്നിവർ പ്രസംഗിച്ചു.




**സമാപനയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് മുഖ്യപ്രസംഗം നടത്തുന്നു**

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് സമാപനസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. സഖാവ് സത്യവാൻ പ്രസിഡന്റും സഖാവ് ശങ്കർഘോഷ് സെക്രട്ടറിയുമായുള്ള അഖിലേന്ത്യാകമ്മിറ്റിയെ സമ്മേളനം ഐകകണ്ഠേന തെരഞ്ഞെടുത്തു. കേരളത്തിൽ നിന്നും സഖാവ് ജയ്സൺ ജോസഫ് അഖിലേന്ത്യാ സെക്രട്ടേറിയേറ്റിലേയ്ക്കും സഖാക്കൾ എൻ.വിനോദ്കുമാർ, പി.ആർ.സതീശൻ എന്നിവർ അഖിലേന്ത്യാ കൗൺസിലിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. ○

(15-ാം പേജിൽ നിന്ന്) **...അന്തർ സംസ്ഥാന നദീജല തർക്കം**

തെറ്റായ ആസൂത്രണം, ഉദ്യോഗസ്ഥ തലത്തിലെ പിടിപ്പുകേട്, സ്ഥാപിത താല്പര്യം, രാഷ്ട്രീയ ദുഷ്ടലാക്ക് എന്നിവയൊക്കെയാണ് അതിനുകാരണം.

ഗവണ്മെന്റുകൾ ആസൂത്രണം ചെയ്യുന്ന ഹീനമായ പദ്ധതികൾക്ക് ഇരയാകരുതെന്ന് കർണാടകത്തിലെയും തമിഴ്നാട്ടിലെയും ജനങ്ങളോട്, വിശേഷിച്ച് കർഷകരോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ബൂർഷ്വാ, പെറ്റിബൂർഷ്വാ, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളെല്ലാം ജീർണ്ണിച്ച ഈ മുതലാളിത്ത ചൂഷണവ്യവസ്ഥയുടെ ആയുസ്സ് നീട്ടിയെടുക്കാൻ വേണ്ടി പരിശ്രമിക്കുന്നവരാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട്, ജലവിനിയോഗത്തെ സംബന്ധിച്ചും വനവൽക്കരണത്തെ സംബന്ധിച്ചും നീതിപൂർവ്വകമായ ഭൂവിനിയോഗത്തെ സംബന്ധിച്ചുമൊക്കെയുള്ള ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ഒറ്റക്കെട്ടായി അവർ ആവശ്യപ്പെടേണ്ടത്. പരസ്പരം കലഹിക്കുന്നതിനുപകരം ഒരുമിച്ചുനിൽക്കുകയും ജനങ്ങളുടെ പൊതുവായ ഡിമാന്റ് നടപ്പിലാക്കിയെടുക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുമേൽ സമ്മർദ്ദം ചെലുത്തുകയുമാണ് ചെയ്യേണ്ടത്. ഇക്കാലമത്രയും ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് ഈ ജലം ഉപയോഗിക്കാൻ കഴിയാത്തവിധം ജനങ്ങളെ തമ്മിലടിപ്പിച്ച ഭരണവർഗ്ഗത്തിന്റെ ഗൂഢാലോചനയെ പരാജയപ്പെടുത്താൻ അവർ ഒന്നിക്കുകയാണ് വേണ്ടത്. ജനങ്ങൾക്ക് അവരുടെ ചങ്ങലകൾ ഭേദിച്ച്, അസഹനീയവും അപമാനകരവുമായ സാഹചര്യങ്ങളിൽനിന്ന് പുറത്തുകടക്കണമെങ്കിൽ ഐക്യം - ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ഐക്യം - പരമപ്രധാനമാണ്. ജനങ്ങൾ നിരാശരാകാതെ, ജീർണ്ണമായ തെരഞ്ഞെടുപ്പ് രാഷ്ട്രീയം നിരാകരിച്ച്, ഫലപ്രദമായ ജലവിഭവവിനിയോഗത്തിന്റെയും വനവൽക്കരണത്തിന്റെയും നീതിപൂർവ്വകമായ ഭൂവിനിയോഗത്തിന്റെയും ശാസ്ത്രീയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന ഡിമാന്റ് ഉയർത്തി മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അവരഭിലഷിക്കുന്ന വിമോചനത്തിലേയ്ക്ക് മുന്നേറണമെങ്കിൽ, ശരിയായ നേതൃത്വത്തിൻകീഴിൽ, ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈൻ പിന്തുടർന്ന് ഉന്നതമായ സംസ്കാരത്തെയും നൈതികതയെയും മുറുകെപ്പിടിക്കുന്ന വമ്പൻ ജനാധിപത്യ പ്രക്ഷോഭത്തിലൂടെ മാത്രമേ സാധിക്കൂ. മറ്റൊരു പോംവഴിയും അതിനില്ല. ○

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.